
# TAB
# Trichur Archdiocesan Bulletin

2021 മാർച്ച് വാല്യം: 88 ലക്കം: 03



ബെത്സൈദ: യേശു അന്ധനെ സുഖപ്പെടുത്തിയ സ്ഥലം
(BETHSAIDA JULIAS ON THE NORTH SHORE OF SEA OF GALILEE)

അന്ധനെ സുഖപ്പെടുത്തുന്നു (മാർക്കോ. 8:22-26)

# ആദരാഞ്ജലികൾ



## റവ. ഫാ. ജോസഫ് പുളിക്കൻ

**ജനനം : 16.04.1938**
**തിരുപ്പട്ടം : 11.03.1964**
**മരണം : 15.02.2021**




Trichur Archdiocesan Bulletin
TAB

**മാർച്ച് 2021**

ലക്കം:3 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


ARCHDIOCESE OF TRICHUR
ESTD:1934


| | |
|---|---|
| നോമ്പുകാലസന്ദേശം | 4 |
| സർക്കുലർ | 10 |
| കച്ചേരിക്കാര്യം | 14 |
| നാളാഗമം | 30 |
| നാമകരണ നടപടികൾ | 36 |
| ആദരാഞ്ജലികൾ | 40 |
| വൈദികർ | 42 |
| സന്യസ്തർ | 46 |
| സാമ്പത്തിക കാര്യാലയം | 51 |
| വിശ്വാസ പരിശീലനം | 53 |
| സ്ഥാപനങ്ങൾ | 59 |
| സംഘടനകൾ | 80 |

# പരിശുദ്ധ പിതാവ്
# ഫ്രാൻസിസ് പാപ്പായുടെ
# നോമ്പുകാലസന്ദേശം

Ref: 3445/K-5/KCBC/OL/DS 12.2.2021

**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ**
**2021–ലെ നോമ്പുകാലസന്ദേശം**

*"ഇതാ! നമ്മൾ ജറുസലേമിലേക്ക് പോകുന്നു"*
*(മത്താ 20:18)*

**നോമ്പ്: വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നവീകരണകാലം**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശു തന്റെ പിതാവിന്റെ അഭീഷ്ടനിർവ്വഹണമെന്നോണം അവിടുത്തെ ദൗത്യത്തിന്റെ ആഴമേറിയ അർത്ഥം ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തത് അവിടന്നു തന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോട് സംസാരിച്ചപ്പോഴാണ്. അതിൽപ്പിന്നെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി ആ ദൗത്യത്തിൽ പങ്കുചേരുവാൻ അവിടന്നു ശിഷ്യന്മാരെ വിളിച്ചത്.

ഉയിർപ്പുതിരുനാളിനെ ലക്ഷ്യംവച്ചുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ "മരണംവരെ, അതെ, കുരിശുമരണംവരെ, അനുസരണയുള്ളവനായി, തന്നെത്തന്നെ താഴ്ത്തിയവനെ (ഫിലി 2:8) നമുക്കു അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീക

രിക്കുകയും പ്രത്യാശയുടെ "ജീവജല" ത്തിൽനിന്നു പാനം ചെയ്യുകയും ക്രിസ്തുവിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം. ഉയിർപ്പിന്റെ ജാഗരണത്തിൽ നാം നമ്മുടെ ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് പുതുജന്മാനുഭവം കൈവരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലയാത്ര, ക്രിസ്തീയജീവിതം ഒരു മുഴുവൻ തീർത്ഥാടനമായിരിക്കുന്നതുപോലെ, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതവും ക്രിസ്തുവിന്റെ പിൻഗാമികളുടെ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്നതുമാണ്.

യേശു ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും (cf. മത്താ. 6:1–18) നമ്മുടെ മാനസാന്തരത്തെ സാധ്യമാക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്രത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശുസഹജമായ സംഭാഷണവും നമ്മുടെ നിഷ്ക്കപടമായ വിശ്വാസം, സജീവമായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവ ജീവിക്കുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

1. വിശ്വാസം, സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മുടെ എല്ലാ സഹോദരീസഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും, നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈ നോമ്പുകാലത്തിൽ, ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് പ്രഥമത: അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തിനു തുറന്നുകൊടുക്കുക എന്നതാണ്. ഇത് തിരുസ്സഭ തലമുറകൾ തോറും കൈമാറിപ്പോരുന്നതുമാണ്. ഈ സത്യം തെരഞ്ഞെടുക്കപ്പെട്ട ഏതാനും ബുദ്ധിമാന്മാർക്കായി മാത്രം കരുതിവച്ചിരിക്കുന്ന ഒരമൂർത്ത സങ്കല്പനമല്ല. മറിച്ച്, നാമെല്ലാം അറിയുന്നതിനു മുൻപുതന്നെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാപ്രതാപത്തിലേക്കു തുറവിയുള്ള ജ്ഞാനഹൃദയർക്കു സ്വീകരിക്കാനും ഗ്രഹിക്കാനും കഴിയുന്ന സന്ദേശമാണിത്. ക്രിസ്തുതന്നെയാണ് ഈ സത്യം. എല്ലാ പരിമിതികളുമുള്ള നമ്മുടെ മാനുഷികത ഏറ്റുവാങ്ങിക്കൊണ്ട് നിർബന്ധപൂർവ്വമാണെങ്കിലും ഏവർക്കും സ്വീകാര്യമായ രീതിയിൽ നാം എത്തിച്ചേരേണ്ട ജീവിതത്തികവിലേക്ക് അവൻ നമുക്ക് വഴിയായി മാറി.

ഉപവാസം, ഒരു ആത്മപരിത്യാഗാനുഭവം എന്നരൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവികദാനമായി എളിമയുള്ള ഹൃ

ദയത്തിൽ വീണ്ടും കണ്ടെത്തുവാൻ സാധിക്കും. മാത്രവുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർക്ക് ആ ദാനത്തെ അംഗീകരിക്കുവാനും കഴിയുന്നു. അതുവഴി നമ്മൾ അവനിൽ നിറവ് കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുന്നവർ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും കൈക്കൊണ്ടതും കൈമാറിയതുമായ സ്നേഹത്തിന്റെ നിധി സ്വരുക്കൂട്ടുകയും ചെയ്യുന്നു. ഈവിധത്തിൽ ഉപവാസം ദൈവത്തെയും അയല്ക്കാരെയും സ്നേഹിക്കുന്നതിന് നമ്മെ സഹായിക്കുന്നു. വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ സ്നേഹം എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ ഒരാളായിത്തന്നെ പരിഗണിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു (cf. Fratelli Tutti, 93).

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്ക് വാസം ഒരുക്കുന്നതിനും വേണ്ടിയുള്ളതാണ് (cf. യോഹ 14:23). നമ്മെ ഭാരപ്പെടുത്തുന്ന ഉപഭോക്തൃ മൂല്യങ്ങളിൽനിന്നും ശരിയും തെറ്റും തിരിച്ചറിയാനാവാത്തവിധമുള്ള വിവരങ്ങളുടെ അധികൃത എന്നിവയിൽനിന്നുള്ള വിടുതലും ഉപവാസം ഉൾക്കൊള്ളുന്നുണ്ട്. ഇത് നമ്മുടെ ഹൃദയകവാടങ്ങളെ, നമ്മിലേക്ക് കടന്നുവരുന്നവനും എല്ലാത്തിലും ദരിദ്രനും എന്നാൽ കൃപയും സത്യവും നിറഞ്ഞവനുമായ (യോഹ 1:14) നമ്മുടെ രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തുവിനുവേണ്ടി തുറക്കുന്നതിനുമായാണ്.

2. പ്രത്യാശ ജീവജലമെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിന് നമ്മെ പ്രാപ്തമാക്കുന്നു

കിണറ്റിൻ കരയിൽവച്ച് സമരിയാക്കാരി സ്ത്രീയോട് ദാഹജലം ചോദിച്ച യേശു അവൾക്ക് "ജീവജലം" (യോഹ 4:10) വാഗ്ദാനം ചെയ്തു. എന്നാൽ അതിന്റെ അർത്ഥമെന്തെന്ന് അവൾക്ക് മനസ്സിലായില്ല. സ്വാഭാവികമായി അവൾ ചിന്തിച്ചുപോയത് ദാഹജലത്തെപ്പറ്റിയാണ്. യേശു ഉദ്ദേശിച്ചതാകട്ടെ പെസഹാരഹസ്യത്തിലൂടെ അവിടുന്ന് സമൃദ്ധമായി നൽകാനിരുന്ന, ഒരിക്കലും നിരാശപ്പെടുത്താത്ത പരിശുദ്ധാത്മാവാകുന്ന പ്രത്യാശയെയാണ്. ഈ പ്രത്യാശയെപ്പറ്റി യേശു തന്റെ പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് മുൻപേതന്നെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ്. അതായത് "മൂന്നാംദിവസം അവൻ ഉയിർപ്പിക്കപ്പെടും" (മത്താ 20:19) ഇതുവഴി യേശു പറഞ്ഞുവച്ചത് പിതൃകരുണയാൽ നമ്മുടെ ഭാവി തുറക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവനോടൊപ്പവും അവനാൽത്തന്നെയും പ്രത്യാശിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ തെറ്റുകുറ്റങ്ങൾ കൊണ്ടോ, അക്രമവും അനീതിയും കൊണ്ടോ,

സ്നേഹത്തെ ക്രൂശിലേറ്റിയതിന്റെ പാപം നിമിത്തമോ ചരിത്രം ഇല്ലാതാകുന്നില്ല എന്നുപറഞ്ഞാൽ അവന്റെ ഹൃദയവിശാലതയിൽനിന്ന് പിതാവിന്റെ പാപക്ഷമ സ്വീകരിക്കുകയെന്നർത്ഥം.

ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ദുർബ്ബലവും അനിശ്ചിതത്വവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ചു സംസാരിക്കുകയെന്നതുതന്നെ ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശയുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിലേക്ക് പിന്തിരിയുമ്പോൾ അവിടുന്ന് എപ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ് കാണാൻ കഴിയുക. എന്നാൽ നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു (cf. Laudato Si, 32-33; 43-44). വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുരഞ്ജനത്തിലാണ് നമ്മൾ പ്രത്യാശയർപ്പിക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്, "ദൈവത്തോട് അനുരഞ്ജനപ്പെടുവിൻ" (2 കോറി 5:20). മാനസാന്തര പ്രക്രിയയുടെ അടിസ്ഥാനമായ പാപപ്പൊറുതി കൂദാശയിലൂടെ സ്വീകരിക്കുമ്പോൾ നമുക്കും ക്ഷമയുടെ സന്ദേശം മറ്റുള്ളവർക്ക് നൽകാൻ സാധിക്കും. നമ്മൾതന്നെ പാപക്ഷമ സ്വീകരിച്ചുകൊണ്ട് സ്വമനസ്സാ നമുക്കും മറ്റുള്ളവരുമായി അവധാനപൂർവ്വം സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ട് വേദനിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും സാന്ത്വനമേകാൻ സാധിക്കും. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ പാപക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു നമ്മെ പ്രാപ്തമാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്ന വാക്കുകൾക്കും ശക്തിപ്പെടുത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹ ജനകവുമായ വാക്കുകൾക്കും കൂടുതൽ പ്രാധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദ്വേഷ്യമുണ്ടാക്കുന്നതും ശകാരപരവുമായ വാക്കുകൾ ഉപേക്ഷിക്കാം (Fratelli Tutti, 223). ചിലപ്പോൾ ദയാവായ്പിനാലും നമ്മുടെ എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്രത്യേക താൽപര്യമെടുത്തും, ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും, പ്രോത്സാഹജനകമായ വാക്കുകളിലൂടെയും പൊതുവെയുള്ള നിസ്സംഗതയ്ക്കിടയിൽ ശ്രദ്ധാലുവായിക്കൊണ്ടും മറ്റുള്ളവർക്ക് പ്രത്യാശ പകരാൻ നമുക്കു സാധിക്കും (ibid., 224).

ധ്യാനവും പ്രാർത്ഥനയുംവഴി പ്രത്യാശ നമുക്ക് ഉത്തേജനവും ആന്തരികപ്രകാശവും നൽകുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെയും തെരഞ്ഞെടുപ്പുകളെയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഹൃദ്യസ്നേഹത്തെ അനുഭവിക്കുന്നതിനു നമ്മൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു (cf. മത്താ 6:6) വെന്നു പറയുന്നത്.

പ്രത്യാശയിൽ നോമ്പിന്റെ അനുഭവം ഉണ്ടാവണം എന്നുപറയുമ്പോൾ “എല്ലാറ്റിനെയും നവീകരിക്കുന്ന” (cf. വെളി 21:1–6) ദൈവത്തിന് ഈശോയിലൂടെ ഈ പുതിയ കാലത്തിൽ സാക്ഷികളാവുക എന്നതാണ്. അതായത്, കുരിശിൽ ജീവൻ നൽകി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരാവുകയാണ് (1 പത്രോ 3:15).

3. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റവും ഉന്നതമായ പ്രകാശനവും ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്. മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. ഇക്കാരണത്താലാണ് മറ്റുള്ളവർ തീവ്രമായി വേദനിപ്പിക്കപ്പെടുമ്പോഴും ഏകാന്തതയനുഭവിക്കുമ്പോഴും രോഗികളോ ഭവനരഹിതരോ ആകുമ്പോഴും, നിന്ദിക്കപ്പെടുമ്പോഴും സ്നേഹം എല്ലാം സഹിക്കുന്നത്. സ്നേഹം ഹൃദയത്തിന്റെ ഒരു കുതിച്ചുചാട്ടമാണ്. ഇത് നമ്മെ നമ്മിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരികയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഐക്യപ്പെടുന്നതിനുമുള്ള ഉടമ്പടിയെ ഉളവാക്കുകയും ചെയ്യുന്നു.

“സാമൂഹിക സ്നേഹം” നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹസംസ്ക്കാരത്തിലേക്ക് കുതിക്കുന്നതിനുള്ള സാധ്യതയൊരുക്കുന്നു. സ്നേഹം അതിന്റെ സാർവ്വത്രികതയാർന്ന ആവേശത്താൽ പുതിയൊരു ലോകം കെട്ടിപ്പടുക്കുന്നതിനുശേഷിയുള്ളതാണ്. അതു വെറുമൊരു വികാരമല്ല. ഓരോരുത്തർക്കും ഫലപ്രദമായ വികസനപാതകൾ കണ്ടെത്തുന്നതിന് ഏറ്റവും മികച്ച ഉപായമാണ് (Fratelli Tutti, 183).

സ്നേഹം നമ്മുടെ ജീവിതത്തെ സ്വാർത്ഥകമാക്കുന്ന ഒരു സമ്മാനമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെയും സുഹൃത്തുക്കളെപ്പോലെയും സഹോദരീസഹോദരന്മാരെപ്പോലെയും നോക്കിക്കാണുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷത്തിന്റെയും ശ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേഫാത്തിലെ വിധവയുടെ എണ്ണപാത്രവും മാവിൻ കലവും. അതിൽനിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (cf. 1 രാജാ 17:7–16). അപ്രകാരംതന്നെയായിരുന്നു ഈശോ അപ്പമെടുത്തു ആശീർവ്വദിച്ച് മുറിച്ച് ജനക്കൂട്ടത്തിന് വിതരണം ചെയ്യാനായി ശിഷ്യന്മാരെ ഏല്പിച്ച സംഭവവും (cf. മക്കാ 6:3044). സന്തോഷത്തോടെയും ലാളിത്യത്തോടെയും നമ്മൾ നൽകുന്ന ചെറുതും വലുതുമായ ദാനധർമ്മങ്ങളുടെയെല്ലാം സ്ഥിതി ഇതിൽനിന്നു ഭിന്നമല്ല.

സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നതു കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഭയപ്പെടുന്നവരെയും, ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുതരമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ കർത്താവിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ നമുക്കോർക്കാം. ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശ 43:1). നമ്മുടെ പരോപകാരപ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് നൽകാൻ കഴിയുന്ന ഉറപ്പിനെക്കുറിച്ചും സഹായത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട് ദൈവവും അവരെ സ്വന്തം പുത്രീപുത്രന്മാരെപ്പോലെ സ്നേഹിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യാം.

മറ്റുള്ളവരുടെ ബഹുമാന്യത മനസ്സിലാകുന്നത് പരസ്നേഹപ്രവൃത്തികളാൽ പരിണമിപ്പിക്കപ്പെട്ട ദൃഷ്ടിയിലൂടെ മാത്രമാണെന്നും അതുവഴിയായി ദരിദ്രരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വവും സംസ്ക്കാരവും വിലമതിച്ചുകൊണ്ട് സമൂഹത്തിലേക്ക് അവരെ ഉൾച്ചേർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (Fratelli Tutti, 187).

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാവിളിയായി നോമ്പനുഭവത്തെ സഹായിക്കുന്നതു സമൂഹമെന്നനിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെ പ്രാർത്ഥനയും പങ്കുവെയ്ക്കലുമാണ്. അതുവഴി ക്രിസ്തുവിൽനിന്നു നിർഗ്ഗളിക്കുന്ന വിശ്വാസത്തെയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയെയും പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽനിന്ന് ഒഴുകുന്ന സ്നേഹത്തെയും ചൈതന്യവത്താക്കാൻ സാധിക്കുന്നു.

കുരിശിൽ ചുവട്ടിലും സഭാഹൃദയത്തിലും എന്നും വിശ്വസ്തയായി വിരാജിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്നേഹസാന്നിധ്യം നമ്മെ സമുദ്ധരിക്കട്ടെ. ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം ഉയിർപ്പിന്റെ പ്രകാശത്തിലേക്കുള്ള യാത്രയിൽ നാമെല്ലാവരോടുകൂടി ഉണ്ടായിരിക്കട്ടെ!

റോമിൽനിന്ന്, 11 നവംബർ 2020
ടൂർസിലെ വി. മാർട്ടിന്റെ സ്മരണദിവസം
**ഫ്രാൻസിസ് പാപ്പ**
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# സർക്കുലർ

## മദ്യവിരുദ്ധ ഞായർ

**2021 മാർച്ച് 14**

Ref: 3442/K-5/KCBC/OL/DS 10.02.2021

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 14 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. കോവിഡ്–19 എന്ന മഹാവ്യാധി ലോകമാസകലം ഭീഷണിയുയർത്തുന്ന ഒരുകാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കോവിഡിന്റെ ആരംഭത്തിൽ ലോക്ഡൗൺ ആയിരുന്നതിനാൽ എല്ലാ മദ്യശാലകളും അടച്ചിട്ടിരുന്നു. എന്നാൽ, ഇപ്പോൾ മദ്യശാലകൾ തുറന്ന് യാതൊരുവിധ നിയന്ത്രണവുമില്ലാതെ മദ്യവിപണി സജീവമായിരിക്കുകയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗവും അനന്തര പ്രശ്നങ്ങളും ഗുരുതരമായ സാമൂഹ്യവിപത്തായിമാറിയിട്ടുണ്ട്. ഈ വിപത്തിൽ നിന്ന് മോചനം പ്രാപിക്കുവാനും, മദ്യവും മയക്കുമരുന്നും ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ

ബോധവത്കരണത്തിനും വേണ്ടിയാണ് വലിയ നോമ്പിൽ മദ്യവിരുദ്ധ ദിനാചരണം നടത്തുന്നത്. സർക്കാരും കോടതികളും സാമൂഹ്യ - വിദ്യാഭ്യാസ പ്രവർത്തകരും മദ്യമെന്ന തിന്മയെ ചെറുത്ത് തോല്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ, ലഹരിയുടെയും മദ്യത്തിന്റെയും ഉപയോഗവും വിപണനവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.
സർക്കാരിന്റെ അബ്കാരി നയപ്രഖ്യാപനത്തിലും രാഷ്ട്രീയ പാർട്ടികളുടെ പ്രകടന പത്രികകളിലും മദ്യം ഉപയോഗത്തെ സാമൂഹ്യ തിന്മയായും ജനങ്ങളുടെ ആരോഗ്യത്തേയും മനസിനെയും തകർക്കുന്ന ആഗോള പ്രശ്നമായും പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിച്ചു വരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത്രാജിലെ 232, 447 വകുപ്പുകൾ സർക്കാർ റദ്ദുചെയ്തതുകാരണം നിരവധി മദ്യശാലകൾക്ക് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനുമതി നല്കുകയുണ്ടായി. അതുകാരണം ആർക്കും എവിടെയും മദ്യവില്പന തുടങ്ങാമെന്ന സ്ഥിതിവിശേഷം സംജാതമായി. ബാറുകളുടെ എണ്ണം 29-ൽ നിന്ന് 20 ഇരട്ടി വർദ്ധിച്ച് 586-ൽ എത്തി നില്ക്കുന്നു. ഒരു വർഷം അരി വാങ്ങാൻ 4500 കോടി രൂപാ കേരള സർക്കാർ ചിലവിടുമ്പോൾ മദ്യം വാങ്ങാൻ 15,000 കോടിയാണ് ചിലവഴിക്കുന്നതെന്ന് ഞെട്ടിക്കുന്ന കണക്കാണ് നാം കാണുന്നത്.
മദ്യശാലകൾ അടച്ചാൽ ടൂറിസം മേഖല തളർന്നു പോകുമെന്നത് വാസ്തവ വിരുദ്ധമായ പ്രചരണമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കണക്കു പ്രകാരം ബാറുകളടച്ചിട്ട 2016-നെക്കാൾ 1,15,053 വിദേശ ടൂറിസ്റ്റുകളും 4774 കോടി രൂപാ വരുമാനവും 2014-ൽ ലഭിച്ചു. ലഭ്യത കുറഞ്ഞപ്പോൾ വ്യാജമദ്യവും മയക്കുമരുന്നിന്റെ കള്ളക്കടത്തും വർദ്ധിച്ചുവെന്ന വ്യാജ പ്രചരണവും ഇപ്പോൾ നിലനില്ക്കുന്നില്ല. എന്നാൽ, ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന നിരവധി തിന്മകളുടെയും മൂലകാരണം മദ്യവും മറ്റുലഹരിവസ്തുക്കളുമാണെന്നുള്ളതാണ് യാഥാർഥ്യം. നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത് വരുന്ന സാഹചര്യത്തിൽ മുന്നണികൾ അവരുടെ മദ്യനയം എന്താണെന്ന് വ്യക്തമാക്കുകയും ആ നയം നടപ്പിലാക്കുകയുംവേണം. മദ്യസംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളെ തിരിച്ചറിയുവാനും ഭരണത്തിൽ നിന്ന് അവരെ അകറ്റി നിർത്താനും ബാലറ്റിലൂടെ നമുക്ക് സാധിക്കണം.
സന്തോഷവും സമാധാനവുമുള്ള ഒരുജീവിതം ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? എന്നാൽ, സ്വന്തം കുടുംബത്തേയും മറ്റുള്ളവരുടെ സ്വൈര്യ ജീവിതത്തെയും മദ്യ-ലഹരികൾക്ക് അടിമകളായിട്ടുള്ളവർ

തകർത്തുകളയുന്നു. തിന്മയുടെ ഈ ശക്തികളെ സമൂഹത്തിൽ നിന്ന് പാടെപിഴുതെറിയണം. മനുഷ്യനെ മടിയനും മുടിയനും കുടിയനുമാക്കുന്ന ഈ വിപത്തിൽ നിന്ന് സഭയെയും സമൂഹത്തെയും രക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിയുന്ന കുടുംബങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സ്ഥിതി എത്ര ശോചനീയമാണ്. 'മദ്യം വിഷമാ'ണെന്നും ലഹരി സുബോധം നഷ്ടപ്പെടുത്തുമെന്നും അറിയാത്തവരില്ല. "മാരക വിഷമാണ് മദ്യം" എന്ന ലേബലിൽ മദ്യകച്ചവടം നടത്തുന്ന സർക്കാർ നയം എത്രയോ വൈരുദ്ധ്യാത്മകമാണ്. ഭരണഘടനയിൽ 47–ാം വകുപ്പ് പ്രകാരം ഔഷധത്തിനു മാത്രമെ മദ്യം ഉല്പാദിപ്പിക്കാൻ പാടുള്ളൂ. മദ്യപാനികൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല (1 കൊറി 6:10) എന്ന വേദവാക്യം നാം മറന്നു പോകരുത്. വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കണ്ട.

വീഞ്ഞു അനേകരെ നശിപ്പിച്ചിട്ടുണ്ട് (പ്രഭ. 31 : 25). ഈ തിരുവചന ഭാഗങ്ങൾ നമ്മെ സംബന്ധിച്ച് വലിയ ഓർമ്മപ്പെടുത്തലുകളാകട്ടെ!

നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന ഭീഷണികളിൽ ഏറ്റവും വലുത് മദ്യപാനം കുടുംബങ്ങളെ തകർച്ചയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഇത് മൂലം നാട്ടിൽ ക്രമസമാധാന നില തകരുന്നു, റോഡപകടങ്ങളും, പീഡനങ്ങളും, ആത്മഹത്യകളും വർദ്ധിക്കുന്നു. സാമ്പത്തിക ഭദ്രതയും ആരോഗ്യ നിലവാരവും തകർന്നടിയുന്നു. സ്ത്രീകളും യുവജനങ്ങളും വിശിഷ്യ കുട്ടികളും ഇന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു എന്നുള്ള യാഥാർഥ്യം വിസ്മരിക്കുക തീർത്തും ആത്മഹത്യാപരമാണ്. ഈ മഹാവിപത്തുകളിൽ നിന്ന് നാടിനെയും സമൂഹത്തെയും രക്ഷിക്കുക എന്നുള്ളത് സഭാമക്കളായ നമ്മുടെ കടമയാണ്. മദ്യവിമുക്തസഭയുംസമൂഹവുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. മദ്യത്തിന്റെ ദൂഷ്യം മാനവ സമൂഹത്തിന്റെ നാശമാണെന്ന ഉദാത്തമായ ആശയം ഉൾക്കൊണ്ടുകൊണ്ട് മദ്യത്തിനെതിരെ പോരാടാൻ നമുക്ക് കഴിയട്ടെ. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഇടവകകൾതോറും കർമ്മനിരതരായ അംഗങ്ങളെ ചേർത്ത് യൂണിറ്റുകൾ രൂപീകരിക്കണം. നമ്മുടെ കലാലയങ്ങൾ ലഹരിവിമുക്ത ക്യാമ്പസുകളായി മാറണം. ദൈവത്തിന്റെ സ്വന്തം നാടായ കേരളവും കേരളജനതയും ഈ ലക്ഷ്യം കൈവരിക്കാനായി ജാഗ്രതയോടെ പ്രവർത്തിക്കുകയും തീക്ഷ്ണതയോടെ, പ്രാർത്ഥിക്കുകയുംവേണം. കെ.സി.ബി.സി. യുടെ മദ്യവിരുദ്ധ കമ്മീഷന് നിങ്ങൾ നൽകുന്ന എല്ലാ സഹായസഹകരണങ്ങൾക്കും ഹൃദ

യപൂർവ്വം നന്ദിയർപ്പിക്കുന്നു. തുടർന്നും പൂർവ്വാധികം ശക്തിയോടെ ഈ മേഖലയിൽ നമുക്ക് പ്രവർത്തിക്കാം.

നമ്മുടെ ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 14-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്ക് നല്കി മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി, കൊച്ചി - 682025

---

NB:- 2021 മാർച്ച് മാസം 14-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

# കച്ചേരി വാർത്തകൾ

മാർച്ച് 2021

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

| | | | |
|---|---|---|---|
| മാർച്ച് | 5 | : | ആദ്യവെള്ളി |
| | 7 | : | **നോമ്പ് നാലാം ഞായർ** |
| | 14 | : | **നോമ്പ് അഞ്ചാം ഞായർ** |
| | 18 | : | ജറുസലെമിലെ വി. സിറിൾ |
| | 19 | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ (അതിരൂപത പിതൃദിനം – വേലൂപ്പാടം) |
| | 28 | : | **നോമ്പ് ഏഴാം ഞായർ (ഓശാന ഞായർ)** |
| | 29 | : | വൈദീക സമർപ്പിത വിശുദ്ധീകരണദിനം |
| | 31 | : | ഇന്നു മുതൽ വലിയ ശനി വരെ ത്രികാലജപം 'മിശിഹാ നമ്മെപ്രതി..' |

**2. സ്വാഗതം**

ഉപരിപഠനത്തിനും, മറ്റു രൂപതകളിൽ സേവനത്തിനും ശേഷം തിരിച്ചു വന്നിരിക്കുന്ന അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികർക്കും സ്വാഗതം: ഫാ. ടോണി അരിമ്പൂർ, ഫാ. സനോജ് അറങ്ങാശ്ശേരി, ഫാ. സോണി കിഴക്കൂടൻ, ഫാ. റാഫി തട്ടിൽ, ഫാ. ജെറിൻ അരിമ്പൂർ, ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ, ഫാ. ഷാന്റോ തലക്കോട്ടൂർ, ഫാ. സിജോ കാട്ടൂക്കാരൻ, ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ, ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, ഫാ. സിന്റോ പൊറത്തൂർ, ഫാ. മേജോ കോരെത്, ഫാ. നിന്റോ കണ്ണമ്പുഴ SDV, ഫാ. ബിബിൻ മഠത്തിപറമ്പിൽ MST, ഫാ. ജോബിഷ് പാണ്ടിയാമാക്കിൽ SDV, ഫാ. അൻജോ പുത്തൂർ CMI, ഫാ. ഫ്രാങ്കോ അറക്കപ്പാടൻ TOR, ഫാ. ഡേവിഡ് ചിറക്കൽ OFM.Cap., ഫാ. ആന്റണി പാണ്ടികശ്ശാലവളപ്പിൽ CMI.

**3. നന്ദി:**

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി: ഫാ.

ജെബിൻ ജോസ് ആട്ടോക്കാരൻ CMI, ഫാ. മേജോ ചക്കുംപീടിക CMI.

**4. ആശംസ:**

അതിരൂപതയിൽ നിന്ന് സേവനത്തിനായി പോകുന്ന ബഹു. വൈദികർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ: ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി (ഇംഗ്ലണ്ട്), ഫാ. മാത്യു ചാക്കേരി (കാനഡ), ഫാ. ജോഷി പാറോക്കാരൻ (അയർലാന്റ്), ഫാ. ഡേവീസ് തെക്കേക്കര (ഇറ്റലി), ഫാ. മേജോ കോരെത്, ഫാ. ജീൻ ചിറയത്ത്, ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ, ഫാ. അജിത് കൊള്ളന്നൂർ, ഫാ. ഫെബിൻ ചിറയത്ത് (ഷംഷാബാദ്), ഫാ. അനീഷ് കൂത്തൂർ (ഛാന്ദാ).

**5. വൈദികക്ഷേമനിധി:**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**6. പട്ടങ്ങൾ:**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2021 മാർച്ച് 27 ശനിയാഴ്ച്ച കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ച കഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മൈനർ സെമിനാരിയിൽ  വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**7. ദൈവവിളിവാരാചരണം:**

2021 ഏപ്രിൽ 5 മുതൽ 10 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന–ഉപവാസയജ്ഞം നടക്കും.  വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**8. ദൈവവിളിക്യാമ്പുകൾ:**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി വെവ്വേറെ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. 2021 ഏപ്രിൽ 6, 7 തീയതികളിൽ ഡി.ബി.സി.എൽ. സി. യിൽ വച്ച് പെൺകുട്ടികൾക്കുള്ള ക്യാമ്പും, 2021

ഏപ്രിൽ 5–7; 8–10; 12–14 എന്നീ തീയതികളിൽ മൂന്ന് ബാച്ചുകളിലായി മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകളും നടത്തപ്പെടും. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**9. പാലയൂർ മഹാതീർത്ഥാടനം:**

2021 മാർച്ച് 21–നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനത്തെ സംബന്ധിച്ചു വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**10. സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള പരിശീലനപരിപാടി**

ഈ വർഷം സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള മീറ്റിംഗ് (അസി. വികാരിമാരും അസി. ഡയറക്ടറുമാരുമൊഴികെ) മാർച്ച് ഒന്നാം തിയതി രാവിലെ 9.30 മുതൽ 1 മണിവരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തപ്പെടുന്നു. ബഹുമാനപ്പെട്ട വൈദികർ മീറ്റിംഗിൽ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

**11. ആദ്യമായി വികാരിമാരാകുന്നവർക്കുള്ള പരിശീലനപരിപാടി**

നമ്മുടെ അതിരൂപതയിൽ ആദ്യമായി വികാരിമാരാകുന്നവർക്കുള്ള (വികാരിശുശ്രൂഷയിൽ ആദ്യ മൂന്ന് വർഷങ്ങളിൽ ഉള്ളവർക്ക്) പരിശീലന പരിപാടി 2021 മാർച്ച് 8 (തിങ്കൾ) രാവിലെ 10 മുതൽ മാർച്ച് 9 (ചൊവ്വ) ഉച്ചതിരിഞ്ഞ് 4.30 വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തപ്പെടുത്തുന്നു. അജപാലനശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പരിശീനപരിപാടി ലക്ഷ്യമിടുന്നു. ബഹുമാനപ്പെട്ട വൈദികർ മീറ്റിംഗിൽ സാന്നിധ്യം ഉറപ്പുവരുത്തുമല്ലോ.

**12. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും മീറ്റിങ്ങ്**

2021 മാർച്ച് 20–ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നടത്തപ്പെടുന്നു.

**13. വൈദികരുടെ നിയമനം:**

**a) തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം: പ്രാബല്യം 10–02–2021 മുതൽ**

1. **റവ. ഫാ. അരാശ്ശേരി ജോസഫ്:** റിട്ടയർമെന്റ്; താമസം ക്രൈസ്റ്റ് വില്ല
   വികാരി അയ്യന്തോൾ, കപ്ലോൻ സി.എച്ച്.എഫ്. മഠം ഒഴിവായി.
2. **റവ. ഫാ. പുന്നശ്ശേരി ജെയ്സൻ**: വികാരി അയ്യന്തോൾ, കപ്ലോൻ സി.എച്ച്.എഫ്. മഠം;
   വികാരി കുറ്റൂർ, കപ്ലോൻ എസ്. ജെ., സെന്റ് ആൻ ഒഴിവായി.

3. **റവ. ഫാ. അറക്കൽ പോൾ**: വികാരി കുറ്റൂർ, കപ്ലോൻ എസ്. ജെ., സെന്റ് ആൻ;
വികാരി പേരാമംഗലം; കപ്ലോൻ എസ്. എം. സി. ഒഴിവായി.
4. **റവ. ഫാ. പറോക്കാരൻ ജോഷി**: നടത്തുവികാരി പേരാമംഗലം; കപ്ലോൻ എസ്. എം. സി.;
വികാരി ആർത്താറ്റ്, കപ്ലോൻ എസ്.കെ.ഡി., മാനേജർ ഹോളിക്രോസ് സ്കൂൾ എന്നിവ ഒഴിവായി.
5. **റവ. ഫാ. തട്ടിൽ സോളി**: വികാരി ആർത്താറ്റ്, കപ്ലോൻ എസ്.കെ.ഡി.;
വികാരി അഞ്ഞൂർ, മുല്ലശ്ശേരി സ്കൂളിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി.
6. **റവ. ഫാ. മുട്ടത്ത് ഫ്രാൻസിസ്**: വികാരി അഞ്ഞൂർ;
വികാരി കൂനംമൂച്ചി, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി.
7. **റവ. ഫാ. തെക്കേക്കര ഡേവിസ്**: നടത്തുവികാരി കൂനംമൂച്ചി, കപ്ലോൻ എസ്. എ. ബി. എസ്.;
വികാരി അവിണിശ്ശേരി, കപ്ലോൻ ഒ. എസ്. എഫ്., ഡയറക്ടർ ബാലസദൻ & എക്സെൽ ഒഴിവായി.
8. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജിൻസൻ**: വികാരി അവിണിശ്ശേരി കൂടി, കപ്ലോൻ ഒ. എസ്. എഫ്., ഡയറക്ടർ ബാലസദൻ;
വികാരി മാന്ദാമംഗലം ഒഴിവായി.
9. **റവ. ഫാ. വട്ടനിരപ്പേൽ ജെയ്സൻ**: നടത്തുവികാരി മാന്ദാമംഗലം;
നടത്തുവികാരി തൊയക്കാവ്, കപ്ലോൻ സി. എസ്. സി. ഒഴിവായി.
10. **റവ. ഫാ. പെരേപ്പാടൻ ജിന്റോ**: വികാരി തൊയക്കാവ്, കപ്ലോൻ സി. എസ്. സി.;
വികാരി എളവള്ളി & പെരുവല്ലൂർ, കപ്ലോൻ സി. എസ്. എസ്. ഒഴിവായി.
11. **റവ. ഫാ. അരിമ്പൂർ ടോണി**: വികാരി എളവള്ളി & പെരുവല്ലൂർ, കപ്ലോൻ സി. എസ്. എസ്.
12. **റവ. ഫാ. ആളൂർ ഫ്രാൻസിസ്**: ഡയറക്ടർ എക്സെൽ, റെക്ടർ ലേ ലീഡർഷിപ്പ് കൂടി.
13. **റവ. ഫാ. ചാക്കേരി മാത്യു**: കാനഡയിൽ സേവനാനുമതി;
വികാരി ചെങ്ങാലൂർ, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.
14. **റവ. ഫാ. മുരിങ്ങാത്തേരി ജിജോ**: വികാരി ചെങ്ങാലൂർ, കപ്ലോൻ സി. എച്ച്. എഫ്.;
വികാരി പീച്ചി, കപ്ലോൻ സി. എച്ച്. എഫ്., അസി. ഡയറക്ടർ എസ്. എസ്. ജെ. ഡബ്ല്യു. ഒഴിവായി.

15. **റവ. ഫാ. തരകൻ ഫ്രാൻസിസ്**: വികാരി പീച്ചി, കപ്ലോൻ സി. എച്ച്. എഫ്.& എസ്. എസ്. ജെ. ഡബ്ല്യു., അസി. ഡയറക്ടർ എസ്. എസ്. ജെ. ഡബ്ല്യു.;
വികാരി & ഫൊറോനവികാരി വടക്കാഞ്ചേരി, കപ്ലോൻ എൽ. എസ്. എം. എസ് മഠങ്ങൾ, സി. എച്ച്. എഫ്. മഠം എന്നിവ ഒഴിവായി.

16. **റവ. ഫാ. ചെമ്പകശ്ശേരി ആന്റണി**: വികാരി & ഫൊറോനവികാരി വടക്കാഞ്ചേരി, കപ്ലോൻ എൽ. എസ്. എം. എസ് മഠങ്ങൾ, സി. എച്ച്. എഫ്. മഠം;
മാനേജർ കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസി, അതിരൂപത എജുക്കേഷൻ സെക്രട്ടറി, മാനേജർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, ഡയറക്ടർ ടീച്ചേഴ്സ് ഗിൽഡ് & കെ. സി. എസ്. എൽ, വികാരി വില്ലടം എന്നിവ ഒഴിവായി.

17. **റവ. ഫാ. അടമ്പുകുളം ജോയ്**: മാനേജർ കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസി, അതിരൂപത എജുക്കേഷൻ സെക്രട്ടറി, മാനേജർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, ഡയറക്ടർ ടീച്ചേഴ്സ് ഗിൽഡ് & കെ. സി. എസ്. എൽ, വികാരി വിയ്യൂർ;
വികാരി & ഫൊറോന വികാരി എരുമപ്പെട്ടി, കപ്ലോൻ എസ്. എച്ച്. ഒഴിവായി.

18. **റവ. ഫാ. തേർമഠം ഷാജൻ**: വികാരി & ഫൊറോന വികാരി എരുമപ്പെട്ടി, കപ്ലോൻ എസ്. എച്ച്;
വികാരി ചൂണ്ടൽ, കപ്ലോൻ സി. എം. സി. ഒഴിവായി.

19. **റവ. ഫാ. അറങ്ങാശ്ശേരി സനോജ്**: വികാരി ചൂണ്ടൽ, കപ്ലോൻ സി. എം. സി.

20. **റവ. ഫാ. അമ്മുത്തൻ ആന്റണി**: വികാരി വില്ലടം, മാർക്കറ്റിംഗ് മാനേജർ & സർക്കുലേഷൻ മാനേജർ കത്തോലിക്കസഭപത്രം കൂടി;
വികാരി ഇയ്യാൽ, കപ്ലോൻ എസ്. എ. ബി. എസ്., അസി. ഡയറക്ടർ കത്തോലിക്ക കോൺഗ്രസ്സ് ഒഴിവായി.

21. **റവ. ഫാ. ആലപ്പാട്ട് ബിജു ജോസഫ്**: വികാരി ഇയ്യാൽ, കപ്ലോൻ എസ്. എ. ബി. എസ്.;
വികാരി കുമ്പളങ്ങാട് ഒഴിവായി.

22. **റവ. ഫാ. കുന്നപ്പിള്ളി ടെൻസ്**: വികാരി കുമ്പളങ്ങാട്;
വികാരി പാറേമ്പാടം, കപ്ലോൻ ഫാറ്റിമ സി. എസ്. സി. ഒഴിവായി.

23. **റവ. ഫാ. മുരിങ്ങാത്തേരി ജോയ്**: വികാരി പാറേമ്പാടം, കപ്ലോൻ ഫാറ്റിമ സി. എസ്. സി.;
വികാരി വരാക്കര സൗത്ത്, കപ്ലോൻ സി. എസ്. എം. ഒഴിവായി.

24. **റവ. ഫാ. കിഴക്കൂടൻ സോണി**: വികാരി വരാക്കര സൗത്ത്, കപ്ലോൻ സി. എസ്. എം.

25. **റവ. ഫാ. ചാലക്കൽ ജാക്സൺ**: അസി. ഡയറക്ടർ പീസ് ഹോം, TIMHANS, MKMRRC;
വികാരി തോളൂർ ഒഴിവായി.

26. **റവ. ഫാ. കാക്കശ്ശേരി ടോണി**: വികാരി തോളൂർ;
വികാരി കാഞ്ഞാണി, കപ്ലോൻ എസ്. എൽ. എം. ഐ. ഒഴിവായി.

27. **റവ. ഫാ. ചിറയത്ത് ആന്റോ**: വികാരി പൂച്ചിന്നിപ്പാടം, JMMCH & TIMHANS കൗൺസിലിംഗിന് സഹായി;
വികാരി കുണ്ടുകാട്, കപ്ലോൻ ഒ. എസ്. എഫ്. & എസ്. എം. സി. ഒഴിവായി.

28. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ വർഗ്ഗീസ്**: വികാരി കുണ്ടുകാട്, കപ്ലോൻ ഒ. എസ്. എഫ്. & എസ്. എം. സി.;
വികാരി കോട്ടപ്പടി, കപ്ലോൻ സി. എം. സി. ഒഴിവായി.

29. **റവ. ഫാ. കൊള്ളന്നൂർ ജോയ്**: വികാരി കോട്ടപ്പടി, കപ്ലോൻ സി. എം. സി.;
വികാരി അമ്മാടം, കപ്ലോൻ സി. എം. സി. ഒഴിവായി.

30. **റവ. ഫാ. കിടങ്ങൻ ജോൺ**: വികാരി അമ്മാടം, കപ്ലോൻ സി. എം. സി.;
വികാരി & ഫൊറോന വികാരി പുത്തൂർ, കപ്ലോൻ എസ്. ഡി. വി. & സി. എസ്. എം. ഒഴിവായി.

31. **റവ. ഫാ. ചെറുവത്തൂർ ചാക്കോ**: വികാരി & ഫൊറോന വികാരി പുത്തൂർ, കപ്ലോൻ എസ്. ഡി. വി. & സി. എസ്. എം.;
വികാരി ബ്രഹ്മകുളം, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

32. **റവ. ഫാ. ഇഞ്ചോടിക്കാരൻ ജെയിംസ്**: വികാരി ബ്രഹ്മകുളം, കപ്ലോൻ എഫ്. സി. സി.;
വികാരി വിയ്യൂർ, മാർക്കറ്റിംഗ് മാനേജർ കത്തോലിക്കസഭ പത്രം ഒഴിവായി.

33. **റവ. ഫാ. മരോട്ടിക്കൽ അലക്സ്**: കപ്ലോൻ സി. എസ്. സി. നിർവൃതി ഒഴിവായി.

34. **റവ. ഫാ. ചിറ്റിലപ്പിള്ളി വിൻസെന്റ്**: യു. കെ. യിൽ സേവനാനുമതി; മെത്രാപ്പോലീത്തൻ കോടതിയിലെ സേവനം തുടരുന്നു.
വികാരി ചെമ്പുക്കാവ്, കപ്ലോൻ സി. എച്ച്. എഫ്. മരീന ഒഴിവായി.

35. **റവ. ഫാ. മുണ്ടോപുറം ഡെയ്സൻ**: വികാരി ചെമ്പുക്കാവ്, കപ്ലോൻ സി. എച്ച്. എഫ്. മരീന.

36. **റവ. ഫാ. ആലപ്പാട്ട് പോൾ**: താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, തൃശ്ശൂർ ബസിലിക്കയിലെ ഉത്തരവാദിത്വം തുടരുന്നു;
കപ്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ ഒഴിവായി.

37. **റവ. ഫാ. തട്ടിൽ റാഫി**: വികാരി കാഞ്ഞാണി, കപ്ലോൻ എസ്. എൽ. എം. ഐ.

38. **റവ. ഫാ. ഡെമിൻ തറയിൽ**: അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ഐ. ടി. പ്രീസ്റ്റ് മെഡിക്കൽ കെയർ എന്നിവയുടെ ചാർജ്ജ്;
വികാരി വടൂക്കര, കപ്ലോൻ സി.എച്ച്.എഫ്., ആർക്കൈവിസ്റ്റ് & നോട്ടറി കൂരിയ ഒഴിവായി.

39. **റവ. ഫാ. എടക്കളത്തൂർ ജോസ്**: വികാരി വടൂക്കര, കപ്ലോൻ സി.എച്ച്.എഫ്.;
വികാരി മണ്ണംപേട്ട, കപ്ലോൻ സി. എസ്. എം. ഒഴിവായി.

40. **റവ. ഫാ. കാഞ്ഞിരത്തിൽ സെബി**: വികാരി മണ്ണംപേട്ട, കപ്ലോൻ സി. എസ്. എം.;
വികാരി തൃക്കൂർ, കപ്ലോൻ എഫ്. സി. സി., അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഒഴിവായി.

41. **റവ. ഫാ. ആക്കാമറ്റത്തിൽ ഷോൺസൻ**: വികാരി തൃക്കൂർ, കപ്ലോൻ എഫ്. സി. സി.;
വികാരി മനക്കൊടി ഒഴിവായി.

42. **റവ. ഫാ. കിടങ്ങൻ ജോയ്**: വികാരി മനക്കൊടി;
വികാരി ചോറ്റുപാറ ഒഴിവായി.

43. **റവ. ഫാ. അരിമ്പൂർ ജെറിൻ**: വികാരി ചോറ്റുപാറ കൂടി;
ക്രിസ്റ്റീന ഹോമിലെ സഹായി ഒഴിവായി.

44. **റവ. ഫാ. ചാലിശ്ശേരി ലിജോ**: അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി., മതബോധനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി എന്നിവയുടെ ചാർജ്ജ്, സെക്രട്ടറി മീഡിയ കമ്മീഷൻ, താമസം ആർച്ച്ബിഷപ്സ് ഹൗസ്, കപ്ലോൻ സി. എസ്. സി. മരിയഭവൻ കോലഴി;
വികാരി നന്തിപുലം നോർത്ത്, കപ്ലോൻ എസ്. സി. എസ്. എ. ഒഴിവായി.

45. **റവ. ഫാ. കള്ളിക്കാടൻ സ്റ്റാർസൻ**: വികാരി നന്തിപുലം നോർത്ത്, കപ്ലോൻ എസ്. സി. എസ്. എ.;
വികാരി ആറംപിള്ളി, കപ്ലോൻ എ. എസ്. സി. ഒഴിവായി.

46. **റവ. ഫാ. കണ്ണനായ്ക്കൽ വിൽസൺ**: വികാരി ആറംപിള്ളി, കപ്ലോൻ എ. എസ്. സി.;

വികാരി നടത്തറ, കപ്ലോൻ സി. എം. സി., ലോക്കൽ മാനേജർ നടത്തറ എസ്റ്റേറ്റ് ഒഴിവായി.

47. **റവ. ഫാ. പൊറത്തൂർ ജോജു**: വികാരി നടത്തറ, കപ്ലോൻ സി. എം. സി., ലോക്കൽ മാനേജർ നടത്തറ എസ്റ്റേറ്റ്;
വികാരി പാലക്കൽ, കപ്ലോൻ എസ്. ഡി. & സി. എം. സി. കണിമംഗലം ഒഴിവായി.

48. **റവ. ഫാ. കൊച്ചുപുരയ്ക്കൽ ഷാജി**: വികാരി പാലക്കൽ, കപ്ലോൻ എസ്. ഡി. & സി. എം. സി. കണിമംഗലം;
വികാരി മുണ്ടൂർ, കപ്ലോൻ എഫ്. സി. സി., എസ്. എച്ച്. & എഫ്. എസ്. എസ്. എച്ച്. ഒഴിവായി.

49. **റവ. ഫാ. പനംകുളം ഡേവിസ്**: വികാരി മുണ്ടൂർ, കപ്ലോൻ എഫ്. സി. സി., എസ്. എച്ച്. & എഫ്. എസ്. എസ്. എച്ച്.;
വികാരി മുല്ലശ്ശേരി, കപ്ലോൻ ഒ. എസ്. എഫ്. ഒഴിവായി.

50. **റവ. ഫാ. കൂള ഡിറ്റോ**: വികാരി മുല്ലശ്ശേരി, കപ്ലോൻ ഒ. എസ്. എഫ്.;
അസി. പ്രൊക്യുറേറ്റർ, ഡയറക്ടർ യൂത്ത് മിനിസ്ട്രി, കെ. സി. വൈ. എം., മൈഗ്രന്റ് മിനിസ്ട്രി, ഫിനാൻസ് കോർഡിനേറ്റർ മീഡിയ കമ്മീഷൻ, കൺസ്ട്രക്ഷൻ കമ്മിറ്റിയിലെ അംഗത്വം, കപ്ലോൻ സി. എം. സി. പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി.

51. **റവ. ഫാ. തട്ടിൽ ലിൻസൻ** : അസി. പ്രൊക്യുറേറ്റർ, ഡയറക്ടർ യൂത്ത് മിനിസ്ട്രി, കെ. സി. വൈ. എം., മൈഗ്രന്റ് മിനിസ്ട്രി, ഫിനാൻസ് കോർഡിനേറ്റർ മീഡിയ കമ്മീഷൻ, കപ്ലോൻ സി. എം. സി. പ്രോവിൻഷ്യൽ ഹൗസ്;
വൈസ് റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി ഒഴിവായി.

52. **റവ. ഫാ. മേലിട്ട് പാലത്തിങ്കൽ വർഗ്ഗീസ്**: വൈസ് റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി & ജഡ്ജ് മെത്രാപ്പോലീത്തൻ കോടതി.

53. **റവ. ഫാ. ചിറയത്ത് ഡെന്നി**: സ്പിരിച്ച്വൽ ആനിമേറ്റർ LOAF കൂടി;
അസി. ഡയറക്ടർ LOAF ഒഴിവായി.

54. **റവ. ഫാ. കൂത്തൂർ ജോയ്**: ശാന്തിഭവൻ പാലിയേറ്റീവ് കെയർ ആശുപത്രിയിൽ സേവനാനുമതി കൂടി;
വികാരി കൊഴുക്കുള്ളി, കപ്ലോൻ എസ്. കെ. ഡി. & എസ്. എസ്. എസ്., പല്ലിശ്ശേരി ഇടവകയിലെ പ്രത്യേക ഉത്തരവാദിത്വം എന്നിവ ഒഴിവായി.

55. **റവ. ഫാ. ആലപ്പാട്ട് ബാസ്റ്റിൻ**: വികാരി കൊഴുക്കുള്ളി, കപ്ലോൻ എസ്. കെ. ഡി. & എസ്. എസ്. എസ്.;
വികാരി നെന്മണിക്കര, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി.

56. **റവ. ഫാ. എലുവത്തിങ്കൽ ജസ്റ്റിൻ**: വികാരി നെന്മണിക്കര, കപ്ലോൻ എസ്. എ. ബി. എസ്.;
ഡയറക്ടർ ആനിമേഷൻ സെന്റർ, പുതുക്കാട് ഇടവകയിലെ സേവനം, അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ്, വൈസ് ചെയർമാൻ ത്യാഗരാജാർ പോളിടെക്നിക് ഒഴിവായി.

57. **റവ. ഫാ. ചൂണ്ടൽ ജിന്റോ**: ഡയറക്ടർ ആനിമേഷൻ സെന്റർ, വൈസ് ചെയർമാൻ ത്യാഗരാജാർ പോളിടെക്നിക്, സെക്രട്ടറി ഇവാഞ്ചലൈസേഷൻ കമ്മീഷൻ കൂടി;
വികാരി ചുവന്നമണ്ണ്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, അസി. ഡയറക്ടർ മാതൃവേദി & കുടുംബകൂട്ടായ്മ ഒഴിവായി.

58. **റവ. ഫാ. എലുവത്തിങ്കൽ ആന്റോസ്**: വികാരി ചുവന്നമണ്ണ്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ;
വികാരി ചെമ്മണ്ണൂർ ഒഴിവായി.

59. **റവ. ഫാ. കൂത്തൂർ ഫെബിൻ**: വികാരി ചെമ്മണ്ണൂർ, അസി. മാനേജർ & അധ്യാപനം ആർത്താറ്റ് ഹോളി ക്രോസ് സ്കൂൾ കൂടി;
വികാരി പുതുരുത്തി, കപ്ലോൻ എസ്. ഡി. വി. ഒഴിവായി.

60. **റവ. ഫാ. ചെറുവത്തൂർ ജോയ്സൻ**: നടത്തുവികാരി പുതുരുത്തി, കപ്ലോൻ എസ്. ഡി. വി.; സഹവികാരി തൃശ്ശൂർ ബസിലിക്ക ഒഴിവായി.

61. **റവ. ഫാ. മാളോക്കാരൻ ജിക്സൺ**: അസി. ഡയറക്ടർ ഡി.ബി.സി.എൽ.സി., ബുക്ക്സ്റ്റാളിന്റെ ഉത്തരവാദിത്വം, താമസം ഡി. ബി. സി. എൽ. സി.;
പ്രീസ്റ്റ് ഇൻ ചാർജ്ജ് അഞ്ചേരി, കപ്ലോൻ എസ്. ഡി., ഒല്ലൂർ ഇടവകയിലെ സേവനം, അസി. ഡയറക്ടർ സി. എൽ. സി. യൂത്ത് & സീനിയർ ഒഴിവായി.

62. **റവ. ഫാ. മാളിയമ്മാവ് പോൾ**: പ്രീസ്റ്റ് ഇൻ ചാർജ്ജ് അഞ്ചേരി, കപ്ലോൻ എസ്. ഡി., ഒല്ലൂർ ഇടവകയിലെ സേവനം കൂടി;
വികാരി വാണിയമ്പാറ ഒഴിവായി.

63. **റവ. ഫാ. തലക്കോട്ടൂർ ഷാന്റോ**: വികാരി വാണിയമ്പാറ, അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, മാതൃവേദി, കുടുംബകൂട്ടായ്മ, LOAF;
നടത്തുവികാരി പൂച്ചിന്നിപ്പാടം ഒഴിവായി.

64. **റവ. ഫാ. ചിറ്റിലപ്പിള്ളി ജെയ്സൻ**: വികാരി വെങ്ങിണിശ്ശേരി; അസോസിയേറ്റ് ഡയറക്ടർ കെ. എൽ. എം. ഒഴിവായി.

65. **റവ. ഫാ. പെരുമാട്ടിൽ ക്രിസ്റ്റോൺ**: പ്രീസ്റ്റ് ഇൻ ചാർജ്ജ് പെരിങ്ങാട്, താമസം പെരിങ്ങാട്, മുല്ലശ്ശേരി ഗുഡ് ഷെപ്പേർഡ് സ്കൂളിൽ സേവനാനുമതി;
വികാരി കുന്നംകുളം, കപ്ലോൻ സി.എം.സി., ആർത്താറ്റ് സ്കൂളിലെ ഉത്തരവാദിത്വം ഒഴിവായി.

66. **റവ. ഫാ. വിതയത്തിൽ ദാവീദ്**: വികാരി കുന്നംകുളം, കപ്ലോൻ സി.എം.സി.;
വികാരി ചിയ്യാരം വിജയമാത, കപ്ലോൻ സി. എം. സി., സി. എച്ച്. എഫ്., ആർ. ജി. എസ്. ഒഴിവായി

67. **റവ. ഫാ. പുലിക്കോട്ടിൽ ജെയ്സൻ:** വികാരി ചിയ്യാരം വിജയമാത, കപ്ലോൻ സി. എം. സി., സി. എച്ച്. എഫ്., ആർ. ജി. എസ്.;
വികാരി വെള്ളാനിക്കോട്, കപ്ലോൻ എസ്. കെ. ഡി. ഒഴിവായി.

68. **റവ. ഫാ. കാട്ടൂക്കാരൻ സിജോ**: വികാരി വെള്ളാനിക്കോട്, കപ്ലോൻ എസ്. കെ. ഡി.

69. **റവ. ഫാ. കാക്കശ്ശേരി ബെസ്റ്റിൻ**: ക്രിസ്റ്റീന ഹോമിൽ സഹായി; നടത്തുവികാരി പൊറത്തൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

70. **റവ. ഫാ. പള്ളിപ്പുറത്തുക്കാരൻ ജിയോ**: വികാരി പൊറത്തൂർ, കപ്ലോൻ എഫ്. സി. സി.

71. **റവ. ഫാ. വല്ലൂരാൻ ജോസ്**: മാനേജർ ആർത്താറ്റ് ഹോളി ക്രോസ് സ്കൂൾ, റെക്ടർ ലേ ലീഡർഷിപ്പ് ഒഴിവായി.

72. **റവ. ഫാ. കൊള്ളന്നൂർ റോയ്സൻ**: മീഡിയ കത്തോലിക്ക അംഗം കൂടി.;
അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി. ഒഴിവായി.

73. **റവ. ഫാ. മുരിങ്ങാത്തേരി സിജോ**: അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി., ചിൽഡ്രൻസ് മിനിസ്ട്രി, അസി. വൊക്കേഷൻ പ്രൊമോട്ടർ കൂടി; സഹവികാരി എറവ് ഒഴിവായി.

74. **റവ. ഫാ. മുണ്ടൻകുരിയൻ റെന്നി**: അസോസിയേറ്റ് ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ഡയറക്ടർ ഡോക്ടേഴ്സ് ഫോറം;
അസോസിയേറ്റ് ഡയറക്ടർ എം. ഐ. ആശുപത്രി, കപ്ലോൻ എഫ്. സി. സി., എം. ഐ. ബോയ്സ് ടൗണിന്റെ ഉത്തരവാദിത്വം ഒഴിവായി.

75. **റവ. ഫാ. ചിരിയങ്കണ്ടത്ത് സുനിൽ**: അസോസിയേറ്റ് ഡയറക്ടർ എം. ഐ. ആശുപത്രി, കപ്ലോൻ എഫ്. സി. സി., എം. ഐ.

ബോയ്സ് ടൗണിന്റെ ഉത്തരവാദിത്വം

76. **റവ. ഫാ. എടക്കളത്തൂർ വർഗ്ഗീസ്**: അസി. മാനേജർ തൊഴിലഭ്യസനപീഠം, സെന്റ് മേരീസ് ഐ. ടി. സി. ഒഴിവായി.
77. **റവ. ഫാ. പൂപ്പാടി തോമസ്**: അസി. മാനേജർ തൊഴിലഭ്യസനപീഠം, സെന്റ് മേരീസ് ഐ. ടി. സി. കൂടി.
78. **റവ. ഫാ. അക്കര രാജു**: ഡയറക്ടർ സെന്റ് ജോസഫ്സ് ഹോം പുല്ലഴി ഒഴിവായി.
79. **റവ. ഫാ. എടക്കളത്തൂർ ലൂവീസ്**: ഡയറക്ടർ സെന്റ് ജോസഫ്സ് ഹോം പുല്ലഴി.
80. **റവ. ഫാ. പൊറത്തൂർ സിന്റോ**: മേരിമാത മേജർ സെമിനാരിയിൽ അധ്യാപനം, താമസം മേരിമാത മേജർ സെമിനാരി, ബലിയർപ്പണം ഹോം ഓഫ് ലവ് മുളയം.
81. **റവ. ഫാ. പൊറുത്തൂർ ഡൈജോ**: ഡിഫന്റർ ഓഫ് ബോണ്ട് ഒഴിവായി.
82. **റവ. ഫാ. ചെറുവത്തൂർ സിജോ**: അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ജൂബിലി ഐ. ടി. സെക്ഷനിലെ ഉത്തരവാദിത്വം ഒഴിവായി.
83. **റവ. ഫാ. മാറോക്കി ജെയ്സൻ**: സെക്രട്ടറി ഇവാഞ്ചലൈസേഷൻ കമ്മീഷൻ ഒഴിവായി.
84. **റവ. ഫാ. മുള്ളക്കര ടിജോ**: അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ഡയറക്ടർ ഡോക്ടേഴ്സ് ഫോറം ഒഴിവായി.
85. **റവ. ഫാ. വടുക്കൂട്ട് തോമസ്**: കപ്ലോൻ സി. എം. സി. തൊഴുപ്പാടം ഒഴിവായി.
86. **റവ. ഫാ. കോരെത് മേജോ**: ഷംഷാബാദ് രൂപതയിൽ സേവനം (ചാൻസലർ)
87. **റവ. ഫാ. ചിറയത്ത് ജീൻ**: ഷംഷാബാദ് രൂപതയിൽ സേവനം;
സഹവികാരി ഒല്ലൂർ ഒഴിവായി.
88. **റവ. ഫാ. ഒലക്കേങ്കിൽ ഡൺസ്റ്റൻ**: ഷംഷാബാദ് രൂപതയിൽ സേവനം;
സഹവികാരി തൃശ്ശൂർ ലൂർദ്ദ് ഒഴിവായി.
89. **റവ. ഫാ. കൊള്ളന്നൂർ അജിത്ത്**: ഷംഷാബാദ് രൂപതയിൽ സേവനം;
സഹവികാരി കൊട്ടേക്കാട് ഒഴിവായി.
90. **റവ. ഫാ. ചിറയത്ത് ഫെബിൻ**: ഷംഷാബാദ് രൂപതയിൽ സേവനം;
സഹവികാരി മറ്റം ഒഴിവായി.

91. **റവ. ഫാ. കൂത്തൂർ അനീഷ്**: ഛാന്ദാ രൂപതയിൽ സേവനം; സഹവികാരി പാവറട്ടി ഒഴിവായി.

92. **റവ. ഫാ. മേച്ചേരി ആന്റണി**: താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം;
സീനിയർ റസിഡന്റ് പ്രീസ്റ്റ് തൃശ്ശൂർ ബസിലിക്ക ഒഴിവായി.

93. **റവ. ഫാ. കാച്ചപ്പിള്ളി ജോസ്**: താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം.

94. **റവ. ഫാ. തേറാട്ടിൽ ജോർജ്ജ്**: താമസം വിയാനി ഭവൻ;
സീനിയർ റസിഡന്റ് പ്രീസ്റ്റ് എരുമപ്പെട്ടി ഒഴിവായി.

95. **റവ. ഫാ. തട്ടിൽ ബർണാർഡ്**: താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം;
സീനിയർ റസിഡന്റ് പ്രീസ്റ്റ് മണലൂർ കിഴക്ക് ഒഴിവായി.

96. **റവ. ഫാ. തേർമഠം ജോർജ്ജ്**: റിട്ടയർമെന്റ്.

97. **റവ. ഫാ. മേനാച്ചേരി ആന്റണി**: വികാരി സരിതപുരം & വരവൂർ.

98. **റവ. ഫാ. ചെറടായി ജിയോ**: വികാരി ആറ്റുപുറം.

99. **റവ. ഫാ. കുറ്റിക്കാട്ട് ജിന്റോ**: വികാരി പാത്രാമംഗലം.

100. **റവ. ഫാ. കൊളമ്പ്രത്ത് മാർട്ടിൻ**: കപ്ലോൻ ഉർസുലൈൻ, സി.എച്ച്.എഫ്. മഡോണ, സി.എസ്.എം. സ്നേഹഭവൻ & ഹോളിസ്പിരിറ്റ് കൂടി;
ബലിയർപ്പണം കൂർക്കഞ്ചേരി സി. എസ്. സി. ഒഴിവായി.

101. **റവ. ഫാ. കുണ്ടുകുളം സ്റ്റിഷിൻ**: ബലിയർപ്പണം കൂർക്കഞ്ചേരി സി. എസ്. സി. കൂടി; കപ്ലോൻ ഉർസുലൈൻ, സി.എച്ച്.എഫ്. മഡോണ, സി.എസ്.എം. സ്നേഹഭവൻ & ഹോളിസ്പിരിറ്റ് ഒഴിവായി.

102. **ഡയറക്ടർ ഡി. ബി. സി. എൽ. സി.**: കപ്ലോൻ സി. എം. സി. കൃപാതീർത്ഥം.

103. **ഡയറക്ടർ JMMCH**: കപ്ലോൻ സി. എം. സി. സെന്റ് പോൾസ് കുരിയച്ചിറ.

104. **റവ. ഫാ. പിണ്ടിയാൻ സാജൻ**: ബലിയർപ്പണം ഹോം ഓഫ് ലവ് ഒഴിവായി.

105. **റവ. ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ**: കപ്ലോൻ മുളയം എസ്. എം. സി. കൂടി;
കപ്ലോൻ എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഹൗസ് ഒഴിവായി.

106. **റവ. ഫാ. കാവുങ്കൽ ഡേവിസ്**: കപ്ലോൻ എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഹൗസ് കൂടി;

കപ്ലോൻ കൂട്ടാല സി. എസ്. എം. ഒഴിവായി.

107. **റവ. ഫാ. താഴത്ത് ജിക്സൺ**: കപ്ലോൻ കൂട്ടാല സി. എസ്. എം.; കപ്ലോൻ മുളയം എസ്. എം. സി. ഒഴിവായി.

108. **റവ. ഫാ. കുരിശ്ശേരി ഫ്രാൻസിസ് CMI**: കപ്ലോൻ എസ്.എം.സി. ചേറൂർ;
കപ്ലോൻ സി. എസ്. സി. മരിയഭവൻ കോലഴി ഒഴിവായി.

109. **റവ. ഫാ. പന്തല്ലൂക്കാരൻ ദേവസ്സി**: കപ്ലോൻ എസ്.എം.സി. ചേറൂർ ഒഴിവായി.

## അസിസ്റ്റന്റുമാർ

110. **റവ. ഫാ. പായിക്കാട്ട് സോബിൻ**: സഹവികാരി പുതുക്കാട് 1, അസി. ഡയറക്ടർ കെ. എൽ. എം.; സഹവികാരി പറപ്പൂർ ഒഴിവായി.

111. **റവ. ഫാ. പുത്തൂർ ലിയോ**: മെത്രാപ്പോലീത്തയുടെ സെക്രട്ടറി കൂടി, കപ്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ;
സഹവികാരി മുക്കാട്ടുകര ഒഴിവായി.

112. **റവ. ഫാ. ചിറ്റിലപ്പിള്ളി ഷെൽറ്റൺ**: മുക്കാട്ടുകര, ആർക്കൈവിസ്റ്റ് കൂടി;
സഹായമെത്രാന്റെ സെക്രട്ടറി, കപ്ലോൻ സി. എം. സി. സെന്റ് പോൾ കുരിയച്ചിറ ഒഴിവായി.

113. **റവ. ഫാ. കുറ്റിക്കാട്ട് ജിസോ**: സഹായമെത്രാന്റെ സെക്രട്ടറി, മെത്രാപ്പോലീത്തൻ കോടതിയിലെ Substitute ഡിഫന്റർ ഓഫ് ബോണ്ട്, ബലിയർപ്പണം സി. എച്ച്. എഫ്. മുക്കാട്ടുകര കൂടി;
മണ്ണുത്തി ഒഴിവായി.

114. **റവ. ഫാ. തണ്ടാശ്ശേരി കനേഡിയൻ**: മണ്ണുത്തി കൂടി; മരിയാപുരം ഒഴിവായി.

115. **റവ. ഫാ. ഇമ്മട്ടി ജോമോൻ**: മരിയാപുരം; നടത്തറ ഒഴിവായി.

116. **റവ. ഫാ. ചിറ്റിലപ്പിള്ളി അൻവിൻ**: നടത്തറ, മീഡിയ കത്തോലിക്ക അംഗം; മുണ്ടൂർ ഒഴിവായി.

117. **റവ. ഫാ. മാറോക്കി ഷിന്റോ**: മുണ്ടൂർ; കോട്ടപ്പടി ഒഴിവായി.

118. **റവ. ഫാ. കൊളമ്പ്രത്ത് ഡിക്സൺ**: കോട്ടപ്പടി കൂടി; കുരിയച്ചിറ ഒഴിവായി.

119. **റവ. ഫാ. വടക്കേത്തല മിഥുൻ**: കുരിയച്ചിറ.

120. **റവ. ഫാ. തേക്കാനത്ത് ജസ്റ്റിൻ**: നോട്ടറി കൂരിയ, താമസം സെന്റ് മേരീസ് മൈനർ സെമിനാരി; പുതുക്കാട് ഒഴിവായി.

121. **റവ. ഫാ. പൂഴിക്കുന്നേൽ ജസ്റ്റിൻ**: പുതുക്കാട് 2;

അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി., ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി, കല്ലോൻ സി. എം. സി. കൃപാതീർത്ഥം ഒഴിവായി.

122. **റവ. ഫാ. നീലങ്കാവിൽ ആൻസൺ**: ജ്യോതി എഞ്ചനീയറിംഗ് ഐ. ടി. വിഭാഗം, പരക്കാട് ഇടവകയിൽ സഹായി, കല്ലോൻ സി. എം. സി. തൊഴുപ്പാടം, താമസം ജ്യോതി എഞ്ചിനീയറിംഗ് കോളേജ്; വടക്കാഞ്ചേരി ഒഴിവായി.
123. **റവ. ഫാ. കിഴക്കേകണ്ണൻചിറ ഫ്രിന്റോ**: വടക്കാഞ്ചേരി; വേലൂർ ഒഴിവായി.
124 **റവ. ഫാ. ചിറ്റിലപ്പിള്ളി അജിത്ത്**: വേലൂർ.
125. **റവ. ഫാ. ചക്കാലക്കൽ സീജൻ**: മറ്റം; തൃശ്ശൂർ ബസിലിക്ക ഒഴിവായി.
126. **റവ. ഫാ. ഊക്കൻ തോമസ്**: തൃശ്ശൂർ ബസിലിക്ക 2
127. **റവ. ഫാ. തട്ടിൽ ട്രെജിൻ**: ഭാഷാപഠനം; താമസം തൃശ്ശൂർ ലൂർദ്ദ്; തൃശ്ശൂർ ലൂർദ്ദ് ഒഴിവായി.
128. **റവ. ഫാ. അന്തിക്കാട്ട് സന്തോഷ്**: തൃശ്ശൂർ ലൂർദ്ദ് 2; തിരൂർ ഒഴിവായി.
129. **റവ. ഫാ. മുത്തിപ്പീടിക മേജോ**: തിരൂർ.
130. **റവ. ഫാ. മാളിയേക്കൽ ജിജോ**: ഒല്ലൂർ 2; കല്ലൂർ കിഴക്ക് ഒഴിവായി.
131. **റവ. ഫാ. അറക്കൽ സ്റ്റീഫൻ**: കല്ലൂർ കിഴക്ക്.
132. **റവ. ഫാ. പെട്ടയിൽ നോബിൾ**: ഭാഷാപഠനം; താമസം സെന്റ് മേരീസ് മൈനർ സെമിനാരി; പുത്തൂർ, പാക്ട് ഒഴിവായി.
133. **റവ. ഫാ. രായപ്പൻ ആന്റോ**: പുത്തൂർ, നോട്ടറി കൂരിയ; വേലൂപ്പാടം ഒഴിവായി.
134. **റവ. ഫാ. മഞ്ഞളി ബിനോയ്**: വേലൂപ്പാടം.
135. **റവ. ഫാ. വട്ടക്കുഴി ഗ്ലാഡ്രിൻ**: പഠനാവധി, താമസം ജ്യോതി എഞ്ചിനീയറിംഗ് കോളേജ്; പുത്തൻപീടിക ഒഴിവായി.
136. **റവ. ഫാ. കണ്ണമ്പുഴ നിന്റോ SDV** : പുത്തൻപീടിക; ഒല്ലൂർ മേരിമാത ഒഴിവായി.
137. **റവ. ഫാ. ചുങ്കത്ത് മിഥുൻ**: ഒല്ലൂർ മേരിമാത.
138. **റവ. ഫാ. ചൂണ്ടൽ ലിവിൻ**: പാവറട്ടി 1; ചേലക്കര ഒഴിവായി.
139. **റവ. ഫാ. മങ്ങാട്ടിലയൻ മേജോ**: ചേലക്കര; വരന്തരപ്പിള്ളി പള്ളിക്കുന്ന് ഒഴിവായി.
140. **റവ. ഫാ. പടിഞ്ഞാക്കര അഭിജിത്ത്**: വരന്തരപ്പിള്ളി പള്ളിക്കുന്ന്.
141. **റവ. ഫാ. മുരിങ്ങാത്തേരി ഗ്രിജോ**: എറവ് കൂടി; നെല്ലിക്കുന്ന് ഒഴിവായി.

142. **റവ. ഫാ. കല്ലറക്കൽ പ്രതീഷ്**: നെല്ലിക്കുന്ന് കൂടി; ഒളരിക്കര, സെക്രട്ടറി മീഡിയ കമ്മീഷൻ ഒഴിവായി.
143. **റവ. ഫാ. മുക്കടയിൽ ജിൻസൻ**: ഒളരിക്കര.
144 **റവ. ഫാ. കണ്ണനായ്ക്കൽ സജിൽ**: ഒല്ലൂർ 1; കണ്ടശ്ശാംകടവ് ഒഴിവായി.
145. **റവ. ഫാ. ഊക്കൻ സിബിൻ**: കണ്ടശ്ശാംകടവ്.
146. **റവ. ഫാ. മഠത്തിപറമ്പിൽ ബിബിൻ MST**: പേരാമംഗലം.
147. **റവ. ഫാ. പുത്തൂർ പ്രകാശ്**: തൃശ്ശൂർ ബസിലിക്ക 1; വെണ്ടോർ ഒഴിവായി.
148. **റവ. ഫാ. ചെമ്മണ്ണൂർ ലിബിൻ**: വെണ്ടോർ.
149. **റവ. ഫാ. വാഴപ്പിള്ളി വിനോയ്**: തൃശ്ശൂർ ലൂർദ്ദ് 1; ചിറ്റാട്ടുകര ഒഴിവായി.
150. **റവ. ഫാ. മങ്ങാട്ടിലയൻ ജോമോൻ**: ചിറ്റാട്ടുകര.
151. **റവ. ഫാ. താണിക്കൽ ജോമോൻ**: കൊട്ടേക്കാട്.
152. **റവ. ഫാ. ചാലിൽ അനു**: പറപ്പൂർ, പാക്സ്; പാലയൂർ ഒഴിവായി.
153. **റവ. ഫാ. അക്കരപട്ട്യേക്കൽ നിർമ്മൽ**: പാലയൂർ.
154. **റവ. ഫാ. തരകൻ റോജൻ**: പഠനാവധി; അരിമ്പൂർ ഒഴിവായി.
155. **റവ. ഫാ. പള്ളിക്കുന്നത്ത് ഷിജോ**: അരിമ്പൂർ; പഴുവിൽ ഒഴിവായി.
156. **റവ. ഫാ. പാണ്ടിയമാക്കിൽ ജോബിഷ് SDV**: പഴുവിൽ.
157. **റവ. ഫാ. നെടുമ്പാക്കാരൻ യേശുദാസ്**: അമ്മാടം; മരത്താക്കര ഒഴിവായി.
158. **റവ. ഫാ. വെളിയൻ സെബി**: മരത്താക്കര; അരണാട്ടുകര ഒഴിവായി.
159. **റവ. ഫാ. താണിക്കൽ അനുവിൻ**: അരണാട്ടുകര; മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി കൂരിയ, ബലിയർപ്പണം സി. എച്ച്. എഫ്. മുക്കാട്ടുകര ഒഴിവായി.
160. **റവ. ഫാ. മാപ്രാണി അലക്സ്**: പാവറട്ടി 2.
161. **റവ. ഫാ. അറക്കപ്പാടൻ ഫ്രാങ്കോ TOR** : പെരിഞ്ചേരി.
162. **റവ. ഫാ. പുളിക്കൻ സിജു**: എരുമപ്പെട്ടി, അസി. ഡയറക്ടർ സി. എൽ. സി.; തലോർ ഒഴിവായി.
163. **റവ. ഫാ. ചിറ്റിലപ്പിള്ളി ജോസഫ്**: തലോർ; ചെങ്ങാലൂർ ഒഴിവായി.
164. **റവ. ഫാ. നെല്ലങ്കര ജിതിൻ**: ചെങ്ങാലൂർ.
165. **റവ. ഫാ. വടക്കേത്തല ജെയ്സൻ**: വിജയപുരം സഹായി; അമ്മാടം സഹായി ഒഴിവായി.
166. **റവ. ഫാ. പുലിക്കോടൻ റെനാൾഡ്**: പഠനാവധി, താമസം സെന്റ്

മേരീസ് മൈനർ സെമിനാരി; പാവറട്ടി ഒഴിവായി.

167. **റവ. ഫാ. പാണ്ടികശ്ശാലവളപ്പിൽ ആന്റണി CMI** : എൽത്തുരുത്ത്.

168. **റവ. ഫാ. ചക്കുംപീടിക മേജോ CMI**: എൽത്തുരുത്ത് ഒഴിവായി.

169. **റവ. ഫാ. പുത്തൂർ അൻജോ CMI**: വരന്തരപ്പിള്ളി കിഴക്ക്.

170. **റവ. ഫാ. ആട്ടോക്കാരൻ ജെബിൻ ജോസ് CMI**: വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി.

**b) വൈദികനിയമനം**

1. ഫാ. മനോജ് കീഴൂരുമുട്ടിക്കൽ – പഠനാവധി; വികാരി പൂച്ചിന്നിപ്പാടം ഒഴിവായി; സാധുത 6.1.2021 മുതൽ.
2. ഫാ. ഷാന്റോ തലക്കോട്ടൂർ – നടത്തുവികാരി പൂച്ചിന്നിപ്പാടം, നടത്തുവികാരി തോളൂർ ഒഴിവായി; സാധുത 6.1.2021 മുതൽ.
3. ഫാ. വർഗ്ഗീസ് കൂത്തൂർ – Archeparchial Delegate to Elthuruth Parish കൂടി; സാധുത 5.1.2021 മുതൽ.
4. ഫാ. ജോയ് മൂക്കൻ – Archeparchial Delegate to Elthuruth Parish ഒഴിവായി; സാധുത 5.1.2021 മുതൽ
5. ഫാ. റിജോ വിതയത്തിൽ – ഇറ്റലിയിൽ പാസ്റ്ററൽ മിനിസ്ട്രി; വികാരി തൊയക്കാവ് & കപ്ലോൻ സി.എസ്.സി. ഒഴിവായി; സാധുത 13.1.2021 മുതൽ.
6. ഫാ. ജെയ്സൻ വട്ടനിരപ്പേൽ – നടത്തു വികാരി തൊയക്കാവ് & കപ്ലോൻ സി.എസ്.സി. ; സാധുത 13.1.2021 മുതൽ.
7. ഫാ. ജാക്സൺ കൂനംപ്ലാക്കൽ – ഇറ്റലിയിൽ പാസ്റ്ററൽ മിനിസ്ട്രി; വികാരി പൊറത്തൂർ & കപ്ലോൻ എഫ്. സി. സി. ഒഴിവായി; സാധുത 13.1.2021 മുതൽ.
8. ഫാ. ബെസ്റ്റിൻ കാക്കശ്ശേരി – നടത്തുവികാരി പൊറത്തൂർ & കപ്ലോൻ എഫ്. സി. സി. ഒഴിവായി; സാധുത 13.1.2021 മുതൽ.
9. ഫാ. ഫ്രാൻസോ തെക്കത്ത് – പഠനാവധി; സഹവികാരി ഒല്ലൂർ ഒഴിവായി; സാധുത 13.1.2021 മുതൽ.
10. ഫാ. ജോയ് മൂക്കൻ – ഡയറക്ടർ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഴിവായി; സാധുത 15.01.2021 മുതൽ.
11. ഫാ. സിംസൺ ചിറമ്മൽ – ഡയറക്ടർ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്; അസി. ഡയറക്ടർ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഴിവായി; സാധുത 15.01.2021 മുതൽ.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ-സിഞ്ചെല്ലൂസ്

# നാളാഗമം

## ജനുവരി 2021

1. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഇടവകാംഗമായ ഡീക്കൻ ജോമോൻ താണിക്കലിന്റെ തിരുപ്പട്ടത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. അന്നേദിവസം വൈകിട്ട് നവീകരിച്ച ബസിലിക്ക ദൈവാലയത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. എടക്കളത്തൂർ ഇടവകയിൽ ഡീക്കൻ ബിനോയ് മുളയ്ക്കൽ സി. എം. ഐ.യ്ക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി വൈദിക പദവിയിലേക്ക് ഉയർത്തി. അന്നേ ദിവസം തൃശ്ശൂർ ജില്ല ആശുപത്രിയിൽ നേതൃത്വത്തിൽ നടത്തിയ ഭക്ഷണ കിറ്റ് വിതരണത്തിൽ പങ്കെടുക്കുകയും സംഘാടകർക്ക് അനുമോദനങ്ങൾ നേരുകയും ചെയ്തു.
2. വെട്ടുകാട് ഇടവകയിൽ എസ്.ഡി.വി. സന്യാസ സമൂഹത്തിനുവേണ്ടി വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ജോബിഷ് പാണ്ടിയമാക്കിലിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി.
3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പേരകം ഇടവകയിൽ കപ്പൂച്ചിൻ

സഭാംഗമായ ഡീക്കൻ സിന്റോ അറക്കലിന്റെ തിരുപ്പട്ടത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പാവറട്ടി തീർത്ഥകേന്ദ്രത്തിൽ വച്ച് വിശുദ്ധ ഔസേഫിന് പ്രതിഷ്ഠിതമായ വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. രാമനാഥപുരം രൂപതയിൽ സേവനം ചെയ്യുന്ന തൃശ്ശൂർ രൂപതാംഗമായ വൈദികരെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അവരായിരിക്കുന്ന ഇടവകയിൽ പോയി സന്ദർശിച്ചു.

6. പുല്ലംകണ്ടം ഇടവകയിൽ പുതുക്കി പണിയാൻ പോകുന്ന ദൈവാലയത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് ശിലാസ്ഥാപനം നടത്തി. മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ കമ്മീഷനുവേണ്ടി ആലുവ സെമിനാരിയിലേക്ക് പോയി.

7. അഭിവന്ദ്യ താഴത്ത് പിതാവ് ചൊവ്വന്നൂർ ചാരിറ്റി കോൺവെന്റിലെ നവീകരിച്ച ചാപ്പലിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. ആലുവ സെമിനാരിയിൽ കമ്മീഷനിൽ ടോണി പിതാവ് പങ്കെടുത്തു.

8. അഭിവന്ദ്യ താഴത്ത് പിതാവ് മൗണ്ട് സെന്റ് തോമാസിൽ വച്ച് നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

9. അഭിവന്ദ്യ താഴത്ത് പിതാവ് മുക്കാട്ടുകര ഇടവകയിലെ പുതുതായി നിർമ്മിച്ച കല്ലറകളുടെ വെഞ്ചിരിപ്പ് നടത്തി. അന്നേദിവസം ഉച്ചകഴിഞ്ഞ് എ.കെ.സി.സി.യുടെ നേതൃത്വത്തിൽ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്തു. വൈകിട്ട് കൊമ്പഴയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പു കർമ്മം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഷെക്കെയ്ന ടെലിവിഷനിൽ ഓൺലൈനിലൂടെ വി. ബലിയർപ്പിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് കോലഴി സി.എം.സി സന്യാസ സമൂഹത്തിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചക്കുശേഷം ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് കെ.സി.വൈ.എം. സംഘടനയുടെ സമ്മാനദാനം നടത്തി. കോലഴി ചാരിറ്റി പ്രൊവിൻഷ്യലേറ്റിൽ സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് അഭിവന്ദ്യ ടോണി പിതാവ് ആശംസകൾ നേരുകയും അവർക്കുവേണ്ടി കൃതജ്ഞതാ ബലിയർപ്പിക്കുകയും ചെയ്തു. അന്നേ ദിവസം ടോണി പിതാവ് പേരാമംഗലം ഇടവകയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ ആശീർവദിക്കുകയും ചെയ്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരിസ് മൈനർ സെമിനാരി

യിൽ വച്ച് വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് മൗണ്ട് കാൽവരി സന്യാസസഭാംഗമായ സിസ്റ്ററുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് നേതൃത്വം വഹിച്ചു. കണ്ടശ്ശാംങ്കടവ് ഇടവകയിൽ അഭിവന്ദ്യ ടോണി പിതാവ് അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. സീറോമലബാർ പിതാക്കൻമാരുടെ അഞ്ച് ദിവസത്തെ (2021 ജനുവരി 11–15) സിനഡിൽ അഭിവന്ദ്യ പിതാക്കൻമാർ ഓൺലൈനിലൂടെ പങ്കെടുത്തു.

13. പടവരാട് ഇടവകയിൽ അഭിവന്ദ്യ ടോണി പിതാവ് അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. തൃശ്ശൂർ രൂപതയുടെ ഡീ അഡിക്ഷൻ സെന്ററായ നെസ്റ്റിൽ മാർ ടോണി പിതാവ് വി. ബലിയർപ്പിച്ചു.
14. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് എം. എം. ബി സന്യാസ സഭാംഗമായ ബ്രദറിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് നേതൃത്വം നല്കി. ചേറ്റുപുഴ ഇടവകയിൽ അഭിവന്ദ്യ ടോണി പിതാവ് അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.
15. അഭിവന്ദ്യ താഴത്ത് പിതാവ് കാച്ചേരിയിലുള്ള മഡോണ ഐ. ടി. ഐ. വെഞ്ചിരിപ്പ് കർമ്മം നടത്തി. മാർ ടോണി പിതാവ് വേലൂർ ഇടവക ദൈവാലയത്തിലെ തിരുനാളിനൊരുക്കമായി കൊടി ഉയർത്തുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.
16. അഭിവന്ദ്യ താഴത്ത് പിതാവ് കണ്ടശ്ശാംകടവ് ഇടവകാംഗമായ ഫാ. ലൂവിസ് ചാലക്കലിന്റെ മൃതസംസ്ക്കാരത്തോടനുബന്ധിച്ചുള്ള വിശുദ്ധ ബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മുണ്ടത്തിക്കോട് ഇടവകയിൽ അഭിവന്ദ്യ ടോണി പിതാവ് നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.
17. അഭിവന്ദ്യ താഴത്ത് പിതാവ് രാമനാഥപുരം രൂപതയിലെ കുനിയമുത്തൂർ വിശുദ്ധബലിയർപ്പിച്ചു പ്രാർത്ഥിച്ചു. വടൂക്കര ഇടവക പള്ളിയുടെ ജൂബിലിയോടനുബന്ദിച്ച് മാർ ടോണി പിതാവ് ഇടവക ദൈവാലയത്തിൽ ദിവ്യ ബലിയർപ്പിച്ചു. അന്നേ ദിവസം ചിയ്യാരം ഇടവകയിൽ വച്ച് നടന്ന കെ. എൽ. എം. സംഘടനയുടെ ജനറൽ ബോഡി മീറ്റിംഗിൽ മാർ ടോണി പിതാവ് പങ്കെടുത്തു.
18. അഭിവന്ദ്യ താഴത്ത് പിതാവ് വെസ്റ്റ് ഫോർട്ട് നിർമ്മലാലയം കോൺവെന്റിൽ എസ്.എൽ.എം.ഐ. സിസ്റ്റേഴ്സിന്റെ ജൂബിലിയിൽ പങ്കെടുത്തു. ചൊവ്വന്നൂർ ഇടവകയിൽ വി. സെബസ്ത്യനോസിന്റെ തിരുനാൾ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി പിതാവ് മുഖ്യ

കാർമ്മികത്വം വഹിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കരയുള്ള എം.എം.ബി ജനറ ലേറ്റിൽ ജനറൽ സിനാക്സിസിൽ സന്ദേശം നല്കി. മരത്താക്കര എം.എം.ബി. ആശ്രമത്തിൽ ജനറൽ ചാപ്റ്ററിന് ഒരുക്കമായി മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലിയർപ്പിച്ചു. അന്നേ ദിവസം അരണാട്ടുകര ഇടവകയിൽ തിരുനാളിന്റെ ഭാഗമായി കൂടുതുറക്കൽ ശുശ്രൂഷാ കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.

20. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർമ്മലപുരം ഇടവ കയുടെ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ മുഖവാര ത്തിൽ പ്രതിഷ്ഠിക്കുന്ന വി. കുരിശ് ആശീർവദിച്ചു. മണ്ണംപേട്ട മർത്താ കോൺവെന്റിൽ മാർ ടോണി പിതാവ് വി. ബലിയർപ്പിച്ചു.

21. ബോൺ നത്താലെയുടെ സമാപനത്തിന്റെ ഭാഗമായുള്ള മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. രാത്രിയിൽ മുളയം മേരി മാതാ മേജർ സെമിനാരിയിൽ വച്ച് നടന്ന യാത്രയയപ്പ് സമ്മേളന ത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. മാർ ടോണി പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ദിവ്യ ബലിയർപ്പി ച്ചു. അന്നേ ദിവസം മേരീമാതാ സെമിനാരിയിൽ ദീർഘകാലം സ്തുത്യർഹമായ സേവനത്തിനു ശേഷം വിശ്രമത്തിനായി പോകുന്ന ബഹു. തോമസ് സ്രാമ്പിക്കലച്ചന് നൽകുന്ന യാത്രയയ പ്പിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു.

22. മാർത്തോമാ മെത്രാപ്പോലീത്തയോടുകൂടി നെല്ലിക്കുന്നുള്ള അഗതി മന്ദിരം അഭിവന്ദ്യ താഴത്ത് പിതാവ് സന്ദർശിച്ചു. സി.ബി.സി.ഐ. യുടെ വിദ്യഭ്യാസ സാംസ്കാരിക സമിതിയുടെ പ്രാദേശിക സെക്ര ട്ടറിമാരുടെ സമ്മേളനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടു ത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ നടന്ന സിമ്പോസിയത്തിൽ പങ്കെടുത്തു. ഗുരുവായൂർ എൽ.എഫ്. കോളേ ജിൽ വച്ച് നടന്ന എഫ്.സി.സി. സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. മേരീ മാത മേജർ സെമിനാരിയിൽ അഭിവന്ദ്യ മാർ ടോണി പിതാവ് ദിവ്യ ബലിയർപ്പിക്കുകയും സെമിനാരിയിൽ വച്ച് നടത്തപ്പെട്ട സിമ്പോ സിയത്തിൽ പങ്കെടുക്കുകയും ചെയ്തു.

24. നവവൈദികർക്കുള്ള പരിശീലനപരിപാടി അഭിവന്ദ്യ താഴത്ത്

പിതാവ് ഉദ്ഘാടനം ചെയ്തു. ഉച്ചക്കുശേഷം നെല്ലങ്കര പള്ളിയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബ്ബാനയർപ്പിക്കുകയും സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി പിതാവ് രാവിലെ ഷെക്കെയ്ന ചാനലിൽ ഓൺലൈനായി കുർബാനയർപ്പിക്കുകയും, ചേറ്റുപുഴ ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു. അന്നേ ദിവസം ഉച്ചതിരിഞ്ഞ് സി. മേരി കണ്ണമ്പുഴ SND യുടെ മൃതസംസ്ക്കാര കർമ്മങ്ങളിൽ മാർ ടോണി പിതാവ് പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് നവവൈദികരോടൊപ്പം വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. സി.എം.സി. സന്യാസസഭാംഗമായ സിസ്റ്റർ പ്രഭയുടെ മൃതസംസ്ക്കാരത്തിൽ പങ്കെടുത്തു. ഒളരി ഇടവക ദൈവാലയത്തിൽ അഭിവന്ദ്യ മാർ ടോണി പിതാവ് ദിവ്യ ബലിയർപ്പിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് കാഞ്ഞാണി പള്ളിയുടെ പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കൻമാർ ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തപ്പെട്ട മതബോധന മെറിറ്റ് ഡേയിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് മാതൃവേദിയുടെ നേതൃത്വത്തിൽ നടന്ന പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിലെ ജൂനിയർ അധ്യാപകരുടെയും നോൺ ടീച്ചിംഗ് സ്റ്റാഫിന്റെയും മീറ്റിംഗുകളിൽ പങ്കെടുത്തു. വൈകിട്ട് അതിരൂപത സാമ്പത്തിക സമിതിയോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് PAROCന്റെ നേതൃത്വത്തിൽ നടന്ന ഓൺലൈൻ സെമിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെളപ്പായ ഇടവകയിൽ വി. ബലിയർപ്പിച്ചു. പാവറട്ടിയിലെ സി.എം.ഐ. സന്യാസസമൂഹത്തിന്റെ ബി.എഡ്. കോളേജിന്റെ പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം കൺസ്ട്രക്ഷൻ കമ്മറ്റിയുടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് പറോകിന്റെ സെമിനാറിൽ സംബന്ധിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് കുറ്റൂർ പള്ളിയിൽ നവീകരിച്ച അൾത്താരയുടെ വെഞ്ചരിപ്പും ഇടവക ഡയറക്ടറിയുടെ പ്രകാശ

നവും നിർവഹിക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. മണ്ണുത്തിയിൽ വച്ച് സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ചാഴൂർ ഇടവകയിൽ വി. ബലിയർപ്പിച്ച് കൂടുതുറക്കൽ ശുശ്രൂഷക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.


31. അഭിവന്ദ്യ താഴത്ത് പിതാവ് മനക്കൊടി ഇടവകയിലെ പാരിഷ് ഹാളിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെളുത്തൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

**അവിടുന്ന് തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.**

***ലൂക്കാ 1 : 48***

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

വി. യൗസേപ്പിതാവിന്റെ വർഷത്തിലാണല്ലോ നാം. മാർ യൗസേപ്പിതാവിനെക്കുറിച്ച് അന്തോണിയച്ചൻ നടത്തുന്ന പ്രഭാഷണം ഏറെ ഹൃദയസ്പർശിയാണ്. 'ജോസഫിന്റെ പക്കലേക്ക് പോകുക' (ഉൽപത്തി 41:55) ഈ വാക്കുകൾ വിവിധ കാലങ്ങളിൽ, നാനാദേശങ്ങളിൽ നിന്നും നാം കേൾക്കുന്നു. 1870 ഡിസംബർ 8ന് ഒമ്പതാം പീയൂസ് പാപ്പ പ്രസിദ്ധീകരിച്ച തിരുവെഴുത്തിൽ വി. യൗസേപ്പിനെ തിരുസ്സഭയുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചത് അച്ചൻ അനുസ്മരിക്കുന്നു. വിശുദ്ധനോടുള്ള സ്നേഹത്തേയും അദ്ദേഹത്തിന്റെ സംരക്ഷണയിലുള്ള ശരണത്തേയും വർദ്ധിപ്പിക്കുവാൻ ഇത് കാരണമായിരിക്കുന്നു. നാം വി. യൗസേപ്പിൽ (1) തിരുസഭയുടെ സാർവ്വത്രിക മദ്ധ്യസ്ഥനേയും സംരക്ഷകനേയും (2) നാമോരോരുത്തരുടെയും മദ്ധ്യസ്ഥനേയും സംരക്ഷകനേയും കണ്ടെത്തണം. സകല ആക്രമണങ്ങളിൽ നിന്നും സഭയെ കാത്തു രക്ഷിക്കുകയും ദൈവസിം



ഹാസനത്തിങ്കൽ തിരുസ്സഭയുടെ ശ്രേയസ്സിനായി മദ്ധ്യസ്ഥം പറയുകയും നമ്മുടെ അപേക്ഷാദികളെ സമർപ്പിക്കുകയും ചെയ്യുന്നവനാണ് മാർ യൗസേപ്പ്.

ഉൽപത്തി പുസ്തകത്തിൽ ഈജിപ്തിലെ ക്ഷാമകാലത്ത് ഫറവോയുടെ അടുത്തു ചെന്നവരെ രാജാവു തന്നെ 'ജോസഫിന്റെ പക്കലേക്കു പോകുക' എന്നു കല്പിച്ചതും ലോകരക്ഷകൻ എന്ന അഭിവാദനം രാജാവിൽ നിന്ന് പൂർവ്വ യൗസേപ്പ് സമ്പാദിച്ചതും (ഉൽപത്തി 41, 45) ഈ പ്രസംഗത്തിൽ ദൈവദാസൻ അനുസ്മരിക്കുന്നു. വി. യൗസേപ്പിന്റെ പൂർവ്വപ്രതിനിധിയായ പൂർവ്വയൗസേപ്പ് ഒരു ദേശത്തിന്റെ സംരക്ഷകനായിരുന്നെങ്കിൽ വി. യൗസേപ്പ് കത്തോലിക്കാസഭ മുഴുവന്റെയും സംരക്ഷകനാണ്. ഈ മഹത്തായ ജോലിക്കായി മാർ യൗസേപ്പ് തന്റെ സ്നേഹസമ്പൂർണ്ണമായ ഹൃദയം ഒരുക്കുന്നു. തന്റെ ജീവിതത്തിലുട നീളം മാർ യൗസേപ്പിതാവിനോടുള്ള സവിശേഷ ഭക്തി ദൈവദാസൻ തച്ചുപറമ്പിലച്ചൻ പുലർത്തിയിരുന്നു. നിരവധി വെല്ലുവിളികൾക്കു മദ്ധ്യേ, തിരുസ്സഭയുടെയും പ്രത്യേകമായി നമ്മുടെ വ്യക്തിജീവിതത്തിന്റെയും സംരക്ഷകനും സഹായകനുമായി മാർ യൗസേപ്പിതാവിനെ നമുക്ക് ഏറ്റുപറയാം.


**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

**വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ, സ്നേഹമാണ് സർവോത്കൃഷ്ടം.**

*1 കോറിന്തോസ് 13 : 12-13*

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

കരുണാർദ്രമായ സ്നേഹത്തോടെ പിതൃസഹജമായ ഉത്കണ്ഠയോടെ നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുന്ന പിതാവിനെയാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ദൈവത്തിൽ ദർശിച്ചത്. അതിനാൽ, തന്നെ മുഴുവനായും ആ കരങ്ങളിലേയ്ക്ക് സമർപ്പിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ദൈവമേ സ്നേഹത്തോടുകൂടി ഞാനങ്ങയെ പിതാവേ എന്ന് വിളിക്കും, ഞാൻ അങ്ങേയ്ക്ക് യോജിച്ച മകനായിരിക്കും. വെറും ആറ് വയസ്സിനുള്ളിൽ മാതാപിതാക്കൾ മരണം മൂലം വേർപിരിഞ്ഞപ്പോൾ തന്റെ സംരക്ഷണം പിതാവിന് വിട്ടുകൊടുത്തുകൊണ്ട് ഊക്കനച്ചൻ ഇങ്ങനെ കൂട്ടിച്ചേർത്തു: ഒരു അനാഥനായ എനിക്ക് ദൈവത്തെ പിതാവേ എന്ന് വിളിക്കുന്നതിന് പ്രത്യേക അവകാശമുണ്ട്. ഞാൻ അതിൽ ആനന്ദിക്കുകയും പിതാവിന് നന്ദി പറയുകയും ചെയ്യുന്നു. ഒരു അനാഥബാലൻ എന്ന നാമധേയം ശൈശവത്തിൽത്തന്നെ അദ്ദേഹത്തിന് സ്വന്തമായെങ്കിലും



സ്വർഗ്ഗപിതാവിന്റെ അരുമപുത്രനായി മാറുവാൻ അതുപകരിച്ചു എന്ന് തന്റെ പൗരോഹിത്യരജതജൂബിലിവേളയിൽ അദ്ദേഹം വ്യക്തമാക്കി: അനാദികാലം മുതൽ ദൈവം എന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്തു. ഞാൻ, ദൈവത്തിന്റെ സ്നേഹഭാജനമായി മാറുന്നു... എന്റെ ശൈശവദശയിൽ, മാതാപിതാക്കൾ വിടപറഞ്ഞപ്പോൾ ഞാൻ ഈ ലോക മഹാസമുദ്രത്തിൽ നിരാലംബനായിത്തീർന്നു... എന്നാൽ അങ്ങ് എന്നെ സ്വീകരിച്ചു. എന്റെ വിദ്യാഭ്യാസം, സെമിനാരിപ്രവേശനം, പൗരോഹിത്യം, രൂപതയിലെ ഉയർന്നജോലികൾ, ഇപ്പോഴും ബഹുമാനിക്കപ്പെടുന്ന അവസ്ഥ... ഇതിന് പകരമായി ഞാൻ അവിടുത്തേയ്ക്ക് എന്ത് നൽകും? എന്റെ ആത്മാവേ നീ കർത്താവിനെ പ്രകീർത്തിക്കുക. സ്വർഗ്ഗപിതാവിന്റെ ഈ കരുണാർദ്രസ്നേഹം അനുഭവിച്ചറിഞ്ഞതിനാലാണ് പിൽക്കാലത്ത് കരുണാർദ്രസ്നേഹത്തിന്റെ അപ്പസ്തോലനായി മാറുവാൻ ഊക്കനച്ചന് കഴിഞ്ഞതും ഇന്നും തന്റെ മാധ്യസ്ഥത്താൽ ആയിരങ്ങളിലേയ്ക്ക് ആ കരുണയുടെ ദാനങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നതും.

നമുക്കും സ്വർഗ്ഗപിതാവിന്റെ കരുണ തേടാം! കാരുണ്യവാനാണ് ദൈവം എന്ന് അനുദിനജീവിതാനുഭവങ്ങളിലൂടെ ദർശിക്കാം. മഹാമാരിയുടെ ഈ നാളുകളിൽ നമ്മോട് കരുണ കാണിച്ചുകൊണ്ടിരിക്കുന്ന, പരിപാലിച്ചുകൊണ്ടിരിക്കുന്ന സ്വർഗ്ഗീയ അപ്പച്ചനിൽ എല്ലാം സമർപ്പിക്കാം! ഊക്കനച്ചനെപോലെ നമുക്കും വിളിക്കാം: എന്റെ പിതാവേ!

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

**പാവങ്ങളെപ്പറ്റി ചിന്തവേണം എന്നുമാത്രമേ ഞങ്ങളോട് അവർ ആവശ്യപ്പെട്ടുള്ളു. അതുതന്നെയാണ് എൻെറ തീവ്ര മായ താത്പര്യം.**

*ഗലാത്തിയ 2 : 10*

# ആദരാഞ്ജലികൾ



## റവ. ഫാ. ജോസഫ് പുളിക്കൻ (83)

പൗരോഹിത്യത്തിന്റെ പുണ്യവീഥിയിലൂടെ ആറു പതിറ്റാണ്ടുകളോളം അജപാലന ഔത്സുക്യത്തോടും ത്യാഗപൂർണ്ണമായ സേവനങ്ങളിലൂടെയും പ്രയാണം ചെയ്ത തൃശ്ശൂർ അതിരൂപതയിലെ വൈദികനായ ബഹു. പുളിക്കൻ ജോസഫച്ചൻ 2021 ഫെബ്രുവരി 15ന് രാത്രി 11 മണിക്ക് അന്തരിച്ചു.

തൃശ്ശൂർ അതിരൂപതയിലെ അരണാട്ടുകര ഇടവകയിലെ പുളിക്കൻ പരേതരായ പൗലോസ് മറിയം ദമ്പതികളുടെ മകനായി 1938 ഏപ്രിൽ 16 ന് ബഹു. ജോസഫച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1964 മാർച്ച് 11ന് മാർ ജോർജ്ജ് ആലപ്പാട്ടു പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിനുവേണ്ടി ആത്മക്കളെ നേടുവാനുള്ള ഉൾവിളിയുമായി പുത്തൻപീടിക, മറ്റം, ഒളരിക്കര, തൃശൂർ സെന്റ് ആൻസ് എന്നീ ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം കുണ്ടന്നൂർ, പോട്ട, ഇരിങ്ങാലക്കുട കിഴക്കേപള്ളി, കണ്ണംകുളങ്ങര, നെല്ലങ്കര എന്നിവിടങ്ങളിൽ നടത്തു വികാരിയായും സേവനമനുഷ്ഠിച്ചുണ്ട്. തങ്ങാലൂർ, ചിറ്റാട്ടുകര, മാള, പാവറട്ടി, പെരുവല്ലൂർ, കുരിയച്ചിറ, വടക്കാഞ്ചേരി, ഒല്ലൂർ, തൃശൂർ ബസിലിക്ക, പഴുവിൽ, തൃപ്രയാർ, കണ്ടശാങ്കടവ്, തിരൂർ, തൃശൂർ ലൂർദ് കത്തീഡ്രൽ, മരത്താക്കര, നിർമലപുരം, മറ്റം എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു.

നാലുവർഷം തൃശൂർ രൂപതയുടെ മിഷൻ സ്റ്റേഷനായ കല്യാണിൽ ഒരു തികഞ്ഞ മിഷനറിയായി ശുശ്രൂഷ ചെയ്തിട്ടുള്ള അച്ചൻ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ പ്രഫസറായും അച്ചൻ നാലുവർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിരവധി വിദേശ രാജ്യങ്ങളിൽ സന്ദർശിച്ചിട്ടുള്ള ജോസഫച്ചൻ ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദവും സിറിയൻ, ലാറ്റിൻ ഭാഷകളിൽ പ്രാവീണ്യവും നേടിയിട്ടുണ്ട്. അജപാലനകർമ്മമണ്ഡലങ്ങളിൽ ആഴമേറിയ സുഹൃദ്ബന്ധങ്ങൾ കാത്തുസൂക്ഷിച്ച ജോസഫച്ചൻ അതിരൂപതയ്ക്കും വൈദികർക്കും വേണ്ടി ശബ്ദിക്കുന്ന ചാലകശക്തിയായിരുന്നു. ഏതു പ്രതിസന്ധിയിലും കുലുങ്ങാത്ത മനോധൈര്യവും എന്തിനെയും ആർജ്ജവത്തോടെയും പുഞ്ചിരിയോടെയും നേരിട്ടിരുന്ന അച്ചൻ തന്റെ ആപ്തവാക്യം "Be good for God and Man" പൂർണ്ണമായും ജീവിതത്തിൽ ഉൾകൊണ്ട് അക്ഷരാർത്ഥത്തിൽ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ ജീവിതത്തിലൂടെ എല്ലാവർക്കും ഉത്തമ മാതൃകയായിരുന്നു.

2013 ജൂൺ 3 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ ജോസഫച്ചൻ വിശ്രമജീവിതം നയിക്കുകയായിരുന്നു. ത്രേസ്യ, റോസി, ദേവസി, അച്ചായി, ജോർജ്, സിസ്റ്റർ ജെന്റില എഫ്സിസി, ജോണി (പരേതൻ), ഫ്രാൻസിസ്, സിൽവി എന്നിവർ അച്ചന്റെ സഹോദരങ്ങളാണ്. അതിരൂപതയിലെ വൈദികനായ ബഹു. സിജു പുളിക്കൻ അച്ചൻ ജോസഫച്ചന്റെ അടുത്ത ബന്ധുവാണ്.

മൃതദേഹം 2021 ഫെബ്രുവരി 17 ബുധൻ ഉച്ചത്തിരിഞ്ഞ് 2 മണി മുതൽ വൈകീട്ട് 5 മണി വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലും, അതിനുശേഷം അരണാട്ടുക്കരയിലെ സ്വവസതിയിലും പൊതുദർശനത്തിനു വെച്ചു. 2021 ഫെബ്രുവരി 18 വ്യാഴം രാവിലെ 9.30 മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ വീട്ടിൽ നിന്ന് ആരംഭിച്ചു. ശേഷം മൃതദേഹം അരണാട്ടുക്കര പള്ളിയിലേക്ക് സംവഹിക്കുകയും മൃതസംസ്ക്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിലും മൂന്നും നാലും ഭാഗങ്ങൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിലും നടത്തപ്പെട്ടു.

**മാതൃക അജപാലന ശുശ്രൂഷയിലൂടെ അജഗണത്തെ കർത്താവിലേക്കടുപ്പിക്കുവാൻ അശ്രാന്ത പരിശ്രമം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോസഫ് പുളിക്കനച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഷിന്റോ പാറയിൽ | 01 |
| ഫാ. ജെയിംസ് വടക്കൂട്ട് | 01 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 02 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 02 |
| ഫാ. ഡേവിസ് പനംകുളം | 03 |
| ഫാ. അഗസ്റ്റിൻ മംഗലം | 03 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ഷാജൻ ചീരമ്പൻ | 03 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 05 |
| ഫാ. സെബി വെളിയൻ | 05 |
| ഫാ. റോയ് മൂക്കൻ | 06 |
| ഫാ. ബിനു പറോക്കാരൻ | 07 |
| ഫാ. ടിജോ മുള്ളക്കര | 07 |
| ഫാ. റാഫി തട്ടിൽ | 07 |
| ഫാ. ഡെന്നി താണിക്കൽ | 07 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 08 |
| ഫാ. ഡേവിസ് ചെറയത്ത് (Sr) | 08 |
| ഫാ. പോൾ പയ്യപ്പിള്ളി | 09 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 10 |
| ഫാ. സിജോ അരിക്കാട്ട് | 10 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 13 |
| ഫാ. ഫിജോ ആലപ്പാടൻ | 14 |
| ഫാ. ജോബി ചുള്ളിക്കാടൻ | 14 |
| ഫാ. തോമസ് വേലൂക്കാരൻ | 15 |
| ഫാ. ജോസ് തെക്കേക്കര (Sr) | 16 |
| ഫാ. ജിൻസൻ മുക്കടയിൽ | 18 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 18 |
| ഫാ. ജോസഫ് അറാശ്ശേരി | 20 |
| ഫാ. പ്രകാശ് പുത്തൂർ | 21 |
| ഫാ. ലിയോ പുത്തൂർ | 23 |
| ഫാ. ബിൽജു വാഴപ്പിള്ളി | 23 |
| ഫാ. ഡൊമിനി ചാഴൂർ | 23 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 23 |
| ഫാ. ഡൊമിനിക് തലക്കോടൻ | 23 |
| ഫാ. മിഥുൻ വടക്കേത്തല | 24 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 24 |
| ഫാ. സാജൻ പിണ്ടിയാൻ | 26 |
| ഫാ. ഫ്രാൻസിസ് തരകൻ | 27 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 28 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 29 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 29 |
| ഫാ. ജോസ് കോനിക്കര (Sr) | 29 |
| ഫാ. പോൾ പിണ്ടിയാൻ | 30 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. പ്രിൻസ് നായങ്കര | 19 |
| ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ | 19 |
| ഫാ. ജോജു പനക്കൽ | 19 |
| ഫാ. ജിജോ പിടിയത്ത് | 19 |
| ഫാ. പ്രകാശ് പുത്തൂർ | 19 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 19 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 19 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 19 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 19 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 19 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 19 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 19 |
| ഫാ. നോബി അമ്പൂക്കൻ | 19 |
| ഫാ. ടോണി അരിമ്പൂർ | 19 |
| ഫാ. ജെറിൻ അരിമ്പൂർ | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജോസഫ് അറാശ്ശേരി | 19 |
| ഫാ. ജിജോ മാളിയേക്കൽ | 19 |
| ഫാ. സനൽ മാളിയേക്കൽ | 19 |
| ഫാ. ജെയ്സൻ മാറോക്കി | 19 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 19 |
| ഫാ. റോയ് മൂക്കൻ | 19 |
| ഫാ. അലക്സ് മരോട്ടിക്കൽ | 19 |
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 19 |
| ഫാ. ബിജു ആലപ്പാട്ട് | 19 |
| ഫാ. ജോഷി ആളൂർ | 19 |
| ഫാ. ജോസ് എടക്കളത്തൂർ | 19 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 19 |
| ഫാ. ജോസ് വട്ടക്കുഴി | 19 |
| ഫാ. ജോസ് വള്ളൂരാൻ | 19 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 19 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 19 |
| ഫാ. റിജോ വിതയത്തിൽ | 19 |
| ഫാ. ജോബ് വടക്കൻ | 19 |
| ഫാ. റോയ് വടക്കൻ | 19 |
| ഫാ. പ്രതീഷ് കല്ലറക്കൽ | 19 |
| മോൺ. ജോസഫ് കാക്കശ്ശേരി | 19 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 19 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 19 |
| ഫാ. ജോയ് കൂത്തൂർ | 19 |
| ഫാ. ഡിറ്റോ കൂള | 19 |
| ഫാ. ജോബി കടപ്പൂരാൻ | 19 |
| ഫാ. ജിയോ കടവി | 19 |
| ഫാ. സിന്റോ കരേപറമ്പൻ | 19 |
| ഫാ. ജോസ് ചാലക്കൽ | 19 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 19 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോളി ചിറമ്മൽ | 19 |

| | |
|---|---|
| ഫാ. ഫെബിൻ ചിറയത്ത് | 19 |
| ഫാ. ജോഫി ചിറയത്ത് | 19 |
| ഫാ. ഷാജു ചിറയത്ത് | 19 |
| ഫാ. ഷാജൻ ചീരമ്പൻ | 19 |
| ഫാ. ജോബി ചുള്ളിക്കാടൻ | 19 |
| ഫാ. ലിവിൻ ചൂണ്ടൽ | 19 |
| ഫാ. അനീഷ് നെല്ലിക്കൽ | 19 |
| ഫാ. സിന്റോ പൊറത്തൂർ | 19 |
| ഫാ. ഡൈജോ പൊറുത്തൂർ | 19 |
| ഫാ. ജോസ് ഐനിക്കൽ | 19 |
| ഫാ. സിജോ ചെറുവത്തൂർ | 19 |
| ഫാ. ജിയോ ചെറടായി | 19 |
| ഫാ. റിജോയ് തൈവളപ്പിൽ | 19 |
| ഫാ. ജിയോ തെക്കിനിയത്ത് | 19 |
| ഫാ. ജോസ് തെക്കേക്കര (Sr) | 19 |
| ഫാ. ജോസ് തെക്കേക്കര (Jr) | 19 |
| ഫാ. ജോസ് കോനിക്കര (Sr) | 19 |
| ഫാ. ജോസ് കോനിക്കര (Jr) | 19 |
| ഫാ. നിബിൻ തളിയത്ത് | 19 |
| ഫാ. ജിക്സൻ താഴത്ത് | 19 |




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ചെറയത്ത് ഔസേപ്പ് | 14.03.1891 |
| ഫാ. പാറക്കൽ തോമസ് | 30.03.1891 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16.03.1893 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03.03.1895 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17.03.1935 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22.03.1942 |
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01.03.1947 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23.03.1947 |
| ഫാ. പാലയൂർ ആന്റണി | 14.03.1950 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27.03.1951 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31.03.1952 |

| | |
|---|---|
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22.03.1956 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30.03.1959 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10.03.1962 |
| ഫാ. കരിപ്പേരി ജോൺ | 16.03.1962 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06.03.1965 |
| ഫാ. തച്ചിൽ ജോൺ | 09.03.1968 |
| ഫാ. പറമ്പിൽ പോൾ | 02.03.1970 |
| മോൺ. ചെറയത്ത് സെബാസ്റ്റ്യൻ | 01.03.1979 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ എൽ. | 12.03.1981 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19.03.1986 |
| ഫാ. മഞ്ഞളി ജോസഫ് എൽ. | 20.03.1990 |
| ഫാ. മാളിയമ്മാവ് റാഫേൽ | 17.03.1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17.03.2003 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17.03.2006 |
| ഫാ. വടക്കേത്തല ജോസഫ് | 10.03.2020 |
| ഫാ. ചെമ്മണ്ണൂർ ജോൺ | 15.03.2020 |

**നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.**

***(2 തിമോ. 1:14)***



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**ജനുവരി 2021**

**1. സി.എം.സി.**

വി. ചാവറപിതാവിന്റെ തിരുനാൾ ദിനമായ ജനുവരി 3 ന് ഫാ. സിജോ CMI കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ച് പ്രത്യേകം പ്രാർത്ഥിച്ചു. 4ന് പറപ്പൂർ സെന്റ് ജോൺ ദി ബാപ്പിറ്റ്സ്റ്റ് ഫോർമേഷൻ ഹൗസിൽ വച്ച് നടന്ന ഫോർമേഷൻ ഡേ ആഘോഷത്തിലും ദിവ്യബലിയിലും പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ചു. മൂന്ന് ദിവസത്തെ ആത്മീയ ഒരുക്കങ്ങൾക്കുശേഷം ദനഹാതിരുനാളിൽ ദിവ്യബലി മദ്ധ്യേ സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി. നിത്യവ്രതം ചെയ്ത് 12 വർഷം ആയവർക്ക് ആലുവ ജനറലേറ്റ് സംഘടിപ്പിച്ച 20 ദിവസത്തെ online കോഴ്സിൽ 8 സിസ്റ്റേഴ്സ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പങ്കെടുത്തു. Central Renewal Team ഇതിന് നേതൃത്വം വഹിച്ചു.ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച അതിരൂപതയിലെയും CMI ദേവമാതാ പ്രൊവിൻസിലെയും നവവൈദീകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഊഷ്മളമായ വരവേൽപ് നല്കി. അവർ സമൂഹബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. ആലുവ ജനറലേറ്റിൽ വച്ച് നടന്ന മൂന്ന് ദിവത്തെ General Plenary Meeting ൽ പ്രൊവിൻഷ്യൽ

സുപ്പീരിയർ സി. അനിജയും മിഷൻ സുപ്പീരിയർ സി.ജൂലി മരിയയും പങ്കെടുത്തു.

തൃശ്ശൂർ നിർമ്മല പ്രൊവിൻസിലെയും ബീന നിർമൽ ജ്യോതി പ്രോവിൻസിലെയും 11 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ആഘോഷം 10ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് നടന്നു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

**2. എഫ്.സി.സി.**

ജനുവരി 2–ാം തീയതി കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ Google Meet വഴി പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ നടത്തി. ജനറൽ തലത്തിൽ നടത്താനിരുന്ന സുവർണ്ണജൂബിലികോഴ്സ് കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിൽ മുന്നു സോണുകളായി തിരിച്ച് നടത്തുന്നതിന്റെ ഭാഗമായി അവിഭക്ത തൃശൂർ അസ്സീസി പ്രോവിൻസിലെ സിസ്റ്റേഴ്സിന്റെ കോഴ്സ് മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ച് നടന്നു. ബ. സിസ്റ്റേഴ്സിന് 4 മുതൽ 6 വരെ റവ. ഫാ. ആന്റണി വടക്കൻ OFM Cap ധ്യാനം നയിക്കുകയും 7–ാം തീയതി അതിരൂപത വികാരി ജനറൽ റവ. ഫാ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ സുവർണ്ണജൂബിലി ആഘോഷിക്കുകയും ചെയ്തു. ജനുവരി 16–ാം തീയതി പ്രൊവിൻഷ്യൽ പ്ലീനറി അസംബ്ളി Zoom Meet വഴി നടത്തി. മുനിപ്പാറ ശാന്തി ആശ്രമത്തിൽ വച്ച് ജനുവരി 20 മുതൽ 30 വരെ ബഹു. സി. സെലിൻ കുടിയിരിക്കലിന്റെ നേതൃത്വത്തിൽ നടത്തിയ ഡിറക്ടഡ് റിട്രീറ്റിൽ 14 സിസ്റ്റേഴ്സ് പങ്കെടുത്തു. തൃശൂർ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യപട്ടം സ്വീകരിച്ച 16 നവവൈദികർക്ക് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഹൃദ്യമായ സ്വീകരണം നൽകി. ബഹു.സിസ്റ്റേഴ്സിന്റെ പ്രൊവിൻസ് തലത്തിലുള്ള സുവർണ്ണജൂബിലിയാഘോഷം 2021 ജനുവരി 23–ാം തീയതി ശനിയാഴ്ച ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. ജനുവരി 28 മുതൽ 31 വരെ കൂടുതൽ ആത്മീയ ഉണർവ്വും ഉന്മേഷവും ലഭിക്കാൻ സാധ്യമാകുന്നവിധം Zoom Meet വഴി പ്രൊവിൻസിലെ മുഴുവൻ സിസ്റ്റേഴ്സിനെയും ഉൾപ്പെടുത്തി 4 ഗ്രൂപ്പുകളായി തിരിച്ച് റവ. ഫാ. ലിജോയ് ചിരിയങ്കണ്ടത്ത് OFM Cap ന്റെ നേതൃത്വത്തിൽ Spiritual Empowerment Programme (Penuel 2021) നടത്തി. മറ്റം അസംപ്ഷൻ എഫ്.സി കോൺവെന്റ്, മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റ്, നസ്രത്ത് കോൺവെന്റ്, മനക്കൊടി വിമലമാതാ

കോൺവെന്റ്, അരിമ്പൂർ സെന്റ് ജെമ്മാസ് കോൺവെന്റ് എന്നിവിടങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി കാനോനിക വിസിത്ത നടത്തി.

**3. സി.എസ്.സി.**

2021 ജനുവരി 10ന്, മരിയഭവൻ ജനറലേറ്റ് ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രധാനകാർമ്മികത്വത്തിൽ പത്തു സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷപരിപാടികൾ മരിയഭവൻ ജനറലേറ്റ് ചാപ്പലിൽ വച്ച് നടന്നു.

**4. സി.എസ്.എം.**

മണ്ണംപേട്ടയിൽ കൃപാഭവൻ ജനറലേറ്റിൽ ബഹു. ഫാ. റാഫേൽ CMI ഒരാഴ്ചത്തെ കോൺസ്റ്റിറ്റ്യൂഷൻ ധ്യാനം നയിച്ചു. പാലക്കാട് രൂപതാ സഹായമെത്രാൻ അഭിവന്ദ്യ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെ കാർമ്മികത്വത്തിൽ മണ്ണംപേട്ട കൃപാഭവൻ ജനറലേറ്റിൽ വച്ച് 2 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയും 9 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും ലളിതമായി ആഘോഷിച്ചു. ലൂർദ്നാഥ, ഗുഡ്ഷെപ്പേർഡ് പ്രോവിൻസിൽ നിന്നും പ്രൊവിൻഷ്യൽസ് സന്നിഹിതരായിരുന്നു.

വി. സെബസ്ത്യാനോസിന്റെ തിരുനാൾ ദിനത്തിൽ സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബഹു. മദർ സെബിറോസിന്റെ നാമഹേതുക തിരുനാൾ മണ്ണംപേട്ട കൃപാഭവൻ ജനറലേറ്റിൽ വച്ച് ആഘോഷിച്ചു. തൃശൂർ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും അമ്മയ്ക്ക് ആശംസകൾ നേരുകയും ചെയ്തു. പ്രൊവിൽഷ്യൽ ഹൗസിൽ സി. റീത്ത റോസിന്റെ രജത ജൂബിലി ആഘോഷിച്ചു. സഹോദരങ്ങളായ ബഹു. ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ, ബഹു. ഫാ. സെബി കാഞ്ഞിരത്തിങ്കൽ, പ്രൊവിൽഷ്യൽ ഹൗസ് കപ്ലോൻ ബഹു. ഫാ. ജോസ് വട്ടകുഴി എന്നിവർ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. കാക്കനാടിൽ നിന്നും KCBC യും SYMM ഉം നടത്തിയ Zoom Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.സി.ജിയോ മരിയയും പ്രൊവിൻഷ്യൽ കൗൺസിലർ ബഹു.സി.ക്ലയറും പങ്കെടുത്തു. അട്ടപാടിയിലെ നവീകരിച്ച കരുണാലയം കോൺവെന്റിന്റെ ആശീർവാദ കർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയറും ടീമും പങ്കെടുത്തു. സാഗർ ബിഷപ്പ് അഭിവന്ദ്യ ജെയിംസ് അത്തികളം പിതാവ് പ്രൊവിൽഷ്യൽ ഹൗസിൽ സൗഹൃദ സന്ദർശനം നടത്തി.

**5. എസ്.എ.ബി.എസ്.**

വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന സി. ലിസ് തെരേസ് കാളൻ, സി. മെറിൻ റോസ് വെളിയത്തുപറമ്പൻ, സി. റാണി മരിയ മേലേടൻ, സി. ശാന്തി നീലംകാവിൽ, സി. സീന

റോസ് ചക്യേത്ത്, സി. റോസ് ട്രീസ വെളാട്ടുകുടി എന്നിവർ ജനുവരി 1–ാം തീയ്യതി പ്രാർത്ഥനാദിനമായി ആചരിക്കുകയും ജനുവരി 2–ാം തിയ്യതി വി.കുർബാനയോടുകൂടി ജൂബിലിയുടെ ആരംഭം കുറിക്കുകയും ചെയ്തു. ജനുവരി 2–ാം തിയ്യതി മുതൽ മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ ആരംഭിച്ച മൂന്നുമാസത്തെ Spiritual Renewal Programme ൽ സി. സീന റോസ് സംബന്ധിക്കുന്നു. ജനുവരി 3–ാം തീയ്യതി, വി. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് പ്രോവിൻസിലെ ഭവനങ്ങളിൽ പേപ്പൽ പതാക ഉയർത്തി. വി.യൗസേപ്പിതാവിന്റെ തിരുസ്വരൂപം അൾത്താരയിൽ പ്രതിഷ്ഠിച്ചു. Alpha Institute of Theology and Science - BTh Course ന് പ്രൊവിൻസിൽനിന്നും 35 സിസ്റ്റേഴ്സ് ജനുവരി 3–ാം തീയ്യതി Online Registration നടത്തി. ജനുവരി 5–ാം തീയ്യതി KCBC യുടെ നേതൃത്വത്തിൽ ഫിനാൻസ് ഓഫീസേഴ്സിനായി നടത്തിയ Webinar ൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ജനുവരി 5,6 തിയതികളിൽ ബഹു. പ്രൊവിൻഷ്യാളമ്മ പാവറട്ടി ഭവന സമൂഹത്തിൽ ഔദ്യോഗിക സന്ദർശനം നടത്തി. ജനുവരി 9–ാം തീയ്യതി 18 ജൂനിയർ സിസ്റ്റേഴ്സ് തങ്ങളുടെ കാനോനിക വ്രതസമർപ്പണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി പ്രാർത്ഥനാദിനം നടത്തി. സി. മെറിൻ റോസ്, സി. റാണി മരിയ എന്നിവർ ജനുവരി 10–ാം തിയ്യതി മുതൽ ചമ്പക്കുളത്ത് നടക്കുന്ന 52 Days Retreat ൽ പങ്കെടുക്കുന്നു. ജനുവരി 15–19 തീയ്യതികളിൽ ബഹു.പ്രൊവിൻഷ്യൽ സുപ്പീരിയർ, ചേറ്റുപുഴ പ്രൊവിൻഷ്യൽഹൗസിൽ ഔദ്യോഗിക സന്ദർശനം നടത്തി. ജനുവരി 26–ാം തീയ്യതി DBCLCയിൽ നടന്ന മതാദ്ധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ സി.ടെസ്ലിൻ വടക്കുഞ്ചേരി പങ്കെടുത്തു. 25 വർഷം മതാദ്ധ്യാപികയായി ശുശ്രൂഷചെയ്ത സിസ്റ്ററിന് പ്രശസ്തി പത്രം ലഭിക്കുകയും ചെയ്തു. ജനുവരി 31–ാം തീയ്യതി സി. ആൻസി ജോസ് പാറേക്കാടൻ ജനറലേറ്റിൽ നടന്ന 4 മാസത്തെ ക്ലോയിസ്റ്റർ പൂർത്തിയാക്കി തിരിച്ചെത്തി.

**6. സി.എച്ച്.എഫ്**

നവജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻസ് ഡേ സമുചിതമായി ഘോഷിച്ചു. 10.30ന് നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയിലും 11.30ന് നടത്തിയ ദിവ്യബലിയിലും സ്നേഹവിരുന്നിലും സിസ്റ്റേഴ്സ് പങ്കെടുത്തു. നവജ്യോതി പ്രൊവിൻസിലെ പ്ലീനറി അംഗങ്ങൾ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേഴ്സി പോളിന്റെ നേതൃത്വത്തിൽ പ്ലീനറി കൗൺസിൽ കൂടി. കെ.സി.ബി.സി യുടെ നേതൃത്വത്തിൽ എറണാകുളം സി.ഒ.സിയിൽ വച്ച് നടന്ന മേനേജേഴ്സ് മീറ്റിങ്ങിൽ

നവജ്യോതിയിൽ നിന്നും സി. ശാന്തി പങ്കെടുത്തു. നവജ്യോതി പ്രൊവിൻസിലെ നാല് സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി നടത്തപ്പെട്ടു. നവജ്യോതി പ്രോവിൻസിലെ റിട്ടയേഡ് ടീച്ച്ഴ്സിന്റെ കൂട്ടായ്മ – സ്മൃതിതീരം അംഗങ്ങൾ സി. പ്രൊവിൻഷ്യലിന്റേയും കൗൺസിലേഴ്സിന്റേയും നേതൃത്വത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഒന്നിച്ചു കൂടി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേഴ്സി പോൾ അദ്ധ്യക്ഷപ്രസംഗം നടത്തി. മറിയം ത്രേസ്യ ക്വിസ്സ് വിജയികൾക്ക് ട്രോഫി വിതരണം ചെയ്തു. ഒളരിക്കര ഇടവകയിൽ നിന്നും സ്ഥലം മാറിപോകുന്ന കൊച്ചച്ചൻ റവ.ഫാ.പ്രതീഷ് കല്ലറക്കലിന് യാത്രയയപ്പ് നൽകി.

## ആദരാഞ്ജലികൾ



**11.01.2021 – എസ്.എം.സി.** തൃശ്ശൂർ ചേറൂർ സെന്റ് ജോസഫ് ഭവനാംഗമായ സി. അലേസ്യ നിര്യാതയായി. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**24.01.2021 – സി.എം.സി.** തൃശ്ശൂർ സേക്രഡ് ഹാർട്ട് ഭവനാംഗമായ സി. തെരേസ് പ്രഭ നിര്യാതയായി. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**24.01.2021 – എസ്.എൻ.ഡി.** മുളയം നിർമ്മലദാസി സമർപ്പിത സമൂഹാംഗമായ സിസ്റ്റർ മേരി കണ്ണമ്പുഴ നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മുളയം നിർമ്മല ഭവനത്തിൽ മൃതസംസ്കാര കർമ്മം നടന്നു.

| | |
|---|---|
| **സി. റോസ് അനിത എഫ്.സി.സി.** | **സി. നമിത റോസ് സി.എം.സി.** |
| പ്രസിഡണ്ട് | സെക്രട്ടറി |

# സാമ്പത്തിക കാര്യാലയം

**1. Pan Card 12A Registration**

എല്ലാ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും Pan Card ന്റെയും12A Registration ന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ സൂക്ഷിക്കാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് ദയവായി എല്ലാ ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ Pan card ന്റെയും12A Registration ന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ എൽപ്പിക്കാൻ താല്പര്യപ്പെടുന്നു.

**2. വാർഷികതെരട്ട് – മാർച്ച് 2021**

2020–2021 സാമ്പത്തിക വർഷം അവസാനിക്കുവാൻ പോകുന്ന സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുവാൻ തൽപര്യപ്പെടുന്നു.

**3. സി.എ. ഓഡിറ്റ്**

ഇടവകകൾ കണക്കുകൾ ഓഡിറ്റ് ചെയ്യുവാനുള്ള ഓഡിറ്റർമാരെ നിശ്ചയിക്കാവുന്നതും അവരെ കൊണ്ട് കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

**4. തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറം ഇടവകകൾക്ക് മാർച്ച് മാസം അവസാനം അതതു ഫൊറോനകൾ വഴി വിതരണം ചെയ്യുന്നതായിരിക്കും. ഇടവകകളിലെ Bank Account ഉള്ള എല്ലാ സംഘടനകളുടെയും വാർഷിക കണക്കുകൾ (Trial Balance as on 31/3/21) എഴുതിവാങ്ങിക്കേണ്ടതും ഇടവകയുടെ ഓഡിറ്റ് ചെയ്യുന്ന ഓഡിറ്റർക്ക് കൊടുക്കേണ്ടതും ഇവകൂടി ഇടവകകളുടെ ബാലൻസ് ഷീറ്റിൽ Consolidated ചെയ്യേണ്ടതുമാണ്. സംഘടനകൾക്ക് Pan Card ഉണ്ടെങ്കിൽ അവയിലുടെയും ഇല്ലെങ്കിൽ പള്ളി Pan Cardലുടെയും Transactions നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**5. കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും യോഗം–20/03/2021**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്തടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം **2021 മാർച്ച് 20, ശനിയാഴ്ച ഉച്ചക്ക് 2.00ന് D.B.C.L.C** ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലൻങ്കാവിൽ, വികാരി ജനറാൾമാർ, ചർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | | |
|---|---|---|
| രജിസ്ട്രേഷൻ | – | 1.30 pm |
| ഉദ്ഘാടനം | – | 2.00 pm |
| ചർച്ച | – | 2.30 pm |
| ലഘുഭക്ഷണം | – | 5.30 pm |

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൺ തട്ടിൽ**
അസി.ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

യേശുവിൽ വാത്സല്യമുള്ള പ്രിയ കുഞ്ഞുമക്കളെ,

കൊറോണ മൂലം ഓൺലൈൻ പഠനം നടന്ന ഈ അധ്യയന വർഷത്തിലെ പരീക്ഷക്കാലം വന്നെത്തി. ഓൺലൈനായോ ഓഫ്‌ലൈനായോ നടക്കാനിരിക്കുന്ന നിങ്ങളുടെ പരീക്ഷകൾക്ക് എല്ലാവിധ ആശംസയും നേരുന്നു. പത്തും അതിൽ മുകളിലും ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പൊതു പരീക്ഷയിൽ ഉന്നത വിജയം ആശംസിക്കുന്നു. ഈ പരീക്ഷകാലത്തിൽ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും ജ്ഞാനത്തിനു വേണ്ടിയുള്ള ഒരു കൊച്ചു പ്രാർത്ഥന നിങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നു. നിങ്ങളുടെ പഠനവേളകളിൽ ഈ പ്രാർത്ഥന ഉരുവിടുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

അങ്ങയുടെ പ്രവൃത്തികൾ അറിയുകയും ലോകസൃഷ്ടിയിൽ അങ്ങയോടൊത്ത് ഉണ്ടാവുകയും ചെയ്ത, അങ്ങേക്കു പ്രസാദകരവും അങ്ങയുടെ നിയമം അനുസരിച്ചു ശരിയും ആയ കാര്യങ്ങൾ അറിയുന്ന ജ്ഞാനം അങ്ങയോടൊത്ത് വാഴുന്നു. വിശുദ്ധ സ്വർഗത്തിൽനിന്ന്, അങ്ങയുടെ മഹത്വത്തിന്റെ സിംഹാസനത്തിൽനിന്ന്, ജ്ഞാനത്തെ അയച്ചുതരണമേ. അവൾ എന്നോടൊത്തു വസിക്കുകയും അധ്വാനിക്കുകയും ചെയ്യട്ടെ! അങ്ങനെ അങ്ങയുടെ ഹിതം ഞാൻ മനസ്സിലാക്കട്ടെ! സകലതും അറിയുന്ന അവൾ എന്റെ പ്രവൃത്തികളിൽ എന്നെ ബുദ്ധിപൂർവം നയിക്കും. തന്റെ മഹത്വത്താൽ അവൾ എന്നെ പരിപാലിക്കും. അപ്പോൾ എന്റെ പ്രവൃത്തികൾ സ്വീകാര്യമാകും. അങ്ങയുടെ ജനത്തെ ഞാൻ നീതിപൂർവം വിധിക്കും; പിതാവിന്റെ സിംഹാസനത്തിനു ഞാൻ യോഗ്യനാകും. (ജ്ഞാനം:9/9–12)

ബൗദ്ധികമായ നിങ്ങളുടെ എല്ലാ പരിശ്രമങ്ങളും ഈ പ്രാർത്ഥനയോടെ ആരംഭിക്കുന്നത് നിങ്ങളുടെ പരിശ്രമങ്ങൾ വിജയിക്കുന്നതിന് ഏറെ സഹായിക്കും. ഈ പരീക്ഷാക്കാലം ആയാസരഹിതമാകാൻ ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കട്ടെ.

തിരുസഭയുടെ കാവൽക്കാരനായ വിശുദ്ധ ഔസേപ്പിതാവിനെ പ്രത്യേകം അനുസ്മരിക്കുന്ന വർഷമാണല്ലോ 2021. ഈ വർഷം വിശുദ്ധ

യൗസേപ്പിതാവിന്റെ വണക്കമാസം ആചരിക്കുന്ന മാർച്ച് മാസത്തിൽ വണക്കമാസ പ്രാർത്ഥനകൾ മുടക്കം കൂടാതെ ഭവനങ്ങളിൽ ചൊല്ലുന്നതിന് കുട്ടികളായ നിങ്ങൾ ഉത്സാഹിക്കുമല്ലോ? 2021 മാർച്ച് 19–ാം തീയതി മുതൽ 2022 ജൂൺ 26–ാം തീയതി വരെ കുടുംബ വർഷാചരണം കൂടി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. യൗസേപ്പിതാവിന്റെ വർഷത്തിൽ തന്നെ കുടുംബ വർഷം ആചരിക്കുമ്പോൾ നമ്മുടെ കുടുംബങ്ങളെ തിരുകുടുംബത്തിൻറെ സംരക്ഷണത്തിന് സമർപ്പിക്കാം. വാത്സല്യമുള്ള കുട്ടികളെ കൊവിഡ്19 മൂലം നമ്മുടെ പഠനവും വിനോദവുമെല്ലാം വീട്ടിലേക്ക് ചുരുങ്ങിയിട്ട് ഒരുവർഷമായി. ഈയൊരു വർഷം നമ്മുടെ ഭവനങ്ങളിലെ പ്രാർത്ഥനാ ഇടങ്ങൾ ദൈവാലയം പോലെ അലങ്കരിക്കുന്നതിന് ശ്രദ്ധിച്ചിരുന്നു. തുടർന്നും നമ്മുടെ ഭവനങ്ങളിലെ പ്രാർത്ഥനാ ഇടങ്ങൾ വിശുദ്ധമായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. തിരുക്കുടുംബത്തിലെ ഈശോയെപ്പോലെ കുട്ടികളായ നിങ്ങൾ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരണം (ലൂക്ക: 2/52).

ഔസേപ്പിതാവിന്റെ വണക്കമാസത്തൽ വിശുദ്ധനിൽ വിളങ്ങിനിന്ന അനുസരണം എന്ന പുണ്യം അഭ്യസിക്കാൻ കുട്ടികളായ നിങ്ങളും പരിശ്രമിക്കണം. വിശുദ്ധ ഔസേപ്പിതാവ് അനുസരണയുള്ള പിതാവായിരുന്നു. വിശുദ്ധന്റെ അനുസരണത്തെ വിശുദ്ധ ഗ്രന്ഥം ഇപ്രകാരം വിവരിക്കുന്നുണ്ട്. ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു (മത്തായി: 1/24). വിശുദ്ധനെപ്പോലെ കുട്ടികളായ നിങ്ങളും ദൈവത്തോട് വിധേയത്വമുള്ളവരാകണം. ദൈവവും അത് ആഗ്രഹിക്കുന്നുണ്ട്. അതുപോലെതന്നെ മാതാപിതാക്കളോടും മുതിർന്നവരോടും അനുസരണമുള്ളവരാകാൻ പരിശ്രമിക്കണം. എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിൽ പൗലോസ് ശ്ലീഹാ പറയുന്നത് കുട്ടികളായ നിങ്ങൾ ഓർക്കണം. അദ്ദേഹം പറയുന്നു; കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ. അതുന്യായയുക്തമാണ് (എഫേസോസ്: 6/1).

ദൈവഹിതത്തെ ശ്രവിച്ച്, പ്രാർത്ഥനയോടെ പരീക്ഷകളെ നേരിട്ട്, ദൈവചിന്തയോടെ അനുദിന വ്യാപാരങ്ങളിൽ മുഴുകി, ജീവിതത്തിൽ മുന്നേറാൻ നിങ്ങളോരോരുത്തരെയും ദൈവം അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

വിശ്വാസപരിശീലനത്തിന്റെ വാർഷിക പരീക്ഷകൾ ഫെബ്രുവരി 14, 21, 28 എന്നീ തിയതികളിൽ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരോടും പ്രിൻസിപ്പൽമാരോടും എല്ലാ വിശ്വാസപരിശീലകരോടും നന്ദിപറയുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാകയാൽ, അവധിക്കാലത്തും തുടർച്ചയുണ്ടാകാവുന്നവിധത്തിൽ കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

### 1. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2021

**a)** ACC & XII കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചാണ് നടത്തുന്നത്. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Examination Board ന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്

**b)** Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| Time | : 9.30 AM - 4.30 PM |
| Std. XII | : 2021 മാർച്ച് 6, 7 ശനി, ഞായർ |
| ACC | : 2021 മാർച്ച് 6, 7, 13, 14 ശനി, ഞായർ |

### 2. Mark List & Internal Assessment Mark Upload

വാർഷികപരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്ക് ലിസ്റ്റും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യേണ്ട അവസാനതിയ്യതി മാർച്ച് 14 ആണെന്ന് ഓർമ്മിപ്പിക്കുന്നു. കൃത്യസമയത്തു തന്നെ എൻട്രികൾ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ് വെയറിന്റെ സുഗമമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണം കൂടിയേതീരൂ.

### 3. Absentees Annual Examinations & Annual Re-examinations (in units)

ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക, വാർഷികപരീക്ഷകളിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും

പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ്ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേകപരീക്ഷ (Re-Examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുതന്നെയാണ് തയ്യാറാക്കേണ്ടത്. ഈ പരീക്ഷകളുടെ മാർക്കുകൾ സ്കോളർഷിപ്പിനോ സമ്മാനങ്ങൾക്കോ റാങ്കിനോ പരിഗണിക്കുന്നതല്ല. ഇപ്രകാരം നടത്തുന്ന പരീക്ഷയിലും പങ്കെടുക്കാതിരിക്കുകയോ ആവശ്യമായ പാസ്മാർക്ക് നേടാതിരിക്കുകയോ ചെയ്യുന്നവരെ വിജയിച്ചതായി പരിഗണിക്കില്ല. അവർക്ക് അടുത്ത അധ്യയനവർഷം വീണ്ടും അതേ ക്ലാസ്സുകളിൽ ഹാജരാകുകയും പരീക്ഷകൾ എഴുതി പാസ്സാകുകയും ചെയ്യാവുന്നതാണ്. റി എക്സാമിനേഷൻ രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ നടത്തേണ്ടതാണ്.

## 4. ACC, XII Re-Examination, Improvement Examination

**1. ACC - 2021 May 08, Saturday**

**2. Std. XII - 2021 May 15, Saturday**

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. അർഹതയുള്ളവർക്കും വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്ന് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയതി മെയ് 3, രജിസ്ട്രേഷൻ ഫീസ് 100 രൂപ.

## 5. Aptitude Rank List 2020

വിശ്വാസപരിശീലകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവർക്ക് അഭിനന്ദനങ്ങൾ

**I[st] RANK**



**Miss. MAYA SANKER**
VELLATTANJOOR

**II[nd] RANK**



**Sr. ALLLY THERESE FCC**
PERINCHERY

**III[rd] RANK**



**Sr. JAPNA CSC**
PULAKATTUKARA

## CONSOLATION PRIZE

Mr. LINOY LONAPPAN, PUTHURUTHY
Mrs. BINDHU BABY, PERINCHERY
Mr. JOHNY THATTIL, CHITTISSERY
SINOSHA PRINCE, AMALA NAGAR
Mr. VARGHESE THALAKKODAN, MUKKATTUKARA
Miss. TESSY M JOY, PULLAMKANDAM
Mrs. BEENA DAVIS, MUKKATTUKARA

**6. എസിസി ഷോർട്ട് ഫിലിം അതിരൂപതാ ജേതാക്കൾ**

**1st- പേരാമംഗലം, 2nd –ബ്രഹ്മകുളം, 3rd –അവണൂർ**

**പ്രോൽസാഹനസമ്മാനത്തിന് അർഹരായ യൂണിറ്റുകൾ**

ചൂലിശ്ശേരി, എരനെല്ലൂർ, പഴയങ്ങാടി, നെല്ലങ്കര, എരുമപ്പെട്ടി, ചിറ്റാട്ടുകര, പെരിങ്ങോട്ടുകര

**7. മെറിറ്റ് & സർവ്വീസ് അവാർഡ ഡേ – 26 ജനുവരി 2021**

ഈ വർഷത്തെ മെറിറ്റ് & സർവ്വീസ് അവാർഡ് ദിനം സമുചിതമായി ആഘോഷിച്ചു. 2018–19, 2019–20, 2020–21 വർഷങ്ങളിൽ റിട്ടയർ ചെയ്ത അധ്യാപകർക്ക് 10 മണിക്ക് സ്വീകരണം നൽകി. അവർ അനുഭവങ്ങൾ പങ്കുവച്ചു. അതിരൂപതയിലെ നവവൈദികരുടെ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു.

ഉച്ചയ്ക്കുള്ള സ്നേഹവിരുന്നിനുശേഷം അവാർഡ്ദാന പൊതുസമ്മേളനം ആരംഭിച്ചു. ബഹു. ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ ഏവർക്കും സ്വാഗതം നേർന്നു. അഭിവന്ദ്യ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷനായിരുന്നു. ഉദ്ഘാടനം അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. കാറ്റകെറ്റിക്കൽ കൗൺസിൽ സെക്രട്ടറി ഡോ. ടോണി ജോസഫ് റിപ്പോർട്ട് വായിച്ചു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ആശംസകൾ നേർന്നു, കറസ്പോണ്ടൻസ്, ബി. എ. എന്നീ തിയോളജി കോഴ്സ് പൂർത്തിയാക്കിയവർ, വിശ്വാസപരിശീലകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷയിലെ റാങ്ക് ജേതാക്കൾ, റിട്ടയർമെന്റ് ചെയ്ത അധ്യാപകർ, സർവ്വീസ് അവാർഡിനർഹരായ അധ്യാപകർ, മുടങ്ങാതെവന്ന അധ്യാപകർ, 15 വർഷം വിശ്വാസപരിശീലനത്തിന് മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ, പ്ലസ് ടു, എസിസി റാങ്ക് ജേതാക്കൾ,

എന്നിവർ ആർച്ച്ബിഷപ്പിൽനിന്ന് സർട്ടിഫിക്കറ്റുകളും പുരസ്കാരങ്ങളും ഏറ്റുവാങ്ങി. വിശ്വാസപരിശീലക പ്രതിനിധി ശ്രീ. ഫ്രാൻസിസ് ഇമ്മട്ടി മറുപടിപ്രസംഗം നടത്തി. അസി.ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ ഏവർക്കും നന്ദി രേഖപ്പെടുത്തി. റവ. സി. ആഷ്‌ലി ജോർജ് എഫ്. സി. സി. ശ്രീമതി സാലി ജോബി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

**8. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**9. യാത്രാമംഗളങ്ങൾ**

സ്ഥലം മാറിപ്പോകുന്ന അസി.ഡയറക്ടർ ഫാ. ജസ്റ്റിൻ പൂഴിക്കുന്നേലിനും ഫാ. റോയ്സൺ കൊള്ളന്നൂരിനും യാത്രാമംഗളങ്ങൾ നേരുന്നു.

**10. സ്വാഗതം**

പുതിയതായി ചാർജെടുക്കുന്ന അസി.ഡയറക്ടർമാരായ ഫാ. ലിജോ ചാലിശ്ശേരി, ഫാ.ജിക്സൻ മാളോക്കാരൻ, ഫാ. സിജോ മുരിങ്ങാത്തേരി എന്നിവർക്ക് സ്വാഗതം

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR DBCLC**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

## 1. B.A. in Theology and Religious Studies:

ബെൽജിയത്തെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു. ബോധന മാദ്ധ്യമം ഇംഗ്ലീഷ്. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് D B C L Cയിലെ Institute of Theology Office- മായി ബന്ധപ്പെടുക. രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. യോഗ്യത: ഡിഗ്രി പൂർത്തിയായവർക്കും, ഡിഗ്രി ചെയ്യുന്നവർക്കും. ക്ലാസുകൾ ജൂൺമാസത്തിൽ ആരംഭിക്കുന്നു.

## 2. Diploma in Theology Course:

24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും രണ്ട് ഞായറാഴ്ചകളിലായി രണ്ട് ക്ലാസ്സുകൾ എന്ന ക്രമത്തിൽ ഒരുവർഷംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്. അടുത്ത ക്ലാസ്സ് മാർച്ച് മാസത്തിലെ ഞായറാഴ്ചകളിൽ നടത്തപ്പെടുന്നതാണ്. യോഗ്യത: എസ്.എസ്.എൽ.സി.യോ അതിനുമുകളിലോ. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLCയിലെ Institute of Theology Office-മായി ബന്ധപ്പെടുക. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺമാസത്തിൽ ആരംഭിക്കുന്നു.

## 3. Six Month Theology Course:

സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research, Calicut University, ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടക്കുന്നു.പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ DBCLCയിലെ Institute of Theology Office- മായി ബന്ധപ്പെടുക കൂടുതൽ വിവരങ്ങൾക്ക് Dean of Theology Rev. Dr.

Bilju Vazhappilly (9947188529) ബന്ധപ്പെടുക. സന്യാസിനികൾക്കു മാത്രം. യോഗ്യത: പ്ലസ്. ടു. ജൂൺ ഒന്ന് മുതൽ ക്ലാസുകൾ ആരംഭിക്കുന്നു.

ആശംസകളോടെ,

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**1. കൃതജ്ഞതയോടെ**

മേരിമാതാ മേജർ സെമിനാരിയിൽ 15 വർഷം സ്തുത്യർഹമായ സേവനം ചെയ്ത ബഹുമാനപ്പെട്ട തോമസ് സ്രാമ്പിക്കലച്ചൻ 2021 ജനുവരി 25–ാം തിയ്യതി തന്റെ മാതൃരൂപതയായ ചങ്ങനാശ്ശേരിയിലേക്ക് വിശ്രമജീവിതത്തിനായി തിരിച്ചുപോയി. ജനുവരി 21–ാം തിയ്യതി സംഘടിപ്പിച്ച യാത്രയയപ്പു കൂട്ടായ്മയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി, മാർ ടോണി നീലങ്കാവിൽ എന്നിവർ സംബന്ധിച്ചു. ബഹുമാന്യനായ തോമസ് സ്രാമ്പിക്കലച്ചനോട് മേരിമാതാ കുടുംബം ഏറെ കടപ്പെട്ടിരിക്കുന്നു.

**2. സിമ്പോസിയം & സെമിനാർ**

അക്കാദമികരംഗത്തെ പ്രസക്തവും നവീനവുമായ കാര്യങ്ങളെ വിദ്യാർത്ഥികൾക്കും ഗവേഷണതാൽപര്യമുള്ള എല്ലാവർക്കും പരിചയപ്പെടുത്തുകയും ഗുണപരമായ ആശയസംവാദത്തിനു വേദിയൊരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2021 ജനുവരി 22, 23 എന്നീ തിയ്യതികളിലായി "Synodal Way of Being the Church: Prospects and Challenges" എന്ന വിഷയത്തെ അധികരിച്ചുള്ള സിമ്പോസിയവും ജനുവരി 30–ാം തിയ്യതി "Psychology of the Digital World" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള അർദ്ധദിനസെമിനാറും സംഘടിപ്പിച്ചു. സിമ്പോസിയത്തിനു നേതൃത്വം നൽകിയ ബഹു. ഫാ. ബിൽജു വാഴപ്പിള്ളി, ഫാ. സൈജോ തൈക്കാട്ടിൽ എന്നിവർക്കും സെമിനാർ സംഘടിപ്പിക്കാൻ മുൻകൈയെടുത്ത ബഹു. സിബി ചെറുതോട്ടിലച്ചനും അവ

രോട് സഹകരിച്ച എല്ലാ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**3. പൗരോഹിത്യ രജതജൂബിലി**

മേരിമാതാ സെമിനാരിയുടെ മുൻ ഫിനാൻസ് ഓഫീസറും വർഷങ്ങളായി സെമിനാരിയിൽ തത്വശാസ്ത്രം പഠിപ്പിച്ചുക്കൊണ്ടുമിരിക്കുന്ന ബഹു. റോയ് മൂക്കനച്ചൻ തൻെറ പൗരോഹിത്യസ്വീകരണ രജതജൂബിലിയോടനുബന്ധിച്ച് 2021 ജനുവരി 26–ാം തിയ്യതി സെമിനാരികുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ചു. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ബഹു. റോയ് മൂക്കനച്ചന് സെമിനാരികുടുംബം ജൂബിലി ആശംസകളർപ്പിക്കുകയും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

**4. സ്വാഗതം**

ഫെബ്രുവരി 10–ാം തിയ്യതി ബഹുമാനപ്പെട്ട സിന്റോ പൊറത്തൂരച്ചൻ സെമിനാരിയിലെ അധ്യാപകനായും പരിശീലകനായും തന്റെ ശുശ്രൂഷകൾ ഏറ്റെടുത്തു. ഉപരിപഠനം വിജയകരമായി പൂർത്തിയാക്കിയശേഷം മേരിമാതയിലെ സ്റ്റാഫംഗമായി നിയമിതനായ സിന്റോ പൊറത്തൂരച്ചനെ സെമിനാരികുടുംബം ഹൃദ്യമായി സ്വീകരിച്ചു.

**5. യാത്രയയപ്പ്**

തത്വശാസ്ത്ര പഠനം ഈ അധ്യയനവർഷം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് സെമിനാരി കുടുംബം ഫെബ്രുവരി 10–ാം തിയ്യതി യാത്രയയപ്പ് നൽകി. അന്നേദിവസം അർപ്പിക്കപ്പെട്ട സമൂഹബലിയിൽ റവ. ഫാ. സൈജോ തൈക്കാട്ടിൽ മുഖ്യകാർമ്മികനായിരുന്നു. ബഹുമാനപ്പെട്ട ഫാ. സിബി ചെറുതോട്ടിൽ വചനസന്ദേശം നൽകി. തുടർന്ന് നടന്ന യാത്രയയപ്പ് യോഗത്തിൽ റവ. ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിലും ബ്രദർ നിധിൻ തച്ചേടത്തും ആശംസകളർപ്പിച്ചു സംസാരിച്ചു.

**6. പുസ്തകപ്രകാശനം**

മേരിമാതയിലെ മൂന്നാം വർഷ ദൈവശാസ്ത്രവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ രചിക്കപ്പെട്ട *വിശുദ്ധരും വിശുദ്ധ കുർബാനയും* എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ഫെബ്രുവരി 11–ാം തിയ്യതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പുസ്തകത്തിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി. റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കലാണ് പുസ്തകത്തിന്റെ എഡിറ്റർ. വൈദികവിദ്യാർത്ഥികളുടേതിനു പുറമെ മേരിമാതയിൽ അധ്യാപനം നടത്തുന്ന ബഹു. വൈദികരുടെ ലേഖനങ്ങളും ഉൾപ്പെടുത്തിയാണ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

**7. മാസധ്യാനം**

2021 ഫെബ്രുവരി മാസത്തെ ധ്യാനം 12, 13 തിയ്യതികളിലായി നടന്നു. തൃശൂർ അതിരൂപതാംഗമായ ബഹുമാനപ്പെട്ട ഫാ. ബിജു പാണേങ്ങാടനാണ് ധ്യാനചിന്തകൾ നൽകിയത്. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ അനുദിനം വളരാൻ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു.

**8. ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീ. ജോൺ ജോസ്, കാഞ്ഞിരപറമ്പിൽ ഹൗസ്, കൊട്ടേക്കാട്, തൃശ്ശൂർ.
2. ശ്രീ. ജിജോ ജോസഫ്, C/o ഫാ. ബിൽജു വാഴപ്പിള്ളി.
3. പ്രൊഫ. കെ. എൽ. വർഗ്ഗീസ്, കൊഴുക്കുള്ളി ഹൗസ്, ഒല്ലൂർ.

**Wellwisher Membership**

1. റവ. സി. ജിയൊ, സെന്റ് ജോൺസ് കോൺവെന്റ്, മൂണ്ടത്തിക്കോട്.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. കോവിഡ് അതിജീവനസജ്ജീകരണങ്ങൾ**

റോട്ടറി ഇന്റർനാഷണൽ ഗ്രാൻഡ് ഉപയോഗിച്ചുള്ള കോവിഡ് രോഗികളുടെ അടിയന്തിര ശസ്ത്രക്രിയക്കുള്ള ഓപ്പറേഷൻ തിയ്യറ്റർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സജ്ജമായി. റോട്ടറി ക്ലബ് ഓഫ് തൃശ്ശൂർ വെസ്റ്റ് റോട്ടറി ഇന്റർനാഷണൽ ഗ്ലോബൽ ഗ്രാന്റിന്റെ സഹായത്തോടെ നിർമ്മിച്ച അടിയന്തിര ശസ്ത്രക്രിയ ചെയ്യേണ്ടിവരുന്ന കോവിഡ് രോഗികൾക്കുള്ള ഓപ്പറേഷൻ തിയ്യറ്റർ ബഹുമാനപ്പെട്ട റൊട്ടേറിയൻ ജോസ് ചാക്കോയുടെ (ഡിസ്ട്രിക്റ്റ് ഗവർണർ, ഡിസ്ട്രിക്റ്റ് 3201) അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മലയാളത്തിലെയും തമിഴിലേയും പ്രസിദ്ധ ചലച്ചിത്രതാരം അപർണ ബാലമുരളി ഉദ്ഘാടനം നിർവ്വഹിച്ചു.

ഓപ്പറേഷൻ തിയ്യറ്ററിൽ ഉള്ള രോഗാണുക്കളുടെ സാന്ദ്രത കുറയ്ക്കുതിനുവേണ്ടിയും, ഡോക്ടർമാർക്കും നഴ്സുമാർക്കും അണുബാധ ഇല്ലാതെ സുരക്ഷിതമായി ശസ്ത്രക്രിയ ചെയ്യുതിനുവേണ്ടിയും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് എല്ലാ സൗകര്യങ്ങളുള്ള ഈ ഓപ്പറേഷൻ തിയ്യറ്റർ സജ്ജമാക്കിയിരിക്കുത്.
കോവിഡ് രോഗികൾക്കായി പ്രത്യേകം ഓപ്പറേഷൻ തിയ്യറ്റർ ഉള്ളതിനാൽ മറ്റു തിയ്യറ്ററുകളിൽ കോവിഡ് രോഗബാധിതരല്ലാത്തവർക്ക് സുരക്ഷിതമായി പേടി കൂടാതെ സർജറികൾ ചെയ്യാൻ സാധിക്കും. ഈ മഹാമാരി ലോകമെമ്പാടും പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ഇതുപോലുള്ള പലതരത്തിലുള്ള പ്രൊജക്ടുകളും റോട്ടറി ഇന്റർനാഷണലും റോട്ടറി ക്ലബ്ബുകളും ചേർന്ന് നടത്തിവരുന്നുണ്ട്.

**2. പോസ്റ്റ് കോവിഡ് ക്ലിനിക്ക്**

ജൂബിലിയിൽ ഇതിനോടകം ആയിരത്തിൽപരം കോവിഡ് രോഗികളെ ചികിത്സിച്ചു. കോവിഡ് ഭേദമായവരിൽ വീണ്ടും തുടർചികിത്സ വേണ്ടിവരുന്നതായി പഠനങ്ങൾ കാണിക്കുന്നു. പ്രധാനമായും ശ്വാസകോശസംബന്ധമായ തുടർചികിത്സയും മാനസികമായ ഉന്മേഷക്കുറവും മൂലമുണ്ടാകുന്ന വൈഷമ്യങ്ങൾക്ക് കൂടുതൽ ദിവസങ്ങൾ അല്ലെങ്കിൽ മാസങ്ങൾ തന്നെ വേണ്ടിവരുന്നതായി കാണുന്നു.
ഇത് മുന്നിൽകണ്ട് ജൂബിലി മിഷൻ ഹോസ്പിറ്റൽ കോവിഡാനന്തര ചികിത്സയ്ക്ക് ഒരുക്കിയിരിക്കുന്ന പ്രത്യേക ക്ലിനിക്ക് തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലറും ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ ശ്രീ പി. കെ. ഷാജൻ ഉദ്ഘാടനം നിർവ്വഹിച്ചു. തിങ്കൾ വ്യാഴം ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 12 മണി വരെ ഇത്തരത്തിലുള്ള രോഗികളെ പരിശോധിച്ച് വേണ്ട തുടർചികിത്സ നിർണ്ണയിക്കുതിനും മാത്രമായി ഫിസിഷ്യൻ, ശ്വാസകോശരോഗവിദഗ്ധൻ, സൈക്കോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**3. ജൂബിലി മോളിക്കുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി**

കോവിഡ് ടെസ്റ്റിനുള്ള ICMR അപ്രൂവലും NABL അക്രഡിറ്റേഷനും ലഭിച്ചിട്ടുള്ള നൂതന സാങ്കേതിക യന്ത്രസംവിധാനങ്ങളോട് കൂടിയ മോളിക്കുലർ ലാബ് പ്രസിദ്ധ സിനിമാനടൻ ശ്രീ ടി. ജി. രവി ഉദ്ഘാടനം നിർവ്വഹിച്ചു. ജൂബിലി മിഷൻ ആശുപത്രിയിലെ മൈക്രോബയോളജി വിഭാഗത്തിന്റ ഭാഗമായ ഈ ലാബിൽ മുപ്പതിനായിരത്തോളം കോവിഡ് സാമ്പിളുകളുടെ ടെസ്റ്റിങ്ങ് ഇതിനോടകം നടത്തികഴിഞ്ഞിട്ടുണ്ട്.

വിദേശയാത്രക്കുള്ള കോവിഡ് ടെസ്റ്റിങ്ങും (RTPCR, TrueNat, Antigen) ഇവിടെ നടത്തിവരുന്നു.
കോവിഡ് ടെസ്റ്റിനുപുറമെ ബാക്ടീരിയ, വൈറസ് എന്നിവ മൂലമുള്ള പലതരം സാംക്രമികരോഗങ്ങളുടെ മോളിക്കുലാർ രോഗനിർണ്ണയവും വളരെ കൃത്യതയോടെ ഈ ലാബിൽ നടത്താവുന്നതാണ്.

**4. NECTAR OF LIFE, HUMAN MILK BANK INAUGURATION**

നവജാതശിശുക്കളുടെ ജീവന്റെ നിലനിൽപ്പിന് ആധാരമാണ് മുലപ്പാൽ. എന്നാൽ അമ്മയുടെ മരണം, രോഗബാധ അല്ലെങ്കിൽ മുലപ്പാലിന്റെ അപര്യാപ്തത തുടങ്ങിയവമൂലം മുലപ്പാൽ ലഭിക്കാത്ത നവജാതശിശുക്കൾക്ക് അത് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, അത്യാധുനിക സൗകര്യങ്ങളോടെയുള്ള മുലപ്പാൽ ബാങ്ക് റോട്ടറി ക്ലബിന്റെ സഹകരണത്തോടെ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ചു. ഈ പദ്ധതിയുടെ ഉദ്ഘാടനം ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന ചടങ്ങിൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷനായിരുന്നു. മുഖ്യപ്രഭാഷണം റൊട്ടേറിയൻ ജോസ് ചാക്കോ നിർവ്വഹിച്ചു. ഈ അവസരത്തിൽ സിനി ആക്ട്രസ് കുമാരി സംയുക്ത മേനോൻ ബ്രസ്റ്റ് മിൽക്ക് ബാങ്കിന്റെ ബ്രോഷർ പ്രകാശനം നിർവ്വഹിച്ചു.
തൃശ്ശൂർ സെൻട്രൽ റോട്ടറി ക്ലബ്, ഇന്നർവീൽ എന്നിവയുടെ സഹകരണത്തോടെ 47.5 ലക്ഷം രൂപ ചെലവിലാണ് മുലപ്പാൽ ബാങ്ക് തയ്യാറാക്കിയിരിക്കുന്നത്. സാധാരണയായി മുലപ്പാൽ ലഭിക്കാത്ത പക്ഷം പൊടിപ്പാലാണ് നവജാത ശിശുക്കൾക്ക് നൽകുന്നത്. എന്നാൽ ആരോഗ്യത്തിന് നല്ലതും കുഞ്ഞുങ്ങൾക്ക് 6 മാസം വരെ നിർബന്ധമായി ലഭിക്കേണ്ടത് മുലപ്പാൽ ആയതിനാലാണ് മുലപ്പാൽ ബാങ്ക് എന്നതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. ബാങ്ക് പ്രവർത്തനം തുടങ്ങിയശേഷം ഇവിടെ കുഞ്ഞുങ്ങളുടെ പേര് രജിസ്റ്റർ ചെയ്യാം. മുലപ്പാൽ ആരിൽനിന്ന് സ്വീകരിച്ചു എന്നോ ആർക്കു നൽകുന്നതെന്നോ വെളിപ്പെടുത്തില്ല.
പ്രത്യേക മുറിയിൽ തയ്യാറാക്കിയിട്ടുള്ള ബ്രസ്റ്റ് പമ്പിന്റെ സഹായത്തോടെ മുലപ്പാൽ എടുക്കാം. അണുവിമുക്തമായ പാത്രങ്ങളിൽ ശേഖരിച്ച് അണുവിമുക്തമാക്കാം. സൂക്ഷിക്കുന്നതിനായി പ്രത്യേകം മുറിയും ഫ്രിഡ്ജും ഡീപ് ഫ്രീസറും മറ്റു സജ്ജീകരണങ്ങളുമുണ്ടാകും. ബാക്ടീരിയ ഇല്ലെന്നുറപ്പാക്കാൻ കൾച്ചറർ പരിശോധനയും നടത്തും. ഫ്രീസറിനുള്ളിൽ 6 മാസത്തോളം

പാൽ സൂക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി ജൂബിലി ബ്രെസ്റ്റ് മിൽക്ക് ബാങ്കിന്റെ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ് +919061528284, +916282744318.

**5. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

•കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ഈ വർഷത്തെ M.Sc. (N) പീഡിയാട്രിക് നഴ്സിങ്ങ് വിഭാഗത്തിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിലെ രാഖി ദാസ് ഒന്നാം റാങ്ക് നേടി.

•CMAI നടത്തിയ ഡിപ്ലോമ ഇൻ ഒപ്റ്റോമെറ്ററി ആൻഡ് ഒപ്താൽമിക് ടെക്നോളജി ദേശീയതല പരീക്ഷയിൽ Ms. Fasna P M രണ്ടാം റാങ്ക് കരസ്ഥമാക്കി.

**5. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ബൈജു ജോസഫ്, ചിറമ്മൽ ഹൗസ്, മണലൂർ, തൃശ്ശൂർ (71 ഡയാലിസിസ്)
- ട്രീസ ജോസ്, ചീരൻ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (28 ഡയാലിസിസ്)
- ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ്, തൃശ്ശൂർ (57 ഡയാലിസിസ്)
- ജോസഫ് വിൻസെന്റ്, വടക്കേത്തല ഹൗസ്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (21 ഡയാലിസിസ്)

**6. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജോവാക്കിം ജെബിൻ, കണ്ണനായ്ക്കൽ ഹൗസ്, മറ്റം, തൃശ്ശൂർ
- ഷൈൻ ചാക്കോച്ചൻ, എൽത്തുരുത്ത്, തൃശ്ശൂർ
- ഹരികൃഷ്ണൻ പി, മെയ്ന്റനൻസ് ഹെഡ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഡോ. ഡേവിഡ് പുതുക്കാടൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ബേബി പി. എ, ഇൻഷുറൻസ് ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**7. പുതിയ ഡോക്ടർ**

- ഡോ. വിനീത് കുമാർ പി. എം. (വാസ്കുലാർ സർജറി വിഭാഗം)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. നേട്ടം**

* കൊച്ചിയിലെ 'സയിം' (എക്സ്.ഐ.എം.ഇ.) നടത്തിയ 'ഓൾ കേരള മരിയ ഫിലിപ്പ് ഡിബേറ്റ്' മത്സരത്തിൽ സ്റ്റെഫി ബേബി (ഇംഗ്ലീഷ്), വിഷ്ണു ഉണ്ണികൃഷ്ണൻ (മാത്ത്സ്) എന്നിവർ ചേർന്ന ടീമിന് ഒന്നാം സമ്മാനം ലഭിച്ചു. 25,000 രൂപയും ട്രോഫിയും സമ്മാനർഹർക്ക് ലഭിച്ചു.
* ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകനായ ഡോ. റ്റി.വി. വിമൽ കുമാറിനെ കെ–ഡി.ഐ.എസ്.സി, വൈ.ഐ.പി പ്രോഗ്രാമുകളുടെ സംസ്ഥാനതലത്തിലുള്ള ഇവാലുവേഷൻ പാനലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.
* ഇന്ത്യാ ഗവൺമെന്റിന്റെ സോഷ്യൽ സയൻസ് റിസർച്ച് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തിയ റിസർച്ച് പേപ്പർ പ്രസന്റേഷൻ മത്സരത്തിൽ സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റിലെ ശ്രീ. തോമസ് ടി ടോം എന്ന വിദ്യാർത്ഥി ഒന്നാം സ്ഥാനവും, 10000 രൂപയും ക്യാഷ്പ്രൈസും നേടി.
* തൃശൂർ ജില്ലയിൽ നടത്തിയ ദേശീയ യൂത്ത് പാർളിമെന്റ് മത്സരത്തിൽ എൻ. എസ്. എസ് വോളന്റിയറായ പാർവ്വതി ശർമ്മ മികച്ച പ്രകടനം കാഴ്ച വെച്ച് സർട്ടിഫിക്കറ്റും ഉപഹാരവും നേടി.
* നാഷണൽ ജൂനിയർ അത്‌ലറ്റിക്ക് മീറ്റിൽ ആൻസി സോജൻ ബി.എ ഇംഗ്ലീഷ് ലോംഗ്ജംപിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.
* 33–ാം മത് കേരള സയൻസ് കോൺഗ്രസിൽ സുവോളജി ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥി ശ്വേത എം ന് ബെസ്റ്റ് പ്രസന്റേഷൻ അവാർഡ് ലഭിച്ചു.
* നെറ്റ് എക്സാം യോഗ്യത നേടിയവർ :

  പവിത്ര ഹരിഹരൻ – ജെ.ആർ.എഫ് – മാത്തമാറ്റിക്സ്
  ആർദ്ര പി. ഡി – ജെ.ആർ.എഫ് – മാത്തമാറ്റിക്സ്
  വീണ വേണുഗോപാൽ – ജെ.ആർ.എഫ് – സുവോളജി
  രഹാന പി.എ – ജെ.ആർ.എഫ് – സുവോളജി
  ക്രിസ്റ്റീൻ ഡേവിസ് – ജെ.ആർ.എഫ് – സുവോളജി

ലക്ഷ്മി രാധാകൃഷ്ണൻ – ജെ.ആർ.എഫ് – സുവോളജി
മേരി മാർട്ടിൻ – നെറ്റ് – സുവോളജി
നവ്യ ജി. മേനോൻ – നെറ്റ് – സുവോളജി
ഐശ്വര്യ ചന്ദ്രൻ – ജെ.ആർ.എഫ് – കെമിസ്ട്രി
ഐശ്വര്യ പി. – ജെ.ആർ.എഫ് – കെമിസ്ട്രി
കീർത്തന – ജെ.ആർ.എഫ് – കെമിസ്ട്രി

**2. വൈഗ അഗ്രി ഹാക്കത്തോൺ**

ഈ വർഷം സംസ്ഥാന കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ അഗ്രിഹാക്കത്തോൺ മത്സരത്തിൻ സെന്റ് തോമാസ് കോളേജ് ആതിഥേയത്വം വഹിക്കുന്നു.

**3. ഡേ ഒബ്സർവേഷൻ**

ക്രിമിനോളജി ആന്റ് പോലീസ് സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദേശീയ ഗേൾ ചൈൽഡ് ഡേ 25/01/21 ന് ആചരിച്ചു. ഇതിനോടനുബന്ധിച്ച് നടത്തപ്പെട്ട വെബിനാറിൽ 'ആട്രോസിറ്റീസ് എഗയിൻസ്റ്റ് ഗേൾസ്' എന്ന വിഷയത്തിൽ ശ്രീ കെ. ജി. സൈമൺ ഐ. പി. എസ്, റിട്ട. പോലീസ് എസ്. പി. ക്ലാസ്സ് നയിച്ചു.

**4. പ്ലെയ്സ്മെന്റ് ലഭിച്ചു**

* റ്റാറ്റ കൺസൾട്ടൻസി സർവ്വീസ് ലിമിറ്റഡ് കമ്പനിയിൽ (റ്റി.സി.എസ്.എൽ) സിസ്റ്റം എഞ്ചിനീയറായി ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ അപർണ്ണാ രവിക്ക് ജോലി ലഭിച്ചു.
* സാൻജൊ ആന്റോ സി, അഖിൽ ജെയിംസ്, ആൽവിൻ ജെയിംസ് (കമ്പ്യൂട്ടർ സയൻസ്) എന്നീ വിദ്യാർത്ഥികൾക്ക് ക്രഡിറ്റ് യൂണിയൻ ഫിനാൻഷ്യൽ അനലറ്റിക്സിൽ (സി.യു.എഫ്.എ) എന്ന കമ്പനിയിൽ ജോലി ലഭിച്ചു.

**5. പി.ടി.എ. ജനറൽബോഡി**

ഈ വർഷത്തെ പി.ടി.എ ജനറൽബോഡി 12/01/21 ന് കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് മെഡ്ലിക്കോട്ട് ഹാളിൽ വെച്ച് നടത്തി. ക്ലാസ്സ് പി.ടി.എ പ്രതിനിധികളും, ഡിപ്പാർട്ട്മെന്റ് തലവന്മാരും പങ്കെടുത്ത യോഗം മാനേജർ മാർ ടോണി നീലങ്കാവിൽ ഉൽഘാടനം ചെയ്തു. കഴിഞ്ഞ വർഷം ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

**6. വെബിനാർ**

* ആന്റി റാഗിംങ്ങ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടി

പ്പിച്ചു. തൃശൂർ ടൗൺ ഈസ്റ്റ് പോലീസ് ഇൻസ്പെക്ടർ (എസ്.എ ച്ച്.ഒ) ശ്രീ ലാൽകുമാർ ക്ലാസ്സ് നയിച്ചു.

* ജെന്റർ ചാമ്പ്യൻ പ്രോഗ്രാം സെല്ലിന്റെ ആഭിമുഖ്യത്തിൽ 18/1/21 ന് 'ജെന്റർ ഇക്വാളിറ്റി ആന്റ് സേഫ്റ്റി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. തൃശൂർ വിമല കോളേജിലെ ഇംഗ്ലീഷ് അദ്ധ്യാപിക ഡോ. മല്ലിക നായർ ക്ലാസ്സ് നയിച്ചു.
* കോളേജ് എത്തിക്സ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 'എഡ്യുക്കേഷൻ, എംപ്ലോയ്മെന്റ് ആൻഡ് എത്തിക്സ് ടിപ്സ് ഫോർ എ സക്സസ്ഫുൾ ലൈഫ് ആന്റ് കരീയർ' എന്ന വിഷയത്തിൽ 19/1/21 ന് വെബിനാർ  സംഘടിപ്പിച്ചു. കേരള യൂണിവേഴ്സിറ്റി സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. ആന്റണി പ്ലാക്കൽ ക്ലാസ്സ് നയിച്ചു.
* പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റും, എൻ.സി.സി യും ചേർന്ന് 'പാന്റമിക് ഏസ് ദ സൈറ്റ് ഓഫ് എക്സപ്ഷൻ കോസ്റ്റിറ്റ്യൂഷണൽ റീഡിങ്ങ് ഓൺ മൈഗ്രന്റെ റൈറ്റ്സ് ഇൻ ഇന്ത്യ' എന്ന വിഷയത്തിൽ 19/1/21 ന് സെമിനാർ സംഘടിപ്പിച്ചു. കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പൊളിറ്റിക്സ് സയൻസ് അദ്ധ്യാപകൻ ഡോ. എം. വി. ബിജുലാൽ വെബിനാർ നയിച്ചു.
* സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'വാട്ടർ വെറ്റ്ലാന്റ് ആന്റ് ലൈഫ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. എസ്. ശ്രീകുമാർ, ഡയറക്ടർ ഓഫ് ഐ.ആർ.റ്റി.സി വെബിനാർ നയിച്ചു.
* ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ജീൻസ് ന്യൂട്രീഷൻ ആൻഡ് ഹെൽത്ത്' എന്ന വിഷയത്തിൽ ഇന്റർ നാഷണൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. ടാപ്പാസ് പ്രഥാൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് നോർത്ത് കാരൊലിന യു.എസ്.എ, ഡോ. അനീഷ് കുമാർ അശോകൻ, മായോ ക്ലിനിക്ക്, റോജന്റർ യു.എസ്.എ എന്നിവർ സെമിനാർ നയിച്ചു.
* കുക്കറി ക്ലബിന്റെ ആഭിമുഖ്യത്തിൽ 'ഫിറ്റ്നസ് ആൻഡ് ഹെൽത്തി ഈറ്റിംഗ് ഡ്യൂറിംഗ് കോവിഡ്–19' എന്ന വിഷയത്തിൽ ഇന്റർനാഷണൽ വെബിനാർ നടത്തി. ആഷ്‌ലി സെറിൻ ജോസ് (കാനഡ), സോഫിയ സുസുബ്ളൻജൈ (കാനഡ) എന്നിവർ ക്ലാസുകൾ നയിച്ചു.
* ആന്റി നാർക്കോട്ടിക്ക് സെല്ലിന്റെ ആഭിമുഖ്യത്തിൽ 'പ്രിവെൻഷൻ ഓഫ് നാർക്കോട്ടിക്ക് ക്രൈം' എന്ന വിഷയത്തിൽ വെബിനാർ സംഘ

ടിപ്പിച്ചു. ശ്രീ അനന്തകൃഷ്ണൻ ഐ.പി.എസ് ക്ലാസ്സു നയിച്ചു.

* ഇ.ഡി ക്ലബിന്റേയും, ഐ.ഐ.സി യുടേയും നേതൃത്വത്തിൽ 'ഡിസൈൻ തിങ്ങിംഗ്, ക്രിട്ടിക്കൽ തിങ്ങിംഗ്, ആൻഡ് ഇന്നൊവേഷൻ ഡിസൈൻ ഇൻ ബ്ലോക്ക് ചെയിൻ ടെക്നോളജി' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ശ്രീ. മെൽവിൻ സണ്ണി (ആർ&ഡി എഞ്ചിനീയർ, കേരള, ബ്ലോക്ക് ചെയിൻ) വർക്ക് ഷോപ്പ് നയിച്ചു.
* ഇന്നൊവേഷൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ 'എന്റർപ്രനോർഷിപ്പ് ആൻഡ് ഇന്നൊവേഷൻ ഏസ് കരിയർ ഓപ്പർച്ച്യൂനിറ്റി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ വിവേക് കുത്തനാഴി (ഡയറക്ടർ, ജി.സി.എ.ഡബ്യു.ഇ, ബാംഗ്ലൂർ) ക്ലാസ്സ് നയിച്ചു.

**7. അഡ്മിഷൻ നടത്തി**

കോളേജിന് പുതിയതായി ലഭിച്ച എയ്ഡഡ് കോഴ്സായ ഇന്റഗ്രറേഡ് എം.എസ്.സി സൈക്കോളജിയിലേക്ക് അഡ്മിഷൻ നടത്തി

**8. എള്ളുകൃഷി വിളവെടുപ്പു നടത്തി**

കോളേജിന്റെ പുതിയ കാമ്പസിന്റെ 2 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷി ചെയ്തു. പഠനത്തോടൊപ്പം കൃഷി എന്ന ആശയത്തിലൂന്നി ആരംഭിച്ച ആദ്യ എള്ളുകൃഷിയുടെ വിളവെടുപ്പ് മാനേജർ മാർ ടോണി നീലങ്കാവിൽ (സഹായമെത്രാൻ, തൃശൂർ) നിർവ്വഹിച്ചു.

**9. ഡോക്ടറേറ്റ് നേടി**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകനായ പ്രൊഫ. വിബിൻ ബെന്നി കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി ഡിഗ്രി നേടി. കേരളത്തിലെ ആയുർവേദ മരുന്നുകളിലെ പെയ്റ്റന്റിനെപ്പറ്റിയാണ് ഗവേഷണം നടത്തിയത്.

**10. വോട്ടർ പട്ടികയിൽ പേരുചേർക്കൽ**

സമ്മതിദായകദിനത്തോടനുബന്ധിച്ച് എൻ.എസ്.എസി ന്റെ നേതൃത്വത്തിൽ വോട്ടർപട്ടികയിൽ പേരു ചേർക്കാനുള്ള ക്യാമ്പ് പ്രിൻസിപ്പാൾ ഡോ. ജോയ് കെ. എൽ ഉത്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും കോളേജിന്റെ ഈ സേവനം ജനുവരി മാസത്തിൽ സൗജന്യമായിരുന്നു.

**11. ദേശീയ അത്‌ലറ്റിക്സിൽ വെള്ളി നേടി**

ദേശീയ ജൂനിയർ ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിൽ പെൺകുട്ടികളുടെ 100 മീറ്റർ ഓട്ട മത്സരത്തിൽ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥി അഞ്ജലി പി.ഡി വെള്ളി മെഡൽ കരസ്ഥമാക്കി. 11.88 സെ

ക്കന്റിലാണ് 100 മീറ്റർ ഓട്ടം പൂർത്തിയാക്കിയത്.

**12. എം.ഒ.യു**

ടൈം ഇൻസ്റ്റിറ്റ്യൂഷനുമായി കോളേജ് മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് ഒപ്പു വെച്ചു.

**13. നവ വൈദികർക്ക് അനുമോദനം നൽകി**

ഈ വർഷം പൗരോഹിത്യ തിരുപ്പട്ടം സ്വീകരിച്ച 8 നവവൈദികർക്ക് അനുമോദനം നൽകി. പൂർവ്വ വിദ്യാർത്ഥികളായ ഫാ. ജിതിൻ നെല്ലങ്കര, ഫാ. അഭിജിത്ത് പടിഞ്ഞാറെക്കര, ഫാ. നിർമ്മൽ അക്കരപ്പറ്റിയേക്കൽ, ഫാ. മേജൊ മുത്തിപ്പീടിക, ഫാ. സ്റ്റീഫൻ അറയ്ക്കൽ, ഫാ. മിഥുൻ, ഫാ. അഖിൽ പാലക്കാട്, ഫാ ജോഷ്വ എന്നിവർ ചേർന്നുള്ള സമൂഹ ബലിയും അനുമോദന യോഗവും നടത്തി.

**ഡോ. പി. വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ഉദ്ഘാടനം നിർവ്വഹിച്ചു:** കോളേജിലെ പുതിയ അഡ്മിനിസ്ട്രേഷൻ ഓഫീസും സ്പോർട്ട്സ് കോംപ്ലക്സും നവീകരിച്ച എക്സാമിനേഷൻ സെല്ലും, അതിരൂപതാ മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി, അതിരൂപതാ ഫിനാൻസ് ഓഫീസർ ഫാ. വർഗ്ഗീസ് കുത്തൂർ, കോളേജ് സ്ഥാപക സെക്രട്ടറി ഫാ. ആന്റണി തേക്കാനത്ത്, ഫാ. വർഗ്ഗീസ് എടക്കളത്തൂർ, കോളേജിലെ മറ്റു വൈദീകരും സ്റ്റാഫംഗങ്ങളും വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു.
2. **ഇൻസ്പെയർ–20:** കോളേജിലെ ഇന്നോവേഷൻ ഡെവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ IEDC Zonal Meetupനു മുന്നോടിയായി ഇൻസ്പെയർ–20 എന്ന പ്രീകെർസർ ഇവന്റ് നടത്തി. 600–ഓളം വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു.
3. **ഉന്നതവിജയം:** APJ Abdul Kalam Technological Universityയുടെ നാല്, ആറ് സെമസ്റ്റർ പരീക്ഷാഫലം പ്രഖ്യാപിച്ചപ്പോൾ കോളേജിലെ

വിദ്യാർത്ഥികൾ മികച്ച വിജയം നേടി. 90ൽപരം വിദ്യാർത്ഥികൾക്ക് എസ്.ജി.പി.എ. 9 മുകളിൽ ലഭിച്ചു.

4. **റിപ്പബ്ലിക് ദിനാഘോഷം:** കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ റിപ്പബ്ലിക് ദിനത്തിൽ കോളേജിൽ ദേശീയപതാകയുയർത്തി. രാജ്യം നമുക്ക് നൽകുന്ന അവസരങ്ങളും രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി നമ്മൾ ചെയ്യേണ്ട കടമകളേക്കുറിച്ചും നാം ഓർക്കണമെന്ന് ഫാ. ഡേവിഡ് നെറ്റിക്കാടൻ പതാകയുയർത്തിക്കൊണ്ട് എല്ലാവരേയും ഓർമ്മിപ്പിച്ചു.
5. **സ്ത്രീശാക്തീകരണം:** Women Develpment Cellന്റെ നേതൃത്വത്തിൽ "Realisation of Women's Rights in India" എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച അർദ്ധദിനസെമിനാറിൽ അഡ്വ. അനീഷ ഡൊമിനിക് മുഖ്യപ്രഭാഷണം നടത്തി.
6. **റോഡ് സുരക്ഷാമാസാചരണം :** Institute of Engineers Indiaയുടെ നേതൃത്വത്തിൽ റോഡ് സുരക്ഷാമാസം ആചരിച്ചു. വാഹനം ഓടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് Motor Vehicle Inspector ശ്രീ. എം. രമേഷ് വിദ്യാർത്ഥികൾക്ക് അവബോധം നൽകി.
7. **സ്വീകരണം നൽകി:** പുതുതായി കോളേജിൽ ചാർജ്ജെടുത്ത ഫാ. ആൻസൺ നീലങ്കാവിലിനും, ഫാ. ഗ്ലാട്രിൻ വട്ടക്കുഴിക്കും ജ്യോതി കുടുംബം സ്വീകരണം നൽകി.
8. **കാമ്പസ് പ്ലേസ്മെന്റ് :** പഠനം പൂർത്തിയാക്കും മുൻപേ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മുൻനിര കമ്പനികളായ ടി.സി.എസ്., സി.ടി.എസ്., എക്സിപിരിയോൺ തുടങ്ങിയവയിൽ നിന്നും ജോലി വാഗ്ദാനം ലഭിച്ചു. സാങ്കേതിക മേഖലകളിൽ കോളേജിന്റെയും വിദ്യാർത്ഥികളുടേയും മികവിനുള്ള അംഗീകാരമാണിത്.
9. **ധാരണാപത്രം ഒപ്പുവച്ചു:** ലോകത്തിലെ ആദ്യ ആയുർവ്വേദ സെന്ററായ കേരളീയ ആയുർവേദസമാജത്തിന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ സാങ്കേതികവിദ്യ നല്കാൻ ധാരണയായി. ഗുണനിലവാരം ഒട്ടും കുറയാതെ മരുന്നുകൾ നിർമ്മിക്കാൻ ആവശ്യമായ സാങ്കേതിക വിദ്യയാണ് കോളേജിന്റെ നേതൃത്വത്തിൽ സമാജത്തിന് നല്കുന്നത്.

**10. നേട്ടങ്ങൾ:**

- APJ Abdul Kalam Technological University ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളായി കോളേജിലെ നാല് അദ്ധ്യാപകരെ യൂണിവേഴ്സിറ്റി നിയമിച്ചു. ഡോ. ബിജു പി.എൽ (മെക്കാനിക്കൽ), ഡോ. ദീപൻരാജ് ബി. (മെക്കാനിക്കൽ), ഡോ. ജാറിൻ ടി. (ഇലക്ട്രിക്കൽ), ഡോ. അനൂപ് വി. (ഇലക്ട്രോണിക്സ്)

- **സംസ്ഥാന കൃഷിവകുപ്പ് സംഘടിപ്പിച്ച** "വൈഗ അഗ്രി ഹാക്കത്തോൺ 2021" ജൂറി മെമ്പറായി കമ്പ്യൂട്ടർ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി. അശ്വതി വിൽസനെ തിരഞ്ഞെടുത്തു.
- Indian Society for Technical Education ന്റെ Best Student Awardന് നാലാം വർഷ ഇലക്ട്രോണിക്സ് വിദ്യാർത്ഥിനി അശ്വനി നമ്പൂതിരി അർഹയായി.
- മൂന്നാമത് കേരള സംസ്ഥാന പെൻകാക് സിലാക് ചാമ്പ്യൻഷിപ്പിൽ 80–85കിലോഗ്രാം വിഭാഗത്തിൽ മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി സിജോ ജോർജ്ജ് സ്വർണ്ണമെഡൽ കരസ്ഥമാക്കി.
- സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിച്ച "The future of Higher Education in Kerala" എന്ന ചർച്ചയിലേക്ക് നാലാം വർഷ ഇലക്ട്രോണിക്സ് വിദ്യാർത്ഥിനി അശ്വനി നമ്പൂതിരി തെരഞ്ഞെടുക്കപ്പെട്ടു.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

**Santhwanam**
ARCHDIOCESE OF TRICHUR

1. **അതിരൂപതയുടെ വലിയ കുടുംബത്തിന് സാന്ത്വനത്തിന്റെ കൈത്താങ്ങ്**

   അതിരൂപതയിൽ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ കുടുംബത്തിന്റെ നാഥനായ അക്കരപറമ്പൻ സൈമണിന്റെ ആകസ്മിക നിര്യാണത്തിലൂടെ അനാഥമായ കുടുംബത്തിന് മാസം തോറും 10,000 രൂപയുടെ വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ 10 വർഷത്തേക്ക് അതിരൂപതയുടെ സാമൂഹ്യ സേവനവിഭാഗമായ സാന്ത്വനത്തിന്റെ ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഭാഗമായി സാന്ത്വനം മാർക്കറ്റിൽ നിന്നും നല്കുന്നതാണെന്ന് ഡയറക്ടർ ഫാ. ജോയ് മൂക്കൻ അറിയിച്ചു.

2. **വീടുകൾ വെഞ്ചിരിച്ചു**

   തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ പ്രേഷിതത്വ കേന്ദ്രമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമിച്ച 2 ഭവനങ്ങളുടെ ആശീർവ്വാദവും

താക്കോൽദാനവും അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. അരിമ്പൂർ, മറ്റം എന്നീ ഇടവകകളിലാണ് ഓരോ വീടുകൾ നിർമ്മാണം പൂർത്തീകരിച്ച് കുടുംബങ്ങൾക്ക് കൈമാറിയത്. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അരിമ്പൂർ ഇടവക വികാരി ഫാ. പോളി നീലങ്കാവിൽ, അസി. വികാരി ഫാ. ഷിജോ പള്ളിക്കുന്നത്ത്, മനക്കൊടി വിമല മാതാ കോൺവെന്റ് മദർ സുപ്പിരിയർ, മറ്റം ഫൊറോന വികാരി ഫാ. ഫ്രങ്കോ കവലക്കാട്ട് എന്നിവർ സന്നിഹിതരായിരുന്നു.

**3. കാൻസർ ദിനം ആദരിച്ചു**

" I am and I will" എന്ന ഈ വർഷത്തെ ആശയം മുൻനിർത്തി, ആശാകിരണം പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്ന് ലാവൻഡർ ആർമിയുടെ നേതൃത്വത്തിൽ, സെന്റ് ക്ലെയേഴ്സ് C.G.H.S സ്കുളിൽ വെച്ച് കാൻസർ ദിനം ആചരിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ പരിപാടി ഉദ്ഘാടനം ചെയ്തു. ലാവൻഡർ ആർമിയിൽ അംഗങ്ങളായ കുട്ടികൾ കാൻസറിനെ പ്രതിരോധിക്കും എന്ന ആവേശത്തോടെ ലാവൻഡർ ആർമി പ്രതിജ്ഞ ചൊല്ലി. തദവസരത്തിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, ഹെഡ്മിസ്ട്രസ് സി. അനിറ്റക്കു സാന്ത്വനത്തിന്റ ഉപഹാരം നൽകുകയുണ്ടായി. സാന്ത്വനം കോർഡിനേറ്റർ നെൽസൻ, സ്കൂളിലെ ലാവൻഡർ ആർമി ആനിമേറ്റർ സി.രമ്യ എന്നിവർ പങ്കെടുത്തു. മറ്റു സ്കുളുകളിലും ലാവൻഡർ ആർമിയുടെ നേതൃത്വത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് കാൻസർ ദിനം ആചരിച്ചു.

**4. സേവ് എ ഫാമിലി**

സേവ് എ ഫാമിലിയിൽ പുതിയ വിടുകൾ തെരഞ്ഞെടുക്കുന്നതിനു വേണ്ടി മണലൂർ, വരന്തരപ്പിള്ളി പഞ്ചായത്തുകൾ തെരഞ്ഞെടുത്തു. പുതിയതായി കിട്ടിയ പഞ്ചായത്തുകളിൽ സേവ് എ ഫാമിലി മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള കുടുംബങ്ങൾക്കായി ഭവനസന്ദർശനം നടത്തിവരുന്നു. ഈ സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ കുടുംബങ്ങളുടെ വാർഷിക പദ്ധതികൾ, നിർദേശങ്ങൾ എന്നിവ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തു. ഉപകാരികൾക്കുള്ള പുതുവത്സരകത്തുകളും പൂർത്തിയാക്കി അപ്ഡേറ്റ് ചെയ്തു.

**സേവ് എ ഫാമിലി പദ്ധതി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും**

പൊന്നൂക്കര–18000, മുല്ലശ്ശേരി–10000, കല്ലൂർ–8000, ചിറ്റിശ്ശേരി–14000.

**കാലാവധി പൂർത്തിയാക്കി എസ്.ബി എക്കൗണ്ട് അവസാനിപ്പിച്ച ഇടവകകളും സംഖ്യയും**

മുളയം–14780,അടാട്ട്–22155, വലക്കാവ്–7677, വില്ലടം–115322, ചേറൂർ–45628, അരിമ്പൂർ–92234, മനക്കൊടി–63291, എരവിമംഗലം–54451, വെള്ളുത്തുർ–99865, കൂനംമൂച്ചി–90867, നെല്ലിക്കുന്ന്–63090, ഒളരി–21000.

**5. സംഘങ്ങളുടെ മീറ്റിംഗ് സംഘടിപ്പിച്ചു**

അതിരൂപത സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ പുതിയ സ്വയം സഹായ സംഘങ്ങൾ(SHG) രൂപീകരിച്ചു. എരനെല്ലൂർ കേന്ദ്രികരിച്ചാണ് മേരി റാണി, തേജസ്, ലിറ്റിൽ ഫ്ളവർ എന്നീ പുതിയ സംഘങ്ങൾ രൂപികരിച്ചത്. കോർഡിനേറ്റർ ബീന വർഗീസ് ആനിമേറ്റർ ജോയ്സി എന്നിവരുടെ നേതൃത്വത്തിൽ സ്വയം സഹായ സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സംഘങ്ങളിൽ ഉണ്ടായിരിക്കേണ്ട രേഖകളെക്കുറിച്ചും വിശദീകരിച്ചു കൊടുത്തു.

സ്വയം സഹായ സംഘങ്ങൾക്കു വായ്പകൾ നൽകുന്നതിന്റെ ഭാഗമായി സംഘങ്ങളിൽ ഗ്രേഡിങ്ങു നടന്നു വരുന്നു. ചേലക്കര, കുറുമാൽ, കിള്ളിമംഗലം, പുറനാട്ടുക്കര, ആമ്പക്കാട്, പറപ്പൂർ, പെരിഞ്ചേരി, മുക്കാട്ടുക്കര, അരണാട്ടുക്കര, പനമുക്ക്, കാച്ചേരി എന്നി യുണിറ്റുകളിലാണ് ഗ്രേഡിങ്ങു നടന്നത്.

**6. ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും**

വലക്കാവ്–30000, പുലാക്കോഡ് (ചേലക്കര) –10000, വെങ്ങാലൂർ(ചേലക്കര)–15000, എറവ്–20000, പഴയന്നൂർ–23000, ഒല്ലൂർ –25000, അരണാട്ടുക്കര–5000, അരിമ്പൂർ–20000, തൈക്കാട്ടുശ്ശേരി–13000.

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി. ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

കേന്ദ്ര, കേരള ഗവണമെന്റിൽ നിന്ന് ന്യൂനപക്ഷങ്ങൾക്കായി അവകാശപ്പെട്ട സ്കോളർഷിപ്പുകൾ, ക്ഷേമ പദ്ധതികൾ, മറ്റ് ആനുകൂല്യങ്ങൾ ദൈവജനത്തെ അറിയിച്ച് നേടികൊടുക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപതയിൽ ആരംഭിച്ചിരിക്കുന്ന ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 20 ഇടവകകളിൽ നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടുതൽ ഇടവകകളിലേക്ക് വ്യാപിപ്പിക്കാനായി ആഗ്രഹിക്കുന്നു. ആയതുകൊണ്ട് ഇടവകകളിൽ ഇടവക ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാനായി ആഗ്രഹിക്കുന്ന ഇടവകകൾ ഈ ദിവസങ്ങളിൽ തന്നെ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടുക.

**അതിരൂപത ഫെസിലിറ്റേഷൻ സെന്ററിൽ നിന്ന് പരിചയപ്പെടുത്തുന്ന പ്രോജക്റ്റുകളാണ് താഴെ കൊടുത്തിരിക്കുന്നത്. മുൻ മാസങ്ങളിൽ പരിചയപ്പെടുത്തിയതിന്റെ തുടർച്ചയാണിത്.**

**പ്രോജക്ട്റ്റ് 8**

**പടവുകൾ**

വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം ൻകുന്ന പദ്ധതിയാണിത്.

കൂടുതൽ വിവരങ്ങൾക്ക്

https://www.afctcr.com/#/plan?id_=ifutlrxUpC

**പ്രോജക്ട്റ്റ് 9**

**നവജീവൻ പദ്ധതി**

സംസ്ഥാനത്തെ 50 നും 65 നും ഇടയിലുള്ള മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് നവജീവൻ പദ്ധതി.

കൂടുതൽ വിവരങ്ങൾക്ക്

https://www.afctcr.com/#/plan?id_=Q6llFqwaEL

**പ്രോജക്ട്റ്റ് 11**
**നിരാമയ ഇൻഷുറൻസ് പദ്ധതി**
നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റി തുടങ്ങിയവയുള്ള ഭിന്നഷേഷിക്കാർക്കായി നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക്
https://www.afctcr.com/#/plan?id_=ySUrVlU1Wt


കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
അതിരൂപത ഫെസിലിറ്റേഷൻ സെന്റർ
ഫാമിലി അപ്പസ്റ്റോലേറ്റ് സെന്റർ
കിഴക്കുംപാട്ടുകര, തൃശ്ശൂർ
ഫോൺ: 7902713325.7909293325
Email: info@afctcr.com
Web: https:/www.afctcr.com/

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ


# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**വാർഷിക ധ്യാനം**
**മാർച്ച് 24 ബുധൻ മുതൽ 28 ഞായർ**

നോമ്പുകാലത്തെ ഇടവകകളിൽ നടത്താറുള്ള വാർഷിക ധ്യാനം കോവിഡ് പശ്ചാത്തലത്തിൽ ഇടവകകളിൽ ധ്യാനം നടത്താൻ സാധിക്കാത്തതുകൊണ്ട് അതിരൂപത മുഴുവൻ കുടുംബങ്ങൾക്കു വേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം ഒരുക്കുന്നു. ബഹുമാനപ്പെട്ട ഡൊമിനിക് വാളമനാൽ അച്ചൻ ആമ്പല്ലൂരിലുള്ള സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ വച്ച് വാർഷിക ധ്യാനം നയിക്കുന്നതായിരിക്കും. ഈ ധ്യാനം മീഡിയ കത്തോലിക്കാ, ഷെക്കെയ്ന തുടങ്ങിയ ചാനലിലൂടെ നമുക്ക് ലഭ്യമായിരിക്കും. ധ്യാന ദിവസങ്ങൾ മാർച്ച് 24 ബുധൻ മുതൽ 28 ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളായിരിക്കും. ധ്യാന ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 5 മണിക്ക് ജപ

മാലയോടും വിശുദ്ധ കുർബാനയോടും കൂടെ ആരംഭിച്ച് 9.30 ന് സമാപിക്കുന്നതാണ്. ഈ വിവരം ദൈവജനത്തെ അറിയിച്ച് എല്ലാ കുടുംബങ്ങളേയും വാർഷിക ധ്യാനത്തിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കണം. ഇടവക ദൈവാലയം, ഹാളുകൾ, സ്കൂളുകൾ, സെന്ററുകൾ എന്നിവിടങ്ങളിൽ എൽ.ഇ.ഡി വാളുകൾ, സ്ക്രീനുകൾ എന്നിവ വഴി കോവിഡ് മാനദണ്ഡം അനുസരിച്ച് ആളുകൾക്ക് പങ്കെടുക്കാനുള്ള സൗകര്യം ഒരുക്കികൊടുക്കുന്നത് നല്ലതായിരിക്കും. ധ്യാനത്തിനായി ഏകദേശം അഞ്ചുലക്ഷം രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ധ്യാന ദിവസങ്ങളിൽ സ്ത്രോത്രകാഴ്ച സമയത്ത് വിവിധ സെന്ററുകളിൽ സ്ത്രോത്രകാഴ്ച എടുക്കുകയും ഇടവകയുടെ ചിലവുകൾ കഴിച്ച് ബാക്കിയുള്ള തുക ഫാമിലി അപ്പസ്റ്റോലേറ്റിൽ ഏൽപിക്കുന്നത് വളരെ ഉപകാരപ്രദമായിരിക്കും.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി.ഡയറക്ടർ

**ഫാ.ജിന്റോ ചൂണ്ടൽ**
അസി.ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**കുടുംബകൂട്ടായ്മ സുവർണ ജൂബിലി ഉദ്ഘാടനം**

**2021 മാർച്ച് 14 ഞായർ 3 pm**

കുടുംബകൂട്ടായ്മ നമ്മുടെ അതിരൂപതയിൽ സ്ഥാപിതമായി 50 വർഷം തികയുകയാണല്ലോ, ആയതിന്റെ ജൂബിലി വർഷ ഉദ്ഘാടനം മാർച്ച് 14 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരിതെളിയിച്ച് ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഈ ഉദ്ഘാടന വേളയിലേക്ക് ഇടവകയിലെ കേന്ദ്രസമിതി കൺവീനർമാരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പ് വിജയികളെ ആദരിക്കൽ**

**2021 മാർച്ച് 14 ഞായർ 3 pm**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഈ കഴിഞ്ഞ ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയിച്ച കുടും

ബകൂട്ടായ്മ ഭാരവാഹികളെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2021 മാർച്ച് 14–ാം തിയ്യതി ഞായറാഴ്ച്ച 3 മണിക്കുള്ള പരിപാടിയിൽ വച്ച് ആദരിക്കുന്നതായിരിക്കും. കക്ഷി രാഷ്ട്രീയ ഭേദമെന്യേ വിജയിച്ച എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ത്രിതല പഞ്ചായത്ത് മത്സരത്തിൽ വിജയിച്ച കുടുംബകൂട്ടായ്മ ഭാരവാഹികളെ സമ്മാനങ്ങൾ നൽകി ആദരിക്കുന്നതായിരിക്കും. വിജയിച്ച എല്ലാവരും മറക്കാതെ വരുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീ. പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ശ്രീ. ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

## മാതൃവേദി

### പ്രാർത്ഥനാദിനം

**മാർച്ച് 16 ചൊവ്വ (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതാ തല പ്രാർത്ഥനാദിനമാണ് മാർച്ച് 16–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി. കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

### കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും

**മാർച്ച് 16 ചൊവ്വ (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഇനി മുതൽ ഫൊറോന അടിസ്ഥാനത്തിൽ ആയിരിക്കുകയില്ല. അമ്മമാരുടെ സൗകര്യമനുസരിച്ച് മാതൃവേദിയിലെ ഏത് അംഗത്തിനും കൊണ്ടുവരാവുന്നതാണ്.

**വിവിധ പെൻഷൻ പദ്ധതികളെ പരിചയപ്പെടുത്തൽ**

**മാർച്ച് 16 ചൊവ്വ (12.00 pm – 12.30 pm)**

കേന്ദ്ര, കേരള ഗവണമെന്റിൽ നിന്ന് ന്യൂനപക്ഷങ്ങൾക്കായി അവകാശപ്പെട്ട സ്കോളർഷിപ്പുകൾ, ക്ഷേമ പദ്ധതികൾ, മറ്റ് ആനുകൂല്യങ്ങൾ ദൈവജനത്തെ അറിയിച്ച് നേടികൊടുക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപതയിൽ ആരംഭിച്ചിരിക്കുന്ന ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പരിചയപ്പെടുത്തുകയും വിവിധ പെൻഷനുകളെ പരിചയപ്പെടുത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. ഈ സെമിനാറിലേക്ക് അമ്മമാരെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

## പിതൃവേദി

**പിതൃവേദി ഇടവകകളിൽ ആരംഭിക്കുക**

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ ഈ വർഷത്തെ കർമ്മ പരിപാടികളിൽ പ്രധാനപ്പെട്ട ഒന്നാണ് യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള പിതൃവേദി എല്ലാ ഇടവകകളിലും ആരംഭിക്കുക എന്നത്. പിതൃവേദി ഇല്ലാത്ത നമ്മുടെ എല്ലാ ഇടവകകളിലും പിതൃവേദി ആരംഭിക്കാൻ ശ്രമിക്കുമല്ലോ. പിതൃവേദി നിയമാവലി ഫാമിലി അപ്പൊസ്റ്റോലേറ്റിൽ നിന്ന് ലഭിക്കുന്നതായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡണ്ട്

# കത്തോലിക്ക കോൺഗ്രസ്സ്

**1. വാർഷിക കർമ്മരേഖ പ്രകാശനം**

2021 വാർഷിക കർമ്മരേഖയുടെ പ്രകാശനകർമ്മം അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. അതിരൂപത വർക്കിങ് കമ്മിറ്റി അംഗങ്ങൾ, യൂണിറ്റ് പ്രസിഡന്റ്, കൗൺസിലർമാർ എന്നിവർ സന്നിഹിതരായിരുന്നു. അതിരൂപത സമിതി നേതൃത്വം നൽകി.

**2. കെ.സി.വൈ.എം അതിരൂപത ഡയറക്ടർക്ക് സ്വീകരണം**

കെസിവൈഎം യുവജന പ്രസ്ഥാനത്തിന്റെ പുതിയ ഡയറക്ടറായി ചുമതല ഏറ്റെടുത്തിരിക്കുന്ന ഫാ. ലിൻസൺ തട്ടിലിന് അതിരൂപത കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അനുമോദനവും സ്വീകരണവും നൽകി.

**3. എരുമപ്പെട്ടി ഇടവക യൂണിറ്റിന് അഭിനന്ദനങ്ങൾ**

വേറിട്ട രീതിയിലൂടെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നെൽകൃഷിയുടെ മാതൃകപരമായ പ്രവർത്തനം കാഴ്ച്ചവെച്ച എരുമപ്പെട്ടി ഇടവക കത്തോലിക്ക കോൺഗ്രസ്സ് യൂണിറ്റിന് അതിരൂപത സമിതിയുടെ അഭിനന്ദനങ്ങൾ നേർന്നു.

**4. മുൻകാല നേതൃഅനുസ്മരണം**

മുൻകാല അത്മായ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയ മോൺ.തോമസ് തലച്ചിറയച്ചനേയും, ബഹു. പോൾ നെല്ലിശ്ശേരിയച്ചനേയും അതിരൂപത സമിതിയുടെ നേതൃത്വത്തിൽ അനുസ്മരിച്ചു.

**5. ഇന്ധനവില, എൽ.പി.ജി വില വർദ്ധനയിൽ പ്രതിഷേധം**

വർദ്ധിച്ചുവരുന്ന പെട്രോൾ, ഡീസൽ, എൽ.പി.ജി വിലവർദ്ധനയിൽ അതിരൂപത സമിതി ആശങ്ക രേഖപ്പെടുത്തി. വിലവർദ്ധന

യിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ഉടനടി അടിയന്തിര പ്രാധാന്യത്തോടെ ഇടപെടണമെന്ന് കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത സമിതി ആവശ്യപ്പെട്ടു.

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

# KCYM

**1. ആശംസകൾ**
ആഗ്ര അതിരൂപതയുടെ പുതിയ ആർച്ചുബിഷപ്പായി സ്ഥാനമേറ്റ റാഫി മഞ്ഞളി പിതാവിന് കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സമിതി പ്രാർത്ഥനാനിർഭരമായ ആശംസകൾ നേർന്നു.

**2. കെ.സി.വൈ.എം യുവജനങ്ങളുടെ ശക്തിയും ചൈതന്യവും**
തിന്മയുടെ ശക്തികൾ ഈ സാഹചര്യത്തിൽ സഭയ്ക്ക് അകത്തായാലും പുറത്തായാലും പ്രത്യേകിച്ച് യുവജനങ്ങളെ സ്വാധീനിക്കുന്ന ഇക്കാലയളവിൽ ഏതു പൈശാചിക ശക്തികളെയും തകർത്തെറിയാൻ യുവജനശുശ്രൂഷകൊണ്ട് കെ.സി.വൈ.എം ന് സാധിക്കുമെന്ന് തൃശ്ശൂർ അതിരൂപതാ അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. അതിരൂപതാ പാസ്റ്ററൽ സെന്ററിലെ നവീകരിച്ച കെ.സി.വൈ.എം.ഓഫീസി ആശീർവദിച്ച് സംസാരിക്കുകയായിരുന്നു പിതാവ്. ഓഫീസിന്റെ ആശീർവാദത്തോടൊപ്പം 2019–2021 കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ ചേർത്തുവച്ചുകൊണ്ട് പുറത്തിറക്കുന്ന സ്മരണിക “പ്രഭവം പ്രഭാവം” അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.
അതിരൂപത പ്രസിഡണ്ട് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, ഡയറക്ടർ ഫാ.ഡിറ്റോ കൂള ആമുഖ പ്രഭാഷണം നടത്തി. യോഗത്തിൽ അതിരൂപത സെക്രട്ടറി സാജൻ ജോയ് സ്വാഗതവും, ട്രഷറർ അഖിൽ ജോസ് നന്ദിയും പറഞ്ഞു.

**3. "പ്രഭവം പ്രഭാവം" കെ.സി.വൈ.എം അതിരൂപതാ സോവനീയർ**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത 2019–2021 വർഷത്തെ പ്രവർത്തനങ്ങൾ ചേർത്തുവച്ചുകൊണ്ട് പ്രസിദ്ധീകരിച്ച "പ്രഭവം പ്രഭാവം" സോവനീയനറിന്റെ ഫൊറോനതല വിതരണം ഫൊറോന ഭാരവാഹികളുടെ മഹനീയ സാന്നിദ്ധ്യത്തിൽ ലൂർദ്ദ് ഫൊറോന വികാരി റവ.ഫാ.ജോസ് ചാലക്കലിനും ഫൊറോന പ്രസിഡന്റ് ഷാരോൺ സൈമൺ എന്നിവർക്ക് നൽകി അതിരൂപതാ ഡയറക്ടർ ഫാ. ലിൻസൺ തട്ടിലും തൃശ്ശൂർ അതിരൂപ കെ.സി.വൈ.എം ജനറൽ സെക്രട്ടറി സാജൻ മുണ്ടൂരും ചേർന്ന് വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. ലൂർദ്ദ് ഫൊറോന അസി. വികാരിമാരായ ഫാ. ബിനോയ് വാഴപ്പിള്ളി, ഫാ. സന്തോഷ് അന്തിക്കാട് എന്നിവർ സന്നിഹിതരായിരുന്നു. സോവനീയറിന് വേണ്ടി പ്രയത്നിച്ച എല്ലാ ഫൊറോനാ, യൂണിറ്റ് ഭാരവാഹികൾക്കും കെ.സി.വൈ.എം തൃശ്ശൂർ അതിരൂപതയുടെ നന്ദിയും കൃതജ്ഞതയും സംസ്ഥാന സെനറ്റ് മെമ്പർ ശരത്ത് ജോസഫ് അറിയിച്ചു.

**4. പിൻവാതിൽ നിയമനം പ്രതിഷേധ മർച്ചും ധർണ്ണയും**

പി.എസ്.സി യെ മറികടന്ന്കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ പിൻവാതിൽ നിയമനത്തിന് എതിരെ കെ.സി.വൈ.എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംഘടിപ്പിച്ച പ്രതിഷേധ റാലി പാസ്റ്ററൽ സെന്ററിൽനിന്നും ആരംഭിച്ച് കോർപ്പറേഷൻ ഓഫീസിൽ സമാപിച്ചു.

പതിനായിരക്കണക്കിന് അഭ്യസ്ത വിദ്യർ പി.എസ്.സി യുടെ പരീക്ഷയെഴുതി ജോലിക്ക് കാത്തിരിക്കുന്നത് അവഗണിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റും പത്തുവർഷം താൽക്കാലികമായി ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തിയത് അംഗീകരിക്കാൻ കഴിയില്ലെന്ന് അതിരൂപതാ ഡയറക്ടർ ഫാ.ലിൻസൻ തട്ടിൽ പറഞ്ഞു. പിൻവാതിൽ നിയമനവും സ്ഥിരപ്പെടുത്തലും യുവതലമുറയോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണെന്നും മെറിറ്റും സാമൂഹിക നീതിയും എന്ന മാനദണ്ഡത്തോടെ എല്ലാ തൊഴിലുകളും നൽകുവെന്നു പറയാനുള്ള ആർജ്ജവം ഭരണകൂടങ്ങൾ കാണിക്കണമെന്നും ഉദ്ഘാടനവേളയിൽ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. ബിജു കുണ്ടുകുളം ആവശ്യപ്പെട്ടു. മുഖ്യപ്രഭാഷണം മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ നിർവ്വഹിച്ചു.

**5. ഹ്രസ്വചിത്രം പോസ്റ്റർ പ്രകാശനം**

കെ.സി.വൈ.എം തൃശ്ശൂർ അതിരൂപത പുറത്തിറക്കുന്ന ഹ്രസ്വചിത്രം **"വെളിപാട്"** ന്റെ പോസ്റ്റർ പ്രകാശനം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു. മുല്ലശ്ശേരി ഇടവകയിൽ നടന്ന പ്രകാശന കർമ്മത്തിൽ

അതിരൂപതാ പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ.ഡിറ്റോ കൂള അനുഗ്രഹ പ്രഭാഷണം നടത്തി.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോസ്**
പ്രസിഡന്റ്

**സാജൻ ജോയ്**
സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി



**1. നന്ദി – സ്വാഗതം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയറക്ടറായി രണ്ട് വർഷത്തോളം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ജസ്റ്റിൻ പൂഴിക്കുന്നേൽ അച്ചന് തിരുബാലസഖ്യത്തിന്റെയും ജൂനിയർ സി.എൽ.സിയുടേയും അൾത്താരസംഘത്തിന്റെയും ഹൃദ്യമായ നന്ദിയും, ചിൽഡ്രൻസ് മിനിസ്ട്രിയുടെ പുതിയ ഡയറക്ടറായി നിയമിതനായ സിജോ മുരിങ്ങാത്തേരി അച്ചന് ഹൃദ്യമായ സ്വാഗതവും നേർന്നുകൊള്ളുന്നു.

**2. കലാ – സാഹിത്യമത്സരങ്ങളുടെ സമ്മാനദാനം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഈ വർഷം നടത്തിയ കലാ സാഹിത്യമത്സരങ്ങളുടെ സമ്മാനവിതരണം കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് വികാരിയച്ചന്റെ നേതൃത്വത്തിൽ അതാത് ഇടവകകളിൽ തന്നെ നടത്തുവാൻ തീരുമാനിച്ചു. നേരത്തെ അറിയിച്ചിരുന്നതുപോലെ ഇടവകയിലെ ഉത്തരവാദിത്തപ്പെട്ടവർ സമ്മാനങ്ങൾ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് വിതരണത്തിനായി കൊണ്ടുപോകേണ്ടതാണ്. സമ്മാനങ്ങൾ ഇനിയും കൊണ്ടുപോകാത്ത യൂണിറ്റുകൾ എത്രയും വേഗം അത് കൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. യൂണിറ്റ് രജിസ്ട്രേഷൻ 2021**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ യൂണിറ്റ് രജിസ്ട്രേഷൻ 2021 ആരംഭിച്ചിരിക്കുന്നു.

എല്ലാ യൂണിറ്റുകളും അതാതു സംഘടനകളുടെ പേരും ക്ലാസ്സും എഴുതിയ ലിസ്റ്റ് കൊണ്ടുവന്ന് എത്രയും വേഗം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ പുതുക്കുകയും രജിസ്ട്രേഷൻ ഫോം കൈപറ്റുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

**4. ആദ്യ കുർബ്ബാന സ്വീകരണം**

ആദ്യ കുർബ്ബാന സ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 13 –ാം തിയ്യതി ശനിയാഴ്ച്ച അതിരൂപതാമതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.00 മണിവരെ. താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ: 0487 2325336, 9947582522

**5. ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2021**

ആനിമേറ്റേഴ്സിനുള്ള ഫോർമേഷൻ ക്യാമ്പ് മാർച്ച് 27ന് രാവിലെ 9 ന് ആരംഭിച്ച് വൈകിട്ട് 4 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 100/ രൂപ.

**6. പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

**തിരുവചനം**

''അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്തു ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകപ്പെടും.'' (മത്തായി 21:43)

**സുകൃതജപം**

കർത്താവേ, മറ്റുള്ളവരിൽ അങ്ങയെ ദർശിക്കുവാൻ കൃപ നൽകണമേ

**പ്രാർത്ഥനാനിയോഗം**

രോഗികളായി കഴിയുന്ന എല്ലാ മക്കളെയും സമർപ്പിച്ച് പ്രാർത്ഥിക്കാം. കർത്താവിന്റെ സഹനത്തിൽ പങ്കുചേർന്നുകൊണ്ട് കർത്താവിനോടുകൂടെ സഹിക്കുവാനുള്ള കൃപാവരത്തിനായി പ്രാർത്ഥിക്കാം.

**പ്രവർത്തിക്കാൻ**

ഈ വലിയ നോമ്പാചരണത്തിൽ പ്രാർത്ഥനയുടേയും, അനുതാപത്തിന്റെയും, ഉപവാസത്തിന്റെയും അരൂപിയിലായിരിക്കുവാൻ ശ്രമിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ**

മാർച്ച് 19 ന് വി. യൗസേപിതാവിന്റെ മരണതിരുനാളായി സഭ കൊണ്ടാടുകയാണല്ലോ. വി. യൗസേപിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിൽ ഈശോമിശിഹായുടെ വളർത്തുപിതാവും, പരിശുദ്ധ കന്യക മറിയത്തിന്റെ വിരക്തഭർത്താവും, തിരുകുടുംബത്തിന്റെ തലവനും, ഈശോസ്ഥാപിച്ച സ്വർഗ്ഗീയ തിരുസഭയുടെ മധ്യ

സ്ഥനും പരിപാലകനും, എല്ലാറ്റിനും ഉപരിയായി നൽമരണ മദ്ധ്യസ്ഥനുമായ വി. യൗസേപിതാവിന്റെ മാധ്യസ്ഥ്യം തേടി നമുക്ക് പ്രാർത്ഥിക്കാം.

**സി. ബീന റോസ് എസ്.എസ്.പി.സി.** — കോഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി** — ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. രാഷ്ട്രപിതാവിന് പ്രണാമാഞ്ജലി**

ലോകം കണ്ട ഏറ്റവും വലിയ മദ്യനിരോധനവാദിയാണല്ലോ മഹാത്മാ ഗാന്ധി. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വ വാർഷികമായ ജനുവരി 30 ന് സമിതി ഓഫീസിൽ പ്രത്യേക സമ്മേളനം കൂടി. ഡയറക്ടറച്ചൻ ഗാന്ധിജിയുടെ മദ്യവിരുദ്ധ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് പ്രസംഗിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി വൈസ് പ്രസിഡന്റ് റവ. സി. ലിസ്സി, ജോസ് വടക്കേത്തല, ജോൺസൺ കുന്നംപിള്ളി തുടങ്ങിയവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി.

അതിരൂപതാ മദ്യവിരുദ്ധ സമിതിയുടെ മുൻഭാരവാഹിയായ ശ്രീ. ഇ. എ. ജോസഫ് മദ്യനിരോധനം, മതേതരത്വം എന്നീ ആശയങ്ങൾ ഉയർത്തിപ്പിടിച്ച് ഇത്തവണ 84 മണിക്കൂർ ഉപവസിച്ചു. ബഹു. ഡയറക്ടറച്ചനാണ് പരിപാടി ഉദ്ഘാടനം ചെയ്തത്.

ജനുവരി 30 ന് വൈകീട്ട് കോർപ്പറേഷനു മുന്നിൽ ജനകീയ മുന്നണി സംഘടിപ്പിച്ച പൊതുയോഗത്തിൽ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷകനായിരുന്നു. സ്വാമി പുരുഷോത്തമാനന്ദ സരസ്വതി ഉദ്ഘാടനം ചെയ്ത പ്രസ്തുത സമ്മേളനത്തിൽ ജോസ് വടക്കേത്തല, ജോൺസൺ കുന്നംപിള്ളി എന്നിവരും പങ്കെടുക്കുകയുണ്ടായി.

കേരള പ്രദേശ് ഗാന്ധിദർശൻ വേദി ഫെബ്രുവരി 6 ന് നടുവിലാൽ ജംഗ്ഷനിൽ വൈകീട്ട് സംഘടിപ്പിച്ച പൊതുയോഗത്തിൽ ഡയറക്ടറച്ചൻ ഗാന്ധിയൻ പ്രഭാഷണം നടത്തി. ശ്രീ. കെ. വേണു ഉദ്ഘാ

ടനം ചെയ്ത ഈ സമ്മേളനത്തിലെ പ്രസക്ത പ്രതിപാദ്യം മതേതര കേരളത്തിന്റെ ഭാവി എന്നതായിരുന്നു. കേരളത്തിന്റെ സാമുദായിക സുസ്ഥിതിക്ക് മുഖ്യനിദാനം ഗാന്ധിയൻ മതേതരത്വം പുലരുന്നതാണെന്ന് യോഗം വിലയിരുത്തി.

**2. സുവനീർ കമ്മിറ്റി**

മദ്യവിരുദ്ധ സമിതിയുടെ ഓഫീസിൽ ചേർന്ന സ്മരണിക കമ്മിറ്റിയുടെ തീരുമാനങ്ങൾ :

1. ഈ വർഷത്തെ സ്മരണികയുടെ പേര് 'ജാഗ്രത' എന്നായിരിക്കും.
2. സ്മരണികയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുക.
3. ഫെബ്രുവരി 28–ാം തീയതി ഞായറാഴ്ച ജനറൽ ബോഡിയിൽ 'ജാഗ്രത'യുടെ പ്രകാശനം നിർവ്വഹിക്കുക
4. അനുയോജ്യരായ അതിഥികളെ ക്ഷണിക്കുക.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ







സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷൻ **മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ** പിതാവിന്റെ
മൃതസംസ്ക്കാര ശുശ്രൂഷ (അരണാട്ടുക്കര - 19.02.2021)

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.02.2021
March - 2021



തൃശൂർ
അതിരൂപതയുടെ
**ആദരാഞ്ജലികൾ**

**മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ**

ജനനം : 19.03.1930
തിരുപ്പട്ടം : 17.05.1960
മെത്രാഭിഷേകം : 22.02.1987
മരണം : 17.02.2021

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor